32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

January 12, 2024 | Vol. XXXII No. 02 | Periodicals Postage Paid

**we will ensure they are never lonely.**

At Athulya, we understand the importance of providing your elders with the highest level of care and attention, even when you're not around. Our aim is to offer an environment of unmatched comfort, heartfelt care, and a lively community that reignites their enthusiasm for life. Encourage your elders to welcome their golden years with Athulya, where each day is a joyful celebration of life well-lived.

25000+ seniors served

1000+ senior friendly rooms

750+ trained staff

5 cities, 9 locations

Luxurious Assisted Living Facilities Now in Kakkanad, Kochi!



ATHULYA SENIOR CARE. WHERE COMPASSION MEETS CARE.

**98849 45900 | athulyaseniorcare.com**

BENGALURU | CHENNAI | COIMBATORE | HYDERABAD | KOCHI | AND GROWING!

Athulya Senior Care



മെത്രാഭിഷേക രജതജൂബിലിയോടനുബന്ധിച്ച് മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത ജൂബിലി തിരി തെളിക്കുന്നു. (ഇടത്തുനിന്നും) മാർ ജോസഫ് സ്രാമ്പിക്കൽ, ബിഷപ് ജോസ് കല്ലുവേലിൽ, ഗീവർഗീസ് മാർ അപ്രേം, ബിഷപ് സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ, മാർ ജോസഫ് പെരുന്തോട്ടം, ബിഷപ് സിൽവിസ്റ്റർ പൊന്നുമുത്തൻ, ബിഷപ് ജോസ് ചിറ്റൂപ്പറമ്പിൽ, മാർ അപ്രേം നരികുലം, ബിഷപ് ജെയിംസ് അത്തിക്കളം, ബിഷപ് വർഗീസ് ചക്കാലയ്ക്കൽ, ആബട്ട് ജനറാൾ ജുസേപ്പേ കസേത്ത ഒ.എസ്.ബി, കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ചുബിഷപ് സേവേറിയോസ് കുര്യാക്കോസ്, മാർ ജോസ് പുളിക്കൽ, മാർ കുര്യൻ വയലുങ്കൽ, മാർ മാത്യു അറയ്ക്കൽ എന്നിവർ സമീപം.

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** ATLANTA : 404 633 4200 CHICAGO: 312 757 4700

**EXPERIENCE PERSONAL ATTENTION RESULTS**

Millions recovered for our clients each year!


Salu K. Kunnatha


Reena Emmanuel


Joshua Opdycke

No legal fees until we collect compensation for you

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

**ATLANTA**
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com


# 50th Wedding Anniversary

JANUARY 17th, 2024



Congratulations
&
Best Wishes
From
Family & Friends



# JAMES & ANNAKUTTY

## CHETTIATH

32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 സൗരദൗത്യത്തിലും വിജയിച്ച് ഇന്ത്യ
8 കേരളത്തിനു വികസന വാഗ്ദാനവുമായി പ്രധാനമന്ത്രി
11 കോൺഗ്രസ് അമേരിക്കയിലും ഒറ്റക്കെട്ട്
12 ഡോ. ആനി പോൾ വൈസ് ചെയർ
22 ഡബ്ല്യുഎംസിയുടെ ക്രിസ്മസ് ന്യൂഇയർ സമ്മാനം

## കെ.പി.സി.സി പ്രസിഡണ്ട് കെ. സുധാകരൻ എം.പി കേരളാ എക്സ്പ്രസ്സിൽ




കേരളാ എക്സ്പ്രസ്സിന്റെ 32–ാമത് ജന്മദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത കെപിസിസി പ്രസിഡണ്ട് കെ. സുധാകരൻ എം.പി ചീഫ് എഡിറ്റർ കെ.എം. ഈപ്പന് മധുരം നല്കുന്നു. എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി, മാനേജിംഗ് എഡിറ്റർമാരായ ഡോ. ടൈറ്റസ് ഈപ്പൻ, അനീഷ് ഈപ്പൻ, സ്മിത സുധാകരൻ, ഒഐസിസി ചെയർമാൻ ജെയിംസ് കൂടൽ, കുര്യൻ ഫിലിപ്പ്, ബെൻ അനീഷ്, തോമസ് വർഗീസ് എന്നിവരാണ് സമീപം. ഫോട്ടോ: മോനു വർഗീസ്

## മാലദ്വീപിനെതിരെ നിലപാട് കടുപ്പിച്ച് ഇന്ത്യ

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരായ പരാമർശത്തിൽ നാലപാട് കടുപ്പിച്ച് ഇന്ത്യ. മാലദ്വീപ് ഹൈക്കമ്മീഷണർ ഇബ്രാഹിം ഷഹീബിനെ ഇന്ത്യ വിളിച്ചുവരുത്തി. പ്രധാനമന്ത്രിക്കെതിരായ അപകീർത്തികരമായ പരാമർശങ്ങൾ വിവാദമായതോടെ മൂന്ന് മന്ത്രിമാരെ മാലദ്വീപ് സർക്കാർ സസ്പെൻഡ് ചെയ്തിരുന്നു. ഇതിനു പിന്നാലെയാണ് ഹൈക്കമ്മീഷണറെ വിദേശകാര്യമന്ത്രാലയം ജനുവരി എട്ടിന് രാവിലെ വിളിച്ചുവരുത്തിയത്. ടൂറിസം പ്രോത്സാഹിപ്പിക്കാൻ പ്രധാനമന്ത്രി പങ്കുവെച്ച സമൂഹമാധ്യമ പോസ്റ്റിനെതിരെ മാലദ്വീപിലെ ഡെപ്യൂട്ടി മന്ത്രിമാരായ മറിയം ഷിയുന, മൽഷ ഷരീഫ്, അബ്ദുല്ല മഹ്സും മജീദ് എന്നിവർ നടത്തിയ പരാമർശങ്ങളിൽ ഇന്ത്യ ശക്തമായ പ്രതിഷേധം അറിയിച്ചിരുന്നു. മന്ത്രിമാരുടേത് വ്യക്തിപരമായ അഭിപ്രായപ്രകടനങ്ങളായിരുന്നുവെന്നും ഔദ്യോഗിക നിലപാടല്ലെന്നും വിശദീകരിച്ച ശേഷമാണ് മാലദ്വീപ് സർക്കാർ മൂന്നു പേർക്കെതിരെയും നടപടിയെടുത്തത്.

(ശേഷം 24–ാം പേജിൽ)

## ബിൽക്കീസ് ബാനോ കേസ്: ഗുജറാത്ത് സർക്കാരിന് തിരിച്ചടി



ന്യൂഡൽഹി: ബിൽക്കീസ് ബാനോ കേസിൽ ശിക്ഷിക്കപ്പെട്ട പ്രതികളെ ഗുജറാത്ത് സർക്കാർ ജയിലിൽ നിന്നും വിട്ടയച്ചത് സുപ്രീം കോടതി റദ്ദാക്കി. ജസ്റ്റിസുമാരായ ബി.വി. നാഗരത്ന, ഉജ്ജൽ ഭൂയാൻ എന്നിവരടങ്ങിയ ബെഞ്ചാണ് വിധി പറഞ്ഞത്. 2002-ലെ ഗുജറാത്ത് കലാപത്തിനിടെ ബിൽക്കീസ് ബാനോയെ സംഘംചേർന്നു പീഡിപ്പിക്കുകയും ഏഴ് കുടുംബാംഗങ്ങളെ കൊല്ലുകയും ചെയ്ത കേസിൽ 11 പ്രതികൾ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ടിരുന്നു. 2022-ൽ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഇവരെ മോചിപ്പിച്ചതിനെതിരെ ബിൽക്കീസ് ബാനോയും സുഭാഷിണി അലിയും മഹുവ മൊയ്ത്രയും നല്കിയ ഹർജികളിലാണ് 11 പ്രതികളെയും വിട്ടയച്ച വിധി സുപ്രീം കോടതി റദ്ദാക്കിയത്. യുവതി ക്രൂരമായി പീഡിപ്പിക്കപ്പെട്ടത് ഗുജറാത്തിൽ വെച്ചാണ്. (ശേഷം 24–ാം പേജിൽ)




## ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള മുച്ചക്ര വാഹനവും വീൽച്ചെയറും നല്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം






പീറ്റർ കുളങ്ങരയുടെ നേതൃത്വത്തിൽ നൂറ് നിർദ്ധനരായ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് മുച്ചക്ര വാഹനവും വീൽച്ചെയറും നല്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കോട്ടയത്ത് സഹകരണ വകുപ്പു മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യുന്നു. പീറ്റർ കുളങ്ങര, തോമസ് ചാഴികാടൻ എംപി, സ്റ്റീഫൻ ജോർജ് എക്സ് എംഎൽഎ, നിഷ ജോസ് കെ. മാണി, ജെയ്ബു കുളങ്ങര, ജോസി ഏലൂർ, ജോസ് ഐക്കരപറമ്പിൽ, ഡോ. സാൽബി പോൾ ചേന്നോത്ത്, ജോയി തോമസ്, പോൾസൺ കുളങ്ങര, ലീലാ മാരേട്ട് തുടങ്ങിയവരാണ് സമീപം.

# സൗരദൗത്യത്തിലും വിജയിച്ച് ഇന്ത്യ

തിരുവനന്തപുരം: ചന്ദ്രയാൻ ദൗത്യത്തിൽ ചന്ദ്രനെ തൊട്ട ഇന്ത്യ ആദ്യ സൗരദൗത്യമായ ആദിത്യയിലൂടെ സൂര്യനിൽ കണ്ണു നട്ടു. ഇന്ത്യൻ ബഹിരാകാശ ഗവേഷക കേന്ദ്രത്തിന്റെ (ഐ.എസ്.ആർ.ഒ.) ആദിത്യ എൽ–1 പേടകം ഭൂമിയിൽനിന്നു 15 ലക്ഷം കിലോമീറ്റർ അകലെ, സാങ്കൽപികമായ ഒന്നാം ലഗ്രാഞ്ച് ബിന്ദുവിനു ചുറ്റും ഹെയ്‌ലോ ഭ്രമണപഥത്തിലേക്ക് ജനുവരി ഏഴിന് വൈകിട്ട് നാല് മണിയോടെ പ്രവേശിച്ചു. അഞ്ച് വർഷം ആദിത്യ ഈ കേന്ദ്രത്തിൽനിന്ന് സൂര്യനെ നിരീക്ഷിച്ചു പഠനം നടത്തും. എൽ–1 ബിന്ദുവിൽ നിന്ന് മറ്റു ഗ്രഹങ്ങളുടെ നിഴലോ ഗ്രഹണമോ ബാധിക്കാതെ തുടർച്ചയായി സൂര്യനെ നിരീക്ഷിക്കാൻ കഴിയും.

ലോകം കാത്തിരുന്ന സന്തോഷവാർത്ത സമൂഹമാധ്യമമായ ‘എക്സി’ലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി പുറത്തുവിട്ടു. ‘ഇന്ത്യ മറ്റൊരു നാഴികക്കല്ലു കൂടി സൃഷ്ടിച്ചിരിക്കുന്നു. ഇന്ത്യയുടെ ആദ്യ സൂര്യ നിരീക്ഷണ പേടകം ആദിത്യ എൽ–1 അതിന്റെ ലക്ഷ്യത്തിലെത്തി.’

അതിവേഗം സഞ്ചരിക്കുകയായിരുന്ന പേടകത്തെ ത്രസ്റ്ററുകൾ ഉപയോഗിച്ച് വേഗം നിയന്ത്രിച്ച് ഭ്രമണപഥത്തിലേക്ക് കൃത്യമായി എത്തിച്ചതു ഭാവിയിലെ ഗ്രഹാന്തര ദൗത്യങ്ങൾക്ക് ആത്മവിശ്വാസം വർധിപ്പിക്കുന്നതായി ഐ.എസ്.ആർ.ഒ. അറിയിച്ചു.

പേടകത്തിലെ ഏഴ് പഠനോപകരണങ്ങളിൽ (പേലോഡ്) നാലെണ്ണം സൂര്യനെ നേരിട്ടു നിരീക്ഷിച്ചു പഠനം നടത്തുകയും മൂന്നെണ്ണം എൽ–1 ബിന്ദുവിലെ സൗര കണികകളും തരംഗങ്ങളും സാംപിൾ ശേഖരിച്ചു പഠിക്കുകയും ചെയ്യും.

ഈ ഉപകരണങ്ങളെല്ലാം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടെന്നും ഐ.എസ്.ആർ.ഒ. അറിയിച്ചു.

ചരിത്ര നേട്ടത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഐ.എസ്.ആർ.ഒ.യെ അഭിനന്ദിച്ചു.

കേരളത്തിലെ നാല് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് വിജയകരമായി വിക്ഷേപിച്ച ആദിത്യ എൽ–1 ദൗത്യത്തിന് ആവശ്യമായ ചില ഉത്പന്നങ്ങൾ നിർമിച്ചു നൽകിയത്.



കെൽട്രോൺ, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (എസ്.ഐ.എഫ്.എൽ.), ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് (ടി.സി.സി.), കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് (കെ.എ.എൽ.) എന്നീ സ്ഥാപനങ്ങളിൽ നിർമിച്ച വിവിധ ഉത്പന്നങ്ങൾ ആദിത്യ എൽ–1 ദൗത്യത്തിൽ ഉപയോഗിച്ചു. പി.എസ്.എൽ.വി.സി 57 ആദിത്യ എൽ–1 മിഷന്റെ ഭാഗമായി പി.എസ്.എൽ.വി. റോക്കറ്റിനു വേണ്ടി കെൽട്രോണിൽ നിർമിച്ചിട്ടുള്ള 38 ഇലക്ട്രോണിക്സ് മൊഡ്യൂളുകൾ ഉപയോഗിച്ചതായി വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു. ഇതുകൂടാതെ ദൗത്യത്തിന് ആവശ്യമായ വിവിധതരം ഇലക്ട്രോണിക്സ് മോഡ്യൂളുകളുടെ ടെസ്റ്റിംഗ് സപ്പോർട്ടും കെൽട്രോൺ നൽകി.

ആദിത്യ എൽ–1 വിക്ഷേപണ വാഹനമായ പി.എസ്.എൽ.വിയുടെ വിവിധ ഘട്ടങ്ങൾക്കുള്ള ഫോർജിങ്ങുകൾ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ തൃശൂർ അത്താണിയിലെ എസ്.ഐ.എഫ്.എൽ. തദ്ദേശീയമായി വികസിപ്പിച്ചു നൽകി. പ്രൊപ്പല്ലർ ടാങ്കിനാവശ്യമായ ടൈറ്റാനിയം അലോയ് ഫോർജിംഗ്സ്, 15 സി.ഡി.വി. 6 ഡോം ഫോർജിംഗ്സ് എന്നിവയ്ക്കൊപ്പം വികാസ് എഞ്ചിന്റെ പ്രധാന ഘടകമായ കൺവെർജെന്റ് ഡൈവേർജെന്റ് ഫോർജിംഗുകളും മറ്റു ഘടകങ്ങളായ പ്രധാന ഷാഫ്റ്റ്, ഇക്വിലിബ്രിയം റെഗുലേറ്റർ പിസ്റ്റൺ, ഇക്വിലിബ്രിയം റെഗുലേറ്റർ ബോഡി എന്നിവയും എസ്.ഐ.എഫ്.എൽ. വികസിപ്പിച്ചു.

പദ്ധതിക്ക് ആവശ്യമായ 150 മെട്രിക് ടൺ സോഡിയം ക്ലോറേറ്റ് ക്രിസ്റ്റലുകൾ ടി.സി.സിയാണ് വിതരണം ചെയ്തത്.

ഇതിനൊപ്പം റോക്കറ്റിന്റെ സാറ്റലൈറ്റ് സെപ്പറേഷൻ സംവിധാനത്തിന് ആവശ്യമായ വിവിധതരം ഘടകങ്ങൾ വിതരണം ചെയ്തിരിക്കുന്നതും ഓട്ടോമൊബൈൽസ് ലിമിറ്റഡാണെന്നും മന്ത്രി പറഞ്ഞു.

## പതിനെട്ടാം പടി കയറുന്നതിനിടെ തീർത്ഥാടകനെ പോലീസ് മർദിച്ചെന്നു പരാതി

ശബരിമല: ബെംഗളൂരു സ്വദേശിയായ തീർത്ഥാടകനെ പതിനെട്ടാം പടി കയറുന്നതിനിടെ പോലീസ് മർദിച്ചെന്നു പരാതി. ബെംഗളൂരു മൈസൂരു റോഡ് ടോൾ ഗേറ്റ് കസ്തൂരി വൈ നഗറിൽ എസ്. രാജേഷിനാണ് (30) മർദനമേറ്റത്. ജനുവരി ഏഴിന് വൈകിട്ട് 4.30–നും 5–നും മധ്യേയാണു സംഭവം. അഞ്ച് തവണ അടിച്ചെന്നാണു പരാതി. പുറത്ത് അടിയേറ്റു ചുവന്ന പാടുണ്ട്.

സന്നിധാനം ഗവ. ആശുപത്രിയിൽ പ്രവേശിപ്പിച്ച രാജേഷ് പറയുന്നത് ഇങ്ങനെ: ‘ബെംഗളൂരുവിൽനിന്ന് 22 അംഗ സംഘത്തോടൊപ്പമാണ് എത്തിയത്. സംഘാംഗമായ മുരളിയുടെ മകൻ ആറു വയസ്സുകാരനെ പിടിച്ചുകൊണ്ടാണു പതിനെട്ടാംപടി ചവിട്ടിയത്. കുട്ടി ഉള്ളതിനാൽ വേഗം കുറവായിരുന്നു. നാലാമത്തെ പടി എത്തിയപ്പോൾ പോലീസുകാരൻ പുറത്തു കൈകൊണ്ട് ആഞ്ഞടിച്ചു. നിലവിളിച്ചു കുഞ്ഞിനെ വലിച്ചു കയറ്റാൻ ശ്രമിക്കുന്നതിനിടെ നാല് തവണകൂടി അടികിട്ടി. പോലീസ് ഉദ്യോഗസ്ഥന്റെ നഖത്തിന്റെ പാടും പുറത്തുണ്ട്.

സംഭവം വിവാദമായതോടെ ദേവസ്വം ബോർഡ് അംഗം എ. അജികുമാർ സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ ആർ. ആനന്ദിനെ നേരിട്ടുകണ്ടു. അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി വേണമെന്ന് ആവശ്യപ്പെട്ടു. ഡി.വൈ.എസ്.പി. അന്വേഷിക്കുമെന്നു പോലീസ് സ്പെഷൽ ഓഫീസർ ദേവസ്വം ബോർഡിന് ഉറപ്പുനൽകി. മന്ത്രി കെ. രാധാകൃഷ്ണനും സംഭവത്തിൽ ഇടപെട്ടു. ശബരിമല എ.ഡി.എം. സൂരജ് ഷാജിയെ മന്ത്രി ഫോണിൽ വിളിച്ചു വിവരങ്ങൾ അന്വേഷിച്ചു. തീർത്ഥാടകൻ പരാതി നൽകിയിട്ടുണ്ടെന്ന് എ.ഡി.എം. അറിയിച്ചു.

## ആശുപത്രികളിൽ സുരക്ഷയ്ക്ക് അധിക പോലീസില്ല

തിരുവനന്തപുരം: കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ആരോഗ്യ പ്രവർത്തകരുടെ സംരക്ഷണത്തിന് പോലീസ് ആവശ്യപ്പെട്ട അധിക തസ്തികകൾ സൃഷ്ടിക്കുന്നതിൽ വിയോജിപ്പുമായി ആഭ്യന്തരവകുപ്പ്. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡോ. വന്ദനാ ദാസ് അക്രമിയുടെ കുത്തേറ്റു മരിച്ചതിനു പിന്നാലെയാണ് ആശുപത്രികളിൽ പോലീസിന്റെ സുരക്ഷ ഏർപ്പെടുത്തുമെന്ന പ്രഖ്യാപനമുണ്ടായത്.

ഇതിനായി 224 പേരുടെ സ്ഥിരം ഡെപ്യൂട്ടേഷൻ തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് പോലീസ് മേധാവി കഴിഞ്ഞ ജൂണിൽ നൽകിയ ശിപാർശ ആഭ്യന്തരവകുപ്പു തന്നെ വെട്ടി. സാമ്പത്തിക പ്രതിസന്ധിയും കാരണമായി പറഞ്ഞിട്ടുണ്ട്. ആഭ്യന്തരവകുപ്പിന്റെ വിയോജനക്കുറിപ്പോടെ ഫയൽ ആരോഗ്യ വകുപ്പിനു വിട്ടിരിക്കുകയാണ്.

ആശുപത്രികളിലെ സുരക്ഷാ ജീവനക്കാരും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥരും കൃത്യമായി പ്രവർത്തിച്ചാൽ ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കാനാകുമെന്നു വിയോജനക്കുറിപ്പിൽ പറയുന്നു. ഡി.ജി.പിയുടെ ഓഫീസ് ആവശ്യപ്പെട്ടത് ഡി.വൈ.എസ്.പി. (14), ഇൻസ്പെക്ടർ (14), എസ്.ഐ. (84), സീനിയർ സിവിൽ പോലീസ് ഓഫീസർ (56), സിവിൽ പോലീസ് ഓഫീസർ (56) എന്നിങ്ങനെ 224 ഉദ്യോഗസ്ഥരുടെ സ്ഥിരം ഡെപ്യൂട്ടേഷൻ തസ്തികകളാണ്.

ഡി.വൈ.എസ്.പി (77), എസ്.ഐ. (161), സീനിയർ സി.പി.ഒ, സി.പി.ഒ., വനിതാ സി.പി.ഒ. (മൂന്നിനും കൂടി 399) എന്നിങ്ങനെ 637 തസ്തികകളാണ് യഥാർത്ഥത്തിൽ വേണ്ടത്. ഇതു വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നതിനാലാണ് 224 തസ്തികകൾക്കു മാത്രം ശിപാർശ നൽകിയത്.

## കടൽക്കൊള്ളക്കാർ റാഞ്ചിയ കപ്പൽ ഇന്ത്യൻ നാവികസേന മോചിപ്പിച്ചു

ന്യൂഡൽഹി: സൊമാലിയൻ തീരത്തു കടൽക്കൊള്ളക്കാർ റാഞ്ചിയ ‘എം.വി. ലില നോർഫോക്ക്’ എന്ന ലൈബീരിയൻ ചരക്കുകപ്പൽ മോചിപ്പിച്ച് ഇന്ത്യൻ നാവികസേന കമാൻഡോകൾ. കമാൻഡോകൾ നൽകിയ മുന്നറിയിപ്പിനെ തുടർന്ന് കടൽക്കൊള്ളക്കാർ കപ്പൽ ഉപേക്ഷിച്ചുപോയി. കപ്പലിലുണ്ടായിരുന്ന 15 ഇന്ത്യക്കാർ ഉൾപ്പെടെയുള്ള 21 ജീവനക്കാരെയും സുരക്ഷിതമായി പുറത്തെത്തിച്ചു. നാവികസേനയുടെ കമാൻഡോകളായ മാർകോസ് ആണ് ഓപ്പറേഷൻ നടത്തിയത്.

നാവികസേനാ യുദ്ധക്കപ്പലായ ഐ.എൻ.എസ്. ചൈന കേന്ദ്രീകരിച്ചായിരുന്നു രക്ഷാദൗത്യം. റാഞ്ചിയ കപ്പലിന് സമീപമെത്തിയ ഇന്ത്യൻ യുദ്ധക്കപ്പലിൽ നിന്ന് ഹെലികോപ്റ്ററയച്ച് കടൽക്കൊള്ളക്കാർക്ക് കപ്പൽവിട്ടു പോകാൻ മുന്നറിയിപ്പ് നൽകിയിരുന്നു. ഇതിന് പിന്നാലെ കമാൻഡോകൾ ചരക്കുകപ്പലിൽ പ്രവേശിച്ചു. മുകളിലെ ഡെക്കിൽ പരിശോധന പൂർത്തിയാക്കിയ കമാൻഡോകൾ രണ്ടാമത്തെ ഡെക്കിൽ കടന്നതായി നാവികസേന സ്ഥിരീകരിച്ചിരുന്നു. ഇതിനു പിന്നാലെയാണ് കപ്പൽ മോചിപ്പിച്ചതായി അറിയിപ്പ് വന്നത്. നാവികസേനാ ആസ്ഥാനത്തു നിന്നാണ് നടപടികൾ ഏകോപിപ്പിച്ചത്. ജനുവരി നാലിന് വൈകിട്ടാണു കപ്പൽ റാഞ്ചിയ വിവരം ബ്രിട്ടീഷ് സൈനിക ഏജൻസിയായ ‘യു.കെ. മാരിടൈം ട്രേഡ് ഓപ്പറേഷൻസ്’ പുറത്തുവിട്ടത്.

കപ്പൽ റാഞ്ചിയെന്ന സന്ദേശം ലഭിച്ചയുടൻ ഇന്ത്യൻ നാവികസേന നടപടികൾ ആരംഭിച്ചിരുന്നു. ഐ.എൻ.എസ്. ചെന്നൈയെ വഴിതിരിച്ചുവിടുകയും സമുദ്ര പട്രോളിങ് വിമാനത്തെ നിരീക്ഷണത്തിനായി നിയോഗിക്കുകയും ചെയ്തിരുന്നു.

ബ്രസീലിൽനിന്ന് ബഹ്റൈനിലേക്ക് പോകുന്നതിനിടെയാണ് സൊമാലിയയിൽനിന്ന് 300 നോട്ടിക്കൽ മൈൽ കിഴക്ക് നിന്ന് ആറംഗ സായുധ സംഘം കപ്പൽ റാഞ്ചിയത്. ചരക്കുകപ്പലുകൾക്കു നേരേ ഡ്രോൺ ആക്രമണമുൾപ്പെടെ പതിവായതോടെ, സുരക്ഷയൊരുക്കാൻ ഇന്ത്യ കൂടുതൽ നാവികസേനാ കപ്പലുകൾ സമുദ്രപാതകളിൽ വിന്യസിച്ചിരുന്നു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 02
January 12, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

ഒരാൾ ചെയ്ത നല്ലകാര്യം മറക്കുന്നത് നന്നല്ല. നല്ലതല്ലാത്തതെല്ലാം മറക്കുന്നതാണ് ഉത്തമം. — **ശ്രീനാരായണ ഗുരു**

സത്യം വലിയൊരു വൃക്ഷമാണ്. എത്രത്തോളം പരിപാലിക്കുന്നുവോ അത്രത്തോളം ഫലവും കിട്ടുന്നു. — **മഹാത്മാഗാന്ധി**




## MEDICARE SUPPLEMENTS & ADVANTAGE PLANS
## GET YOUR MEDICARE QUESTIONS ANSWERED

# MEDICARE

Medicare coverage can be confusing and it is important to make the best decision for you and your health. There are four different parts of Medicare:

| | |
|---|---|
| Part A<br>Hospital Insurance | Part C<br>$0 Premium Medicare Advantage Plans |
| Part B<br>Medical Insurance | Part D<br>Prescription Drug Coverage |

Medicare Supplement Plans Offered by Various Companies at competitive Rates

CALL or TEXT **RAJ SURENDRAN**

Senior Medicare Specialist
Investment Advisor Representative, MBA

**708-945-3985**

www.questwealthgroup.com
Quest Wealth Management Inc.
rsurendran007@gmail.com



*There is no obligation,*
*All consultations are complimentary!*



Michael Crifase　　Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- Over $ 50M Recovered and Collected For Our Clients
- Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- Free Confidential Consultation On All Matters Home Visits Available
- Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

## Michael Crifase and Steven Crifase

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603

Phone: (312) 855-0511,
Fax: (312) 855- 0537

BBB A+ Rating Better Business Bureau
AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# കൗമാര കലോത്സവത്തിന്റെ കേളികൊട്ട്

കേരളത്തിന്റെ യശസുയർത്തി കൗമാര പ്രതിഭകൾ നിറഞ്ഞാടുന്ന സ്കൂൾ കലോത്സവ വേദി ഉണരുകയായി. നാടിന്റെ സാംസ്കാരിക പാരമ്പര്യത്തിന് ഈടുറ്റ സംഭാവനകൾ നൽകിയിട്ടുള്ള ഒട്ടേറെ കലാകാരന്മാരുടെ നാടായ കൊല്ലത്ത് നടക്കുന്ന മത്സരങ്ങൾ കുട്ടികളുടെ സർഗവാസനകൊണ്ടു സമ്പന്നമാകും. മികച്ച കലാപ്രകടനങ്ങളുടെ ആഹ്ലാദവും ഒട്ടേറെ വിവാദങ്ങളുടെ നിരാശയും നിറഞ്ഞതാണ് ഇതുവരെയുള്ള കലോത്സവ ചരിത്രം. പരാതികളില്ലാത്ത കലോത്സവമാണ് ഇത്തവണ എല്ലാവരുടേയും പ്രതീക്ഷയും ആഗ്രഹവും.

ഏഷ്യയിലെ തന്നെ ഏറ്റവും വലിയ കൗമാര കലോത്സവത്തിനുള്ള ഒരുക്കമാണ് പൂർത്തിയായിരിക്കുന്നത്. ആക്ഷേപങ്ങളില്ലാതെ കലോത്സവങ്ങൾ സംഘടിപ്പിക്കുക എന്നത് ഒട്ടേറെ വെല്ലുവിളി നിറഞ്ഞ കാര്യമാണ്. ഒരുപാടുപേരുടെ അത്യധ്വാനമാണ് ഓരോ കലാമേളയ്ക്കും പിന്നിലുള്ളത്. നാടിന് അഭിമാനകരമായ രീതിയിൽ 65-ാമത് സംസ്ഥാന സ്കൂൾ കലോത്സവം ഒരുക്കാൻ സംഘാടകർക്കും കാണികളുടെ മനസു നിറയുന്ന പ്രകടനങ്ങൾക്ക് 249 ഇനങ്ങളിലായി മത്സരിക്കുന്ന പതിനാലായിരത്തോളം കലാപ്രതിഭകൾക്കും കഴിയട്ടെയെന്ന് ആശംസിക്കുന്നു. കുട്ടികൾക്ക് കലാപ്രകടനത്തിനുള്ള മികച്ചവേദി എന്നതിനൊപ്പം നാടിന്റെ തനതായ പല കലാരൂപങ്ങളും കാലഹരണപ്പെടാതെ കാക്കുന്നതിനും സ്കൂൾ കലോത്സവങ്ങൾ വഹിക്കുന്ന പങ്ക് പ്രശംസനീയമാണ്.

1957-ലെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കർണാടക സംഗീതത്തിന് ഒന്നാംസ്ഥാനം നേടിയത് ഈ വരുന്ന പത്താംതീയതി ശതാഭിഷിക്തനാകുന്ന നമ്മുടെ സ്വന്തം ഗാനഗന്ധർവൻ കെ.ജെ. യേശുദാസാണ്. അതിനുശേഷവും ഒട്ടേറെ പ്രശസ്ത കലാകാരന്മാർക്ക് ഈ മേള ശുഭാരംഭമായി. എന്നാൽ, ആ പട്ടികയിലേക്ക് പുതുതായി എത്രപേർ ചേർക്കപ്പെടുന്നു എന്ന വിമർശനം ഉയരുന്നുണ്ട്. മുൻകാലങ്ങളിൽ തിലകവും പ്രതിഭയുമായവരും പല ഇനങ്ങളിലും 'എ' ഗ്രേഡ് നേടിയവരും ഇപ്പോൾ കലകൾക്കൊപ്പമുണ്ടോ എന്നാണു ചോദ്യമുയരുന്നത്. സ്കൂൾവേദിയിൽ തുടങ്ങുന്നവർ പരമാവധി കോളജ് വേദികൊണ്ടു കലാപ്രയാണം അവസാനിപ്പിക്കുന്നതാണ് ഇപ്പോൾ കണ്ടുവരുന്നതെന്നു വിമർശകർ പറയുന്നു. ഉജ്വലരായ കലാകാരനെ മാത്രമല്ല, സമുജ്വലരായ മനുഷ്യരെക്കൂടി സൃഷ്ടിക്കുകയാണ് ഇത്തരം കൗമാര കലോത്സവങ്ങളുടെ ഉത്കൃഷ്ട ലക്ഷ്യമെന്ന് ഈ വിമർശകർ എന്നാണു മനസ്സിലാക്കുക?

കലോത്സവ നടത്തിപ്പിനെക്കുറിച്ചും ഒട്ടേറെ ആക്ഷേപങ്ങൾ ഉയരാറുണ്ട്. കുട്ടികളുടെ മേളയിൽ രക്ഷിതാക്കളും അധ്യാപകരും ഇറങ്ങിക്കളിക്കുന്നു എന്നതാണ് പ്രധാനപരാതി. കുട്ടികൾ തമ്മിലുണ്ടാകേണ്ട ആരോഗ്യകരമായ മത്സരത്തെ മുതിർന്നവർ ഇടപെട്ട് കലുഷമാക്കുന്ന സാഹചര്യമുണ്ടാകാറുണ്ട്. രക്ഷിതാക്കളും വിധികർത്താക്കളും തമ്മിലുണ്ടാക്കുന്ന രഹസ്യബന്ധങ്ങളിലൂടെ മത്സരഫലങ്ങളിൽ മായംകലരുന്നതും അപൂർവമല്ല. മത്സരാർഥികളുടെ എണ്ണപ്പെരുപ്പം, സാധാരണക്കാരനു താങ്ങാനാകാത്ത ചെലവും ആഡംബരവും തുടങ്ങിയ പ്രശ്നങ്ങളുമുണ്ട്. കലാരംഗത്തു പ്രവർത്തിക്കുന്ന ഒട്ടേറെയാളുകൾക്ക് സ്കൂൾകലോത്സവങ്ങൾ ജീവിതോപാധി നൽകുന്നുവെന്നത് ആഡംബര ആരോപണത്തിന്റെ ഗുണപരമായ മറുവശമാണ്.

സ്വർണക്കപ്പിനായുള്ള പോരാട്ടത്തിന് എന്നും നിറഞ്ഞ ആവേശമാണുള്ളത്. കുട്ടിക്കാലം മുതലുള്ള കഠിനമായ സാധനയുടെ പ്രകടന വേദിയാണ് പലകുട്ടികൾക്കും കലോത്സവം. ഇതു മനസിലാക്കി അവരെ പരമാവധി പ്രോത്സാപ്പിക്കുന്നതിനും അഭിനന്ദിക്കുന്നതിനും ഒട്ടും പിശുക്കുണ്ടാകരുത്. ഇതൊരു മത്സരവേദികൂടിയാണെന്നിരിക്കേ വിധിനിർണയത്തിൽ പാകപ്പിഴകൾ ഉണ്ടാകാൻ പാടില്ല. വിധികർത്താക്കളെക്കുറിച്ചുള്ള ആക്ഷേപങ്ങൾ പലപ്പോഴും കലോത്സവങ്ങളുടെ ശോഭ കെടുത്തിയിട്ടുണ്ട്. മുൻവിധിയും പക്ഷപാതപരമായ വിധിനിർണയവും ഉണ്ടാകില്ലെന്ന തോന്നൽ മത്സരാർത്ഥികളിൽ ഉണ്ടായാൽതന്നെ പരാതികൾ കുറയും. കലോത്സവവുമായി ബന്ധപ്പെട്ടു വർധിച്ചുവരുന്ന അനഭിലഷണീയ പ്രവണതകൾക്കു കൊല്ലത്തു കുറവുവരുമെന്നു പ്രത്യാശിക്കുന്നു.

ഐക്യകേരളത്തോളം തന്നെ പഴക്കമുള്ള സ്കൂൾ കലോത്സവം ഒട്ടേറെ മാറ്റങ്ങളിലൂടെയാണ് ഈക്കാലമത്രയും മുന്നോട്ടുപോയത്. ഗ്രേഡിങ് സംവിധാനം കൊണ്ടുവന്നതും പ്രതിഭാ, തിലകം പട്ടങ്ങൾ എടുത്തുകളഞ്ഞതും അവയിൽ ചിലതുമാത്രം. ഏഷ്യയിലെ ഏറ്റവും വലിയ കൗമാരകലാമേളയെന്നതാണു നമ്മുടെ സ്കൂൾകലോത്സവത്തിന്റെ പെരുമ. ബൃഹത്തായ അത്തരമൊരു പരിപാടി വർഷാവർഷം സംഘടിപ്പിക്കുന്നുവെന്നതു ചെറിയ കാര്യമല്ല. നിരന്തരമായ ശുദ്ധീകരണപ്രക്രിയ നടക്കുന്നുമുണ്ട്. സവിശേഷമായ കേരളീയ പൈതൃകത്തിന്റെ ഭാഗമായി ഈ കലാമേള എന്നേ മാറിക്കഴിഞ്ഞു. പൈതൃകങ്ങളേതും കാത്തുവെക്കാനുള്ളതാണ്; മഹിതമായ ഈ മേളയും അങ്ങനെതന്നെ.

# സ്വർണക്കടത്ത് ഓഫീസ് എല്ലാവർക്കുമറിയാം: മോദി



തൃശൂർ: ഏത് ഓഫീസ് കേന്ദ്രീകരിച്ചാണു കേരളത്തിൽ സ്വർണ കള്ളക്കടത്ത് നടത്തിയതെന്ന് എല്ലാവർക്കും അറിയാവുന്നതാണെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. ബി.ജെ.പി. സംഘടിപ്പിച്ച 'സ്ത്രീശക്തി മോദിക്കൊപ്പം' മഹിളാസംഗമത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിൽ ബി.ജെ.പിയുടെ തെരഞ്ഞെടുപ്പു പ്രചാരണത്തിനു തുടക്കം കുറിക്കുന്നതായിരുന്നു ഇരു മുന്നണികളെയും കടന്നാക്രമിച്ചുള്ള മോദിയുടെ പ്രസംഗം. രണ്ടു മുന്നണികളുടെയും പേരിൽ മാത്രമാണു വ്യത്യാസം. അഴിമതി, കുറ്റകൃത്യങ്ങൾ, കുടുംബവാഴ്ച എന്നിവയിലെല്ലാം ഇരുമുന്നണികളും ഒരുപോലെയാണ്. 'ഇന്ത്യ' മുന്നണിയുടെ വരവോടെ രണ്ടും തമ്മിൽ വ്യത്യാസമില്ലെന്ന് അവർ തന്നെ പ്രഖ്യാപിച്ചിരിക്കുകയാണ്: അദ്ദേഹം പറഞ്ഞു. മോദിവിരോധത്തിന്റെ പേരിൽ കേരളത്തിൽ കേന്ദ്രത്തിന്റെ വികസന പദ്ധതികൾ നടപ്പാക്കുന്നില്ല. ക്ഷേത്രങ്ങളെയും ഉത്സവങ്ങളെയും പണം കൊള്ളയടിക്കാനുള്ള മാർഗമായിട്ടാണ് രണ്ട് മുന്നണികളും കാണുന്നതെന്നും തൃശൂർ പൂരത്തിൽ സർക്കാർ നടത്തുന്ന രാഷ്ട്രീയക്കളിയും ശബരിമലയിലെ അസൗകര്യങ്ങളും ദൗർഭാഗ്യകരമാണെന്നും മോദി കുറ്റപ്പെടുത്തി.

# സ്വർണക്കടത്ത്: പ്രതിരോധവുമായി സി.പി.എം. രംഗത്ത്

തിരുവനന്തപുരം: സ്വർണക്കടത്ത് സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ പരാമർശം സി.പി.എം.-ബി.ജെ.പി. ഒത്തുകളിയുടെ തെളിവായി കോൺഗ്രസ് പ്രചരിപ്പിച്ചതോടെ സജീവപ്രതിരോധമൊരുക്കാൻ സി.പി.എമ്മും കളത്തിലിറങ്ങി. സി.പി.എം. സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദനും എ.കെ. ബാലനുമാണ് സി.പി.എമ്മിനു പ്രതിരോധവുമായി മാധ്യമങ്ങൾക്കു മുമ്പിലെത്തിയത്.

സ്വർണക്കടത്ത് നടന്നത് ഏത് ഓഫീസ് വഴിയാണെന്ന് അറിയാമെങ്കിൽ തെളിവോടെ അന്വേഷണ ഏജൻസി മുമ്പാകെ അറിയിക്കണമെന്ന് എ.കെ. ബാലൻ പറഞ്ഞു. അല്ലെങ്കിൽ ഇതിനു കൂട്ടുനിന്നു എന്ന് പൊതുസമൂഹം ദുർവ്യാഖ്യാനം ചെയ്യുമെന്നും ബാലൻ പറഞ്ഞു.

മോദിയുടെ ആക്ഷേപം രാഷ്ട്രീയ പ്രചാരണത്തിനുള്ള വാദമെന്നു പറഞ്ഞ് എം.വി. ഗോവിന്ദൻ ലഘൂകരിച്ചു. വിമാനത്താവളങ്ങളിലൂടെയാണ് സ്വർണക്കടത്ത് നടക്കുന്നത്. വിമാനത്താവളങ്ങൾ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാണ്. അതുകൊണ്ടുതന്നെ തങ്ങളെ ഇതിലേക്കു വലിച്ചിഴയ്ക്കേണ്ട എന്ന മട്ടിലായിരുന്നു ഗോവിന്ദന്റെ ന്യായീകരണം.

ബി.ജെ.പിയും സി.പി.എമ്മും തമ്മിലുള്ള ഒത്തുതീർപ്പിന്റെ ഭാഗമായാണ് സ്വർണക്കടത്ത് കേസ് ഒതുക്കിത്തീർത്തതെന്ന് അന്നുമുതൽ പ്രതിപക്ഷം ആരോപിച്ചു വരികയാണ്. വർഷങ്ങളായി സുപ്രീംകോടതിയിൽ ലാവ്‌ലിൻ കേസ് നീട്ടിവെച്ചുകൊണ്ടിരിക്കുന്നതും ഒത്തുതീർപ്പിനു തെളിവായി പ്രതിപക്ഷം ചൂണ്ടിക്കാട്ടുന്നു. ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രനെതിരായി ആരോപിക്കപ്പെട്ട കൊടകര കേസും എങ്ങുമെത്തിയില്ല. സ്വർണക്കടത്തുമായി ബന്ധപ്പെട്ട് എൻ.ഐ.എയും കസ്റ്റംസും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും കുറ്റപത്രം സമർപ്പിച്ചെങ്കിലും വൻ സ്രാവുകളൊന്നും പിടിയിലായില്ല. കേസിൽ ഇപ്പോൾ ആർക്കും താൽപര്യവുമില്ല.

ഇതിനിടെയാണ് കഴിഞ്ഞ ഏപ്രിലിൽ എറണാകുളത്തു നടത്തിയ യുവം പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വർണക്കടത്ത് കേസ് വീണ്ടും കുത്തിപ്പൊക്കിയത്. കേന്ദ്ര സർക്കാർ കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ കാര്യമായ പ്രവർത്തനം നടത്തുമ്പോൾ കേരളത്തിൽ ചിലർ സ്വർണം കടത്താനാണു താൽപര്യം കാട്ടുന്നതെന്നായിരുന്നു അന്നത്തെ പരാമർശം.

# വിഴിഞ്ഞത്ത് മേയ് 31-നു ട്രയൽ റൺ, ഡിസംബറിൽ കമ്മിഷനിങ്

വിഴിഞ്ഞം: രാജ്യാന്തര തുറമുഖ പദ്ധതി പൂർത്തീകരിച്ച് മേയ് 31-നു ട്രയൽ റൺ നടത്തുമെന്നു മന്ത്രി വി.എൻ. വാസവൻ. ഡിസംബറിൽ ആയിരിക്കും ഔദ്യോഗിക കമ്മിഷനിങ്. കൃത്യസമയത്തു നിർമാണം പൂർത്തിയാക്കാതെ കരാർ ലംഘനം നടത്തിയതുമായി ബന്ധപ്പെട്ട് അദാനി ഗ്രൂപ്പുമായുള്ള ആർബിട്രേഷൻ കേസ് ഒത്തുതീർപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. തുറമുഖ വകുപ്പ് ഏറ്റെടുത്ത ശേഷം ആദ്യമായി പദ്ധതി പ്രദേശം സന്ദർശിക്കാനെത്തിയതായിരുന്നു മന്ത്രി. വയബിലിറ്റി ഗ്യാപ് ഫണ്ട് ഉടൻ ലഭ്യമാക്കും. ആർബിട്രേഷൻ ഒത്തുതീർത്താൽ മാത്രമേ കേന്ദ്ര ഫണ്ട് ലഭ്യമാകൂ എന്നും കേസ് ഒത്തുതീർക്കാൻ വൈകാതെ സമിതി രൂപീകരിക്കുമെന്നും മന്ത്രി പറഞ്ഞു. ഫണ്ടില്ലെന്ന പേരിൽ വിഴിഞ്ഞം പോലെയുള്ള വലിയ വികസന പദ്ധതികൾ മുടങ്ങുന്ന സ്ഥിതി ഉണ്ടാകില്ല. അത്തരം സാഹചര്യമുണ്ടായാൽ സഹകരണമേഖലയിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുമെന്നും മന്ത്രി വ്യക്തമാക്കി. ആദ്യഘട്ട പുലിമുട്ട് നിർമാണം 31-ന് പൂർത്തീകരിക്കും. 3000 മീറ്ററിൽ 2600 മീറ്റർ പൂർത്തിയായി. തുറമുഖ റോഡും ദേശീയ പാതയുമായുള്ള കണക്ടിവിറ്റിക്ക് ആവശ്യമുള്ള 42 സെന്റ് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. റെയിൽപാത നിർമാണം സംബന്ധിച്ചും നടപടികൾ പുരോഗമിക്കുന്നു. ചുറ്റുമതിൽ ഉൾപ്പെടെയുള്ള നിർമിതികൾ സംബന്ധിച്ചുള്ള ചെറിയ വിഷയങ്ങൾ ചർച്ചകളിലൂടെ പരിഹരിക്കുമെന്നും മന്ത്രി പറഞ്ഞു. തുറമുഖ പ്രിൻസിപ്പൽ സെക്രട്ടറി കെ.എസ്. ശ്രീനിവാസ്, വിസിൽ എം.ഡി. ഡോ. ദിവ്യ എസ്. അയ്യർ, അദാനി വിഴിഞ്ഞം തുറമുഖ കമ്പനി സി.ഇ.ഒ. രാജേഷ് ഝാ എന്നിവർ ഒപ്പമുണ്ടായിരുന്നു.

# മന്ത്രിയെ പുറത്താക്കാൻ ഗവർണർക്ക് അധികാരമില്ല: സുപ്രീംകോടതി

ന്യൂഡൽഹി: മുഖ്യമന്ത്രിയുടെ ശിപാർശയില്ലാതെ മന്ത്രിസഭയിൽനിന്ന് മന്ത്രിമാരെ പുറത്താക്കാൻ ഗവർണർമാർക്ക് അധികാരമില്ലെന്നു സുപ്രീംകോടതി. തമിഴ്നാട് മന്ത്രി സെന്തിൽ ബാലാജിയെ മന്ത്രിസ്ഥാനത്തുനിന്നു നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടു നൽകിയ ഹർജി തള്ളിക്കൊണ്ടാണ് കോടതി ഇക്കാര്യം വ്യക്തമാക്കിയത്. മന്ത്രിമാരെ മന്ത്രിസഭയിൽനിന്നു നീക്കണമെങ്കിൽ മുഖ്യമന്ത്രിയുടെ ശിപാർശ അനിവാര്യമാണെന്ന് ജസ്റ്റിസുമാരായ അഭയ് എസ്. ഓക, ഉജ്ജൽ ഭുയാൻ എന്നിവരുടെ ബെഞ്ച് വാക്കാൽ പറഞ്ഞു.

ഒരു മന്ത്രിസഭയിൽനിന്ന് ഏതെങ്കിലുമൊരു മന്ത്രിയെ മാറ്റാൻ ഗവർണർക്ക് ഉത്തരവിടാനാകില്ല. അതിന് മുഖ്യമന്ത്രിയുടെ ശിപാർശയോ മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരമോ മാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഏകപക്ഷീയമായി ഗവർണർക്ക് തീരുമാനമെടുക്കാൻ കഴിയില്ലെന്നും സുപ്രീംകോടതി അറിയിച്ചു.

കള്ളപ്പണം വെളുപ്പിക്കൽ കേസിൽ സെന്തിൽ ബാലാജി അറസ്റ്റിലായതിനു പിന്നാലെ അദ്ദേഹത്തെ പുറത്താക്കണമെന്നാവശ്യപ്പെട്ടു മദ്രാസ് ഹൈക്കോടതിയിൽ ഹർജിയെത്തിയിരുന്നു. എന്നാൽ, മന്ത്രിയെ നീക്കുന്നതിൽ തീരുമാനമെടുക്കേണ്ടത് മുഖ്യമന്ത്രിയാണെന്ന് അഭിപ്രായപ്പെട്ട് ഹൈക്കോടതി ഹർജി തള്ളുകയായിരുന്നു. ഇതേത്തുടർന്നാണ് ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിച്ചത്. ഇ.ഡി. അറസ്റ്റ് ചെയ്തതിനു പിന്നാലെ ഗവർണർ ആർ.എൻ. രവി സെന്തിൽ ബാലാജിയെ മന്ത്രിസഭയിൽനിന്ന് പുറത്താക്കുകയും പിന്നാലെ ആ ഉത്തരവ് പിൻവലിച്ചുകൊണ്ട് അറിയിപ്പ് ഇറക്കുകയും ചെയ്തിരുന്നു. അറസ്റ്റിനു ശേഷവും മുഖ്യമന്ത്രി സ്റ്റാലിൻ സെന്തിൽ ബാലാജിയെ വകുപ്പില്ലാ മന്ത്രിയായി മന്ത്രിസഭയിൽ നിലനിർത്തുകയായിരുന്നു.

# കേരളാ എക്സ്പ്രസ്സിന്റെ 32-ാം ജന്മദിന ചടങ്ങിൽ കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ എം.പി മുഖ്യാതിഥിയായി പങ്കെടുത്തു



സ്വന്തം ലേഖകൻ

ചിക്കാഗോ: അമേരിക്കയിലെ അച്ചടി, ഓൺലൈൻ മാധ്യമമായ കേരളാ എക്സ്പ്രസ്സിന്റെ 32-ാമത് ജന്മദിന ചടങ്ങിൽ കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ എം.പി മുഖ്യാതിഥിയായി പങ്കെടുത്തു.




അമേരിക്കൻ മലയാളി മാധ്യമ രംഗത്ത് കേരളാ എക്സ്പ്രസ്സ് മുപ്പത്തിരണ്ടു വർഷക്കാലം നടത്തിയ സേവനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. മലയാള ഭാഷയും സംസ്കാരവും പ്രവാസലോകത്ത് വേരറ്റ് പോകാതിരിക്കുവാൻ കേരളാ എക്സ്പ്രസ്സിന്റെ വരുംകാല പ്രവർത്തനങ്ങൾ സഹായിക്കട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.

കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പിൽ ഭരണമാറ്റം ഉണ്ടാകുമെന്നും പാർലമെന്റ് തെരഞ്ഞെടുപ്പിൽ കഴിഞ്ഞ തവണയുണ്ടായ വിജയം ആവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു. ജനം ഇടതുഭരണം കൊണ്ട് പൊറുതിമുട്ടിയിരിക്കുന്നു. കേന്ദ്രഭരണം കൊണ്ട് രാജ്യത്തിന്റെ മതനിരപേക്ഷതയും നഷ്ടപ്പെട്ടു കഴിഞ്ഞു.

കോൺഗ്രസിൽ വലിയ ഗ്രൂപ്പ് പ്രശ്നങ്ങൾ ഒന്നുമില്ലായെന്നും തക്കസമയത്ത് എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിച്ച് യുഡിഎഫിനെ അധികാരത്തിൽ തിരിച്ചു കൊണ്ടുവരുമെന്നും അതിനുള്ള രാഷ്ട്രീയ കാലാവസ്ഥ ഇപ്പോൾ കേരളത്തിനുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ കെ. സുധാകരൻ എം.പി. കേക്ക് മുറിക്കുകയും ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ, എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി, ചടങ്ങിൽ പങ്കെടുത്ത പത്രാധിപ സമിതി അംഗങ്ങൾ എന്നിവരുമായി മധുരം പങ്കുവെക്കുകയും ചെയ്തു.

അമേരിക്കൻ സന്ദർശനത്തിന്റെ ഭാഗമായിട്ടാണ് കെ. സുധാകരൻ ചിക്കാഗോയിലെ കേരളാ എക്സ്പ്രസ്സ് ഓഫീസിലെത്തിയത്. ഭാര്യ സ്മിത സുധാകരനും ഒപ്പം ഉണ്ടായിരുന്നു.

ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ, എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി എന്നിവർ ചേർന്ന് കെ. സുധാകരൻ എം.പിയെ സ്വീകരിച്ചു.

മാനേജിംഗ് എഡിറ്റർമാരായ ഡോ. ടൈറ്റസ് ഈപ്പൻ, അനീഷ് ഈപ്പൻ, ഒ.ഐ.സി.സി. ചെയർമാൻ ജെയിംസ് കൂടൽ, കുര്യൻ ഫിലിപ്പ്, തോമസ് വർഗീസ്, ബെൻ അനീഷ്, മോനു വർഗീസ് എന്നിവരും സന്നിഹിതരായിരുന്നു.

ഫോട്ടോ: മോനു വർഗീസ്















KERALA EXPRESS
കേരളം

## രാമക്ഷേത്രം പ്രതിഷ്ഠാചടങ്ങ്; രാഹുലിനും പ്രിയങ്കയ്ക്കും ക്ഷണമില്ല

ന്യൂഡൽഹി: ഈ മാസം 22-ന് നടക്കുന്ന അയോധ്യ രാമക്ഷേത്രം പ്രതിഷ്ഠാചടങ്ങിലേക്ക് രാഹുൽ ഗാന്ധിക്കും പ്രിയങ്ക ഗാന്ധി വാദ്രയ്ക്കും ക്ഷണം ലഭിച്ചേക്കില്ല. ചടങ്ങിലേക്കു ക്ഷണിക്കപ്പെടാൻ രാം മന്ദിർ തീർഥ് ക്ഷേത്ര ട്രസ്റ്റ് ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. രാഹുലും പ്രിയങ്കയും ഇതിനുള്ളിൽപ്പെടാത്തതാണ് ക്ഷണിക്കപ്പെടാതിരിക്കാനുള്ള കാരണമെന്ന് ക്ഷേത്ര നിർമാണ കമ്മിറ്റി അധ്യക്ഷൻ നൃപേന്ദ്ര മിശ്ര മാധ്യമങ്ങളോടു പറഞ്ഞു. പ്രധാന പാർട്ടികളുടെ അധ്യക്ഷന്മാർ, ലോക്സഭയിലെയും രാജ്യസഭയിലെയും പ്രതിപക്ഷ നേതാക്കൾ, 1984-ലെയും 1992-ലെയും രാമക്ഷേത്ര നിർമാണ പ്രക്ഷോഭത്തിൽ പങ്കെടുത്തവർ എന്നീ മൂന്നു വിഭാഗത്തിൽപ്പെട്ട നേതാക്കൾക്കാണു ട്രസ്റ്റ് ക്ഷണക്കത്ത് അയയ്ക്കുന്നത്. ഇതുകൂടാതെ സന്യാസിമാർ, വ്യവസായികൾ, കലാകാരന്മാർ, കായികതാരങ്ങൾ തുടങ്ങിയവരെയും പ്രതിഷ്ഠാ ചടങ്ങിലേക്കു ക്ഷണിക്കുന്നുണ്ടെന്നും കോൺഗ്രസിന്റെ പാർലമെന്ററി പാർട്ടി അധ്യക്ഷ എന്ന നിലയ്ക്കാണു സോണിയ ഗാന്ധിയെ ക്ഷണിച്ചതെന്നും നൃപേന്ദ്ര മിശ്ര വ്യക്തമാക്കി.



കോൺഗ്രസ് അധ്യക്ഷനും രാജ്യസഭയിലെ പ്രതിപക്ഷ നേതാവുമായ മല്ലികാർജുൻ ഖാർഗെയെയും ലോക്സഭയിലെ കോൺഗ്രസ് കക്ഷി നേതാവ് അധീർ രഞ്ജൻ ചൗധരിയെയും വി.എച്ച്.പി. വർക്കിംഗ് പ്രസിഡണ്ട് അലോക് കുമാർ ചടങ്ങിലേക്ക് ക്ഷണിച്ചിരുന്നു. എസ്.പി. അധ്യക്ഷൻ അഖിലേഷ് യാദവിനും ബി.എസ്.പി. അധ്യക്ഷ മായാവതിക്കും ഉടൻ ക്ഷണപത്രം അയയ്ക്കുമെന്ന് ട്രസ്റ്റ് അധികൃതർ അറിയിച്ചു.

## കേരളത്തിനു വികസന വാഗ്ദാനവുമായി പ്രധാനമന്ത്രി

തൃശൂർ: ഭാരതത്തിന്റെയും കേരളത്തിന്റെയും വികസനത്തിനു ‘മോദിയുടെ ഗാരന്റി’ വാഗ്ദാനവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി. തേക്കിൻകാട് മൈതാനത്തു ബി.ജെ.പി. സംഘടിപ്പിച്ച മഹിളാ സമ്മേളനത്തിൽ വനിതാ ക്ഷേമപദ്ധതികൾ എണ്ണിയെണ്ണിപ്പറഞ്ഞ മോദി, ഓരോ പദ്ധതിയെപ്പറ്റി പറഞ്ഞശേഷവും ‘മോദിയുടെ ഗാരന്റി’ എന്ന് ആവർത്തിച്ചു. ആദ്യം ഹിന്ദിയിലും പിന്നെ മലയാളത്തിലും. കേരളത്തിന്റെ വികസനവും ബി.ജെ.പിയിലൂടെയേ സാധ്യമാകൂ എന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. പ്രസംഗത്തിലുട നീളം മോദി ഗാരന്റി എണ്ണിപ്പറഞ്ഞ പ്രധാനമന്ത്രി, കേരളത്തിലെ ഇടതു സർക്കാരിനെ കടുത്ത ഭാഷയിൽ വിമർശിച്ചു. ഇന്ത്യയിലെല്ലായിടത്തും ഇപ്പോൾ മോദി ഗാരന്റിയാണു ചർച്ചയെന്നു പറഞ്ഞായിരുന്നു തുടക്കം. ഇടത്, കോൺഗ്രസ് ഭരണകാലത്തു സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിരുന്നില്ല. മോദി സർക്കാർ സ്ത്രീകളുടെ അധികാരം ഉറപ്പാക്കി, അതു പ്രാവർത്തികമാക്കി. മുത്തലാക്കിൽനിന്നു മുസ്‌ലിം സ്ത്രീകൾക്കു മോചനം നൽകി.

ലോകത്തിലെവിടെ സംഘർഷമുണ്ടായപ്പോഴും ഭാരതീയരെ മടക്കിക്കൊണ്ടു വന്നതും മോദിയുടെ ഗാരന്റിയാണ്. മോദിയുടെ ഗാരന്റി എന്ന പ്രധാനമന്ത്രിയുടെ പ്രഖ്യാപനം തുടർന്നതോടെ അവസാനം സദസും ‘മോദിയുടെ ഗാരന്റി’ എന്ന് ഏറ്റുപറഞ്ഞു.

ബി.ജെ.പി. സർക്കാരിനു നാലു വിഭാഗങ്ങളാണു പ്രധാനമെന്നു നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു. ദരിദ്രർ, യുവാക്കൾ, കർഷകർ, സ്ത്രീകൾ എന്നീ നാലു വിഭാഗങ്ങൾക്കും സർക്കാർ സഹായം ലഭ്യമാക്കാൻ പരിശ്രമിക്കുകയാണ്. കേരളത്തിൽ ഏറെക്കാലമായി ഇടത്-വലത് മുന്നണികൾ വഞ്ചനയുടെ നാടകം കളിക്കുകയാണ്. രണ്ടുപേരും അഴിമതിയും കുടുംബവാഴ്ചയും ഒരുമിച്ചു നടപ്പാക്കുന്നു. ഇന്ത്യ മുന്നണിയുണ്ടാക്കി അവരൊന്നാണെന്നു തെളിയിച്ചിരിക്കുകയാണ്. കേരള വികസനത്തിനു ബി.ജെ.പി. അധികാരത്തിൽ വരണം. സംസ്ഥാന വികസനത്തിലൂടെയാണ് രാജ്യവികസനം എന്നാണ് ബി.ജെ.പി. സർക്കാർ വിശ്വസിക്കുന്നതെന്നും പറഞ്ഞ പ്രധാനമന്ത്രി, മോദിവിരോധത്തിന്റെ പേരിൽ കേന്ദ്രപദ്ധതികൾ പലതും സംസ്ഥാന സർക്കാർ നടപ്പാക്കുന്നില്ലെന്നും കുറ്റപ്പെടുത്തി.

ബി.ജെ.പി. സംസ്ഥാന പ്രസിഡണ്ട് കെ. സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. കേന്ദ്രമന്ത്രി വി. മുരളീധരൻ പ്രസംഗം പരിഭാഷപ്പെടുത്തി. ബി.ജെ.പി. നേതാക്കളായ മുൻ കേന്ദ്രമന്ത്രി പ്രകാശ് ജാവഡേക്കർ, രാധാമോഹൻ അഗർവാൾ എം.പി., കുമ്മനം രാജശേഖരൻ, സി.കെ. പത്മനാഭൻ, പി.കെ. കൃഷ്ണദാസ്, ശോഭ സുരേന്ദ്രൻ, സുരേഷ് ഗോപി, അനിൽ ആന്റണി, എ.പി. അബ്ദുള്ളക്കുട്ടി, പ്രമീളാദേവി, തുഷാർ വെള്ളാപ്പള്ളി തുടങ്ങിയവർ പങ്കെടുത്തു.



തൃശൂർ തേക്കിൻകാട് മൈതാനത്തു സംഘടിപ്പിച്ച ‘സ്ത്രീശക്തി മോദിക്കൊപ്പം’ മഹിളാ സമ്മേളനം ഉദ്ഘാടനം ചെയ്യാനെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വരാജ് റൗണ്ടിലൂടെ നടത്തിയ റോഡ് ഷോ

## പദ്ധതികൾക്ക് മുൻകൂർ പരിസ്ഥിതി അനുമതി വേണം

ന്യൂഡൽഹി: വൻകിട ഖനനം ഉൾപ്പെടെയുള്ള പദ്ധതികൾക്ക് മുൻകൂർ പരിസ്ഥിതി അനുമതി വേണ്ടെന്ന കേന്ദ്ര സർക്കാർ ഉത്തരവിന് സുപ്രീംകോടതി സ്റ്റേ. വിഷയത്തിൽ നാലാഴ്ചയ്ക്കകം വിശദീകരണം നൽകണമെന്നു ചൂണ്ടിക്കാട്ടി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് കോടതി നോട്ടീസ് അയച്ചു.

2006-ലെ പരിസ്ഥിതി ആഘാത വിലയിരുത്തൽ വിജ്ഞാപനപ്രകാരം പദ്ധതികൾ ആരംഭിക്കുന്നതിന് മുൻകൂർ പരിസ്ഥിതി അനുമതി അനിവാര്യമാണെന്നു വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ, പദ്ധതികൾ ആരംഭിച്ച് ആറു മാസത്തിനുള്ളിൽ പരിസ്ഥിതി അനുമതി കരസ്ഥമാക്കിയാൽ മതിയെന്ന് 2017-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഉത്തരവിറക്കിയിരുന്നു. തുടർന്ന് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് (ഇ.ഐ.എ.) വിജ്ഞാപനത്തിനു കീഴിലുള്ള ഖനന പദ്ധതികൾക്ക് മുൻകൂർ പാരിസ്ഥിതിക അനുമതി ആവശ്യമില്ലെന്ന് 2021 ജൂലൈയിലും 2022 ജനുവരിയിലും കേന്ദ്ര സർക്കാർ ഉത്തരവുകൾ ഇറക്കി. ഇതു ചോദ്യം ചെയ്ത് വനശക്തി എന്ന സന്നദ്ധ സംഘടന നൽകിയ ഹർജിയിലാണ് ജസ്റ്റിസുമാരായ ബി.ആർ. ഗവായ്, സന്ദീപ് മെഹ്ത എന്നിവരടങ്ങിയ രണ്ടംഗ ബെഞ്ചിന്റെ നടപടി.

പാരിസ്ഥിതിക അനുമതി നൽകുന്നതിനു സമ്മർദം ചെലുത്തുന്നതും മുൻകൂർ പാരിസ്ഥിതിക അനുമതി നൽകണമെന്ന് നിഷ്കർഷിക്കുന്നതുമായ വിജ്ഞാപനമാണു കേന്ദ്രസർക്കാർ പുറത്തിറക്കിയതെന്ന് വനശക്തിക്കുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ഗോപാൽ ശങ്കരനാരായണൻ ചൂണ്ടിക്കാട്ടി. 2021 ജൂലൈയിലെ ഉത്തരവിനു വിരുദ്ധമായാണ് പദ്ധതികൾക്ക് അനുമതി നൽകിയതെങ്കിലും പദ്ധതികൾ ആരംഭിക്കുന്നതിനുമുമ്പ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് (ഇ.ഐ.എ.) മുൻകൂർ അനുമതി നിർബന്ധമാക്കുന്നുണ്ട്. ഇതു നിയമപ്രകാരം നിഷേധിക്കാൻ സാധിക്കാത്ത ആവശ്യമാണ്.

സുസ്ഥിര വികസനത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും ലക്ഷ്യങ്ങൾ സന്തുലിതമാക്കാൻ ഉതകുന്ന ഉത്തരവ് സുപ്രീംകോടതി പുറപ്പെടുവിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

HEATING & AIR CONDITIONING
Honest
Reliable
Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers
24 Hour Emergency Service


• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion


PINNACLE MORTGAGE
MAKING YOUR DREAMS COME TRUE

George Kurian
Mortgage Specialist
NMLS ID 220917
1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage
“Licensed to originate Mortgage both in Illinois and Georgia”


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


IPAOK.ORG
SEEKING
LEAD/SENIOR PASTOR
Qualifications
5+ years experience
Theological education (preferably with secular bachelor's degree)
Ability to minister to Malayalam and English speaking members
US citizenship or permanent residency
Additional Information
Relocation assistance available
Start date: Summer 2024
FOR MORE INFORMATION/APPLICATION PROCESS VISIT:
WWW.IPAOK.ORG/CAREERS
12221 PARK AVE, YUKON, OKLAHOMA 73099
careers@ipaok.org | WWW.IPAOK.ORG


THE PREMIER GASOLINE DISTRIBUTION COMPANY
Gas
DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

# അറുപത്തിരണ്ടാമത് സ്കൂൾ കലോത്സവത്തിന് കൊല്ലത്ത് തുടക്കമായി

കൊല്ലം: ധനുമാസത്തിന്റെ ആർദ്ര രാവുകളെ പ്രതിഭകളുടെ കാൽച്ചിലമ്പും നാദവിസ്മയവുംകൊണ്ട് അനുഗ്രഹിക്കാൻ ഏഷ്യയിലെ ഏറ്റവും വലിയ കൗമാര കലാവസന്തത്തിന് ദേശിംഗനാട്ടിൽ തിരശീല ഉയർന്നു.

ഇതു നാലാം തവണയാണ് കലാമാമാങ്കത്തിന് കൊല്ലം വേദിയാകുന്നത്. 1988, 1998, 2008 വർഷങ്ങളിലും കൊല്ലം കലാമാമാങ്കത്തിനു വേദിയായിട്ടുണ്ട്. മോഹിനിയാട്ടവും സംഘനൃത്തവും ഭരതനാട്യവും കോൽക്കളിയും മാർഗംകളിയും കഥകളിയും മോണോ ആക്ടും ഏതു കൊടുംവരൾച്ചയിലും മലയാളനാടിനു മാനവികതയുടെ ഈടുറ്റ നീർച്ചാലുകളാണെന്നു തോന്നിപ്പിക്കുന്ന തുടക്കം. 24 വേദികളിലായി 239 ഇനങ്ങളിലാണ് മത്സരം.

സംസ്ഥാന സ്കൂൾ കലോത്സവം ആശ്രാമം മൈതാനത്തെ പ്രധാന വേദിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. വേദിയിൽ എച്ച്.എസ്. വിഭാഗം പെൺകുട്ടികളുടെ മോഹിനിയാട്ട മത്സരത്തോടെ വേദികൾ ഉണർന്നു. വൈവിധ്യങ്ങളെ പ്രോത്സാഹിപ്പിക്കണം എന്നും കുട്ടികളിൽ കലുഷിതമായ മത്സരബുദ്ധി വളർത്തരുതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. ഗോത്രകലകൾ അടുത്ത വർഷം മുതൽ മത്സരയിനമാക്കുമെന്നും മുഖ്യമന്ത്രി പ്രഖ്യാപിച്ചു. കലോത്സവങ്ങളിൽ കുട്ടികളുടെ മത്സരങ്ങളാണ് നടക്കുന്നത്. അവരുടെ മനസുകളിൽ കലുഷിതമായ മത്സരബുദ്ധി അധ്യാപകരോ രക്ഷിതാക്കളോ വളർത്തരുത്. പങ്കെടുക്കലാണ് പ്രധാനം. കല പോയിന്റ് വാങ്ങാനുള്ള ഉപാധിയായി കാണരുത്.

കലോത്സവം കുട്ടികളുടേതു മാത്രമാണ്, രക്ഷിതാക്കളുടേത് അല്ലെന്നോർക്കണം. ജയം മാത്രമല്ല, പരാജയവും നേരിടാൻ പഠിക്കണം. ഇവിടെ വിജയിക്കുന്ന എത്ര പേർ ഭാവിയിൽ മുന്നേറുന്നു എന്നതും പരിശോധിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്. ഷാനവാസ് ആശ്രാമം മൈതാനത്തു പതാക ഉയർത്തിയാണ് ഔദ്യോഗിക തുടക്കമിട്ടത്. തുടർന്നു കാസർഗോട്ടുനിന്നുള്ള ഭിന്നശേഷി കുട്ടികളുടെ ചെണ്ടമേളവും കലോത്സവ ചരിത്രത്തിൽ ആദ്യമായി ഗോത്ര കല ഉൾക്കൊള്ളിച്ചു മംഗലംകളിയും സിനിമാതാരവും നർത്തകിയുമായ ആശ ശരത്തും സംഘവും അവതരിപ്പിച്ച് സ്വാഗത ഗാനത്തിന്റെ ദൃശ്യാവിഷ്കാരവും പ്രധാന  വേദിയിൽ അരങ്ങേറി.



കൊല്ലത്ത് ആരംഭിച്ച 62-ാമത് കേരള സ്കൂൾ കലോത്സവത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്; ജനങ്ങളുടെ അഭിപ്രായം തേടുന്നു

ന്യൂഡൽഹി: ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് വിഷയത്തിൽ പൊതുജനങ്ങളിൽനിന്ന് അഭിപ്രായം ക്ഷണിച്ച് കേന്ദ്രസർക്കാർ. നിലവിലെ രീതിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ഈ മാസം 15-നകം അഭിപ്രായം അറിയിക്കണമെന്നാണു പത്ര പരസ്യത്തിൽ ആവശ്യപ്പെടുന്നത്. നിർദേശങ്ങൾ ഒറ്റത്തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിയമമന്ത്രാലയം നിയമിച്ച ഉന്നതതല സമിതിക്ക് കൈമാറുമെന്നും സമിതി സെക്രട്ടറിയുടെ പേരിൽ പുറത്തിറങ്ങിയ പരസ്യത്തിൽ പറയുന്നു. ഈ വർഷം നടക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ മാറ്റമുണ്ടാകില്ലെങ്കിലും 2029-ലെ തെരഞ്ഞെടുപ്പ് ലോക്സഭ, നിയമസഭ ഉൾപ്പെടെ ഒന്നിച്ചു നടത്താനാണ് കേന്ദ്രത്തിന്റെ നീക്കം. ഇതുസംബന്ധിച്ച് പത്തു ദിവസത്തിനകം പൊതുജനങ്ങൾക്ക് അഭിപ്രായം അറിയിക്കാം. മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് അധ്യക്ഷനായ എട്ടംഗ സമിതിയാണ് ഈ നിർദേശങ്ങൾ പരിഗണിക്കുക. തദ്ദേശ തെരഞ്ഞെടുപ്പ് മുതൽ ലോക്സഭാ തെരഞ്ഞെടുപ്പ്വരെ ഒരുമിച്ച് നടത്താനും സാധ്യതയുണ്ട്. പ്രതിപക്ഷം ശക്തമായി എതിർക്കുമ്പോഴും കേന്ദ്രം പദ്ധതിയുമായി മുന്നോട്ടുപോകുന്നു എന്നതിന്റെ തെളിവായി വേണം പരസ്യത്തെ കാണാൻ.

കഴിഞ്ഞ വർഷം സെപ്റ്റംബറിലാണ് ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് സമിതിയുടെ ആദ്യ സമ്പൂർണ യോഗം ചേർന്നത്. എട്ടംഗ സമിതിയാണു രൂപീകരിച്ചതെങ്കിലും കോൺഗ്രസ് ലോക്സഭാ കക്ഷി നേതാവ് അധീർ രഞ്ജൻ ചൗധരി സമിതിയിൽനിന്ന് പിന്മാറിയിരുന്നു. രാംനാഥ് കോവിന്ദ് അധ്യക്ഷനായ സമിതിയിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, ഗുലാം നബി ആസാദ്, ഹരീഷ് സാൽവെ, എൻ.കെ. സിഗ്, ഡോ. സുഭാഷ് കശ്യപ്, സഞ്ജയ് കോത്താരി എന്നിവരാണ് മറ്റ് അംഗങ്ങൾ. ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പിന് അനുകൂല നിലപാടാണ് ദേശീയ നിയമ കമ്മീഷൻ സ്വീകരിച്ചത്. അതേസമയം ഒന്നിച്ചുള്ള തെരഞ്ഞെടുപ്പിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്ക് സാവകാശം വേണമെന്നാണു തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിലപാട്. ഒരു വർഷമെങ്കിലും തയാറെടുപ്പിന് വേണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. വിഷയത്തിൽ രാഷ്ട്രീയ പാർട്ടികളുടെയും അഭിപ്രായം തേടാൻ സമിതി നേരത്തെ തീരുമാനിച്ചിരുന്നു.

# ഗവർണറോട് ഏറ്റുമുട്ടി സർവകലാശാലകളും

കോട്ടയം: സർക്കാരിനു പുറമെ വൈസ് ചാൻസലർ നിയമനത്തിൽ ഗവർണറോട് ഏറ്റുമുട്ടി സർവകലാശാലകളും. സ്ഥിരം വിസി നിയമനത്തിനുള്ള സെർച്ച് കമ്മിറ്റിയിലേക്ക് പ്രതിനിധികളെ നല്കാൻ സർവകലാശാലകളോട് ചാൻസലർ കൂടിയായ ഗവർണർ ആവശ്യപ്പെട്ടിരുന്നു. ഇതിനോട് അനുകൂലമായി പ്രതികരിക്കേണ്ടതില്ലെന്നാണ് സർവകലാശാലകളുടെ പൊതുനിലപാട്. ഗവർണറുടെ ആവശ്യം അംഗീകരിക്കേണ്ടെന്ന് കേരള സർവകലാശാലയ്ക്കു നിയമോപദേശവും ലഭിച്ചു.

സർവകലാശാലകളുമായി ബന്ധപ്പെട്ടു നിയമസഭ പാസാക്കിയ ബില്ലുകൾ രാഷ്ട്രപതിക്കയച്ച ഗവർണറുടെ അതേ നടപടി തന്നെയാണ് സെർച്ച് കമ്മിറ്റിയിലേക്ക് പ്രതിനിധികളെ നല്കാനുള്ള നിർദേശത്തിനെതിരെ ആയുധമാക്കുന്നത്. ഗവർണറെ ചാൻസലർ സ്ഥാനത്തു നിന്ന് മാറ്റുന്നതിനും വിസി നിയമനത്തിനുള്ള സെർച്ച് കമ്മിറ്റി വിപുലീകരിക്കുന്നതുമായ രണ്ട് ബില്ലുകൾ നിലവിൽ രാഷ്ട്രപതിയുടെ പരിഗണനയിലാണ്. അതിനാൽ സെർച്ച് കമ്മിറ്റിയിലേക്ക് പ്രതിനിധിയെ അയയ്ക്കുന്നത് ഉചിതമല്ലെന്നാണ് കേരള സർവകലാശാലയ്ക്കു ലഭിച്ച നിയമോപദേശം. ഗവർണറുടെ ആവശ്യപ്രകാരം സെർച്ച് കമ്മിറ്റി.ിലേക്ക് പ്രതിനിധിയെ അയയ്ക്കുന്ന കാര്യത്തിൽ നടപടിയെടുക്കാൻ കേരള സർവകലാശാല താൽക്കാലിക വിസി ഡോ. മോഹൻ കുന്നുമ്മൽ നിർദേശിച്ചെങ്കിലും രജിസ്ട്രാർ നിയമോപദേശം തേടുകയായിരുന്നു. സാങ്കേതിക സർവകലാശാലാ വിസിയായിരുന്ന ഡോ. എം.എസ്. രാജശ്രീയുടെ പദവി റദ്ദാക്കിയ നടപടിയും കോടതിയുടെ പരിഗണനയിലാണ്. കേരള സർവകലാശാലാ സെനറ്റിലേക്ക് നാല് വിദ്യാർത്ഥി പ്രതിനിധികളെ നാമനിർദേശം ചെയ്തത് ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നു. കേരള സർവകലാശാലാ ചട്ടപ്രകാരം സെർച്ച് കമ്മിറ്റി അംഗത്തെ ഏകകണ്ഠമായാണ് തീരുമാനിക്കേണ്ടത്. അതേസമയം യുജിസി വ്യവസ്ഥപ്രകാരം ഒന്നിലധികം പേരുകൾ സമർപ്പിക്കണം.

ഈ വൈരുദ്ധ്യം സംബന്ധിച്ചും തർക്കം നിലവിലുണ്ട്. കോടതിയിലുള്ള സമാനമായ കേസുകൾ തീർപ്പാകാതെ സെർച്ച് കമ്മിറ്റിയിലേക്ക് പ്രതിനിധികളെ നല്കേണ്ടതില്ലെന്നും കേരള സർവകലാശാലയ്ക്കു നിയമോപദേശം ലഭിച്ചു. ഇക്കാര്യങ്ങൾ വിശദമായി ചാൻസലറെ അറിയിക്കും. ഇതേ നിയമോപദേശത്തിന്റെ ചുവടുപിടിച്ച് മറ്റ് സർവകലാശാലകളും ഗവർണറുടെ ആവശ്യം നിരാകരിക്കുമെന്നാണ് സൂചന.

# രൺധീർ ജയ്സ്വാൾ വിദേശകാര്യ വക്താവായി ചുമതലയേറ്റു

ന്യൂഡൽഹി: വിദേശകാര്യ മന്ത്രാലയത്തിന്റെ പുതിയ വക്താവായി രൺധീർ ജയ്സ്വാൾ ചുമതലയേറ്റു. നിലവിൽ വക്താവായിരുന്ന അരിന്ദം ബാഗ്ചി ജനീവയിൽ ഐക്യരാഷ്ട്രസഭയിൽ ഇന്ത്യയുടെ സ്ഥിരം പ്രതിനിധിയായി ചുമതലയേൽക്കുന്നതിനെത്തുടർന്നാണ് ജയ്സ്വാളിന്റെ നിയമനം. 1998 ബാച്ച് ഐ.എഫ്.എസ്. ഉദ്യോഗസ്ഥനായ രൺധീറിന് നയതന്ത്രരംഗത്ത് 26 വർഷത്തെ പ്രവർത്തന പരിചയമുണ്ട്. നേരത്തേ പോർച്ചുഗൽ, ക്യൂബ, ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങളിലും ന്യൂയോർക്കിൽ ഐക്യരാഷ്ട്രസഭയുടെ സ്ഥിരം ദൗത്യത്തിലും പ്രവർത്തിച്ചിരുന്നു. വിദേശകാര്യമന്ത്രാലയത്തിൽ അമേരിക്ക വിഭാഗത്തിൽ ഡപ്യൂട്ടി സെക്രട്ടറി, പശ്ചിമ യൂറോപ്പ് വിഭാഗത്തിൽ ജോയിന്റ് സെക്രട്ടറി എന്നീ പദവികളിലും പ്രവർത്തിച്ചിട്ടുണ്ട്.






KERALA EXPRESS പ്രവാസി താളുകൾ

**കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി കെപിസിസി പ്രസിഡന്റ് കെ. സുധാകരനുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്**

# കോൺഗ്രസ് അമേരിക്കയിലും ഒറ്റക്കെട്ട്; ഐഒസിയും ഒഐസിസിയും യോജിച്ച് പ്രവർത്തിക്കും: കെ.സുധാകരൻ



**ജോസ് കണിയാലി**

അമേരിക്കയിലെ കോൺഗ്രസ് പ്രവർത്തകരെ ഒരു കുടക്കീഴിൽ അണിനിരത്തി കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ. ഐഒസി, ഒഐസിസി സംഘടനകൾ പിണക്കങ്ങൾ മറന്ന് ഒരുമിക്കുന്നുവെന്നും, അതിന് നേതൃത്വം നൽകാൻ തനിക്ക് സാധിച്ചതിൽ അഭിമാനമുണ്ടെന്നും കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ കേരളാ എക്സ്പ്രസ്സിനോട് പറഞ്ഞു. ചിക്കാഗോയിൽ വെച്ച് കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി സംസാരിക്കവെയാണ് ഇക്കാര്യം അദ്ദേഹം വെളിപ്പെടുത്തിയത്.



ഐഒസിയും, ഒഐസിസിയും കോൺഗ്രസ്സിന്റെ കീഴിൽ ഇവിടെ പ്രവർത്തിക്കുന്ന രണ്ട് പോഷക സംഘടനകളാണ്. അവ തമ്മിൽ മത്സരിക്കേണ്ട സംഘടനകൾ അല്ല. അത് ഒരിക്കലും കോൺഗ്രസിനോ അമേരിക്കൻ മലയാളി സമൂഹത്തിനോ ഗുണകരമാവില്ല. അത് ഞാൻ ഇവിടെ വന്നപ്പോൾ തന്നെ മനസിലാക്കുകയും രണ്ട് സംഘടനകളുടേയും നേതാക്കന്മാരുമായി സംസാരിക്കുകയും സംയുക്തമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്തു. രണ്ട് സംഘടനയായി തുടരുന്നതിൽ കുഴപ്പമില്ല. പക്ഷെ പ്രവർത്തനങ്ങൾ കോൺഗ്രസിന്റെ നയങ്ങൾക്ക് അനുസൃതമായും വിജയത്തിനായും വേണം നടക്കുവാൻ. സാം പിട്രോഡയുമായി ഈ വിഷയം സംസാരിക്കുകയും അദ്ദേഹവും പച്ചക്കൊടി കാട്ടിയതോടെ ഇനിയും അമേരിക്കയിൽ ഈ സംഘടനകളുടെ പ്രവർത്തനങ്ങൾ ഒരേ മനസ്സോടെ ആയിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോൺഗ്രസിന് ഇപ്പോൾ വേണ്ടത് പരസ്പരമുള്ള മത്സരമല്ല. ഇന്ത്യയിൽ ഭരണമാറ്റം ഉണ്ടാകുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. പാർലമെന്റ് തെരഞ്ഞെടുപ്പിന് ഇന്ത്യയിലെ ജനങ്ങളെ തയ്യാറാക്കേണ്ടതുണ്ട്. കേരളത്തിൽ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഉണ്ടായ വിജയം ആവർത്തിക്കുമ്പോൾ ഇരുപതിൽ ഇരുപത് സീറ്റും യുഡിഎഫിന് ലഭിക്കേണ്ടതുണ്ട്. അതിനെല്ലാം പ്രവാസികൾ ഉൾപ്പെടെ, പ്രവാസി കോൺഗ്രസ് പ്രവർത്തകരുടേയും പിന്തുണ ഉണ്ടാകണം. അതിന് ഭിന്നിച്ച് നിന്നുള്ള പ്രവർത്തനം അഭികാമ്യമല്ല. അതിനാലാണ് എന്റെ ആദ്യ സന്ദർശനത്തിൽത്തന്നെ ഒഐസിസി, ഐഒസി സംഘടനകളുടെ ഒത്തുചേരലിനായി പ്രവർത്തിച്ചത്. അത് വിജയിച്ചതിൽ ചാരിതാർത്ഥ്യം ഉണ്ട്.

**ചോദ്യം:** ബിജെപിയുടെ ലക്ഷ്യം കോൺഗ്രസ് മുക്ത ഭാരതമാണല്ലോ. കേരളത്തിൽ സിപിഎമ്മിന്റെ അജണ്ടയും അതു തന്നെ ആണല്ലോ. അപ്പോൾ ബിജെപിയും സിപിഎമ്മും തമ്മിൽ കേരളത്തിൽ ചില ബാന്ധവങ്ങൾക്ക് സാധ്യത ഉണ്ടാവില്ലേ? ഒരു പൊതു ശത്രുവിനെ ഇല്ലാതാക്കാൻ ഉള്ള ശ്രമം?

'കോൺഗ്രസ് മുക്ത ഭാരതം' എന്ന ബിജെപിയുടെയും കേരളത്തിൽ കോൺഗ്രസിനെ ഇല്ലാതാക്കാനുള്ള സിപിഎമ്മിന്റെ ശ്രമത്തേയും ഞാൻ ഒന്നായിട്ടേ കാണുന്നുള്ളു. പക്ഷേ അത് ഇന്ത്യയിൽ ഒരിടത്തും വിലപ്പോവില്ല എന്ന് മാറി വരുന്ന സാഹചര്യങ്ങൾ തെളിയിച്ചു കൊണ്ടിരിക്കുന്നു. കേരളത്തിൽ ബിജെപിക്ക് വേരോട്ടം സമീപ ഭാവിയിൽ ഉണ്ടാവില്ല എന്ന് അവർക്ക് തന്നെ അറിവുള്ളതാണ്. ബിജെപിക്ക് സീറ്റ് ഉണ്ടാക്കി കൊടുക്കാനുള്ള സിപിഎമ്മിന്റെ ശ്രമത്തെ കേരളത്തിലെ ജനങ്ങൾ തന്നെ തോൽപ്പിക്കും. ശിവശങ്കർ ജയിലിൽ കിടക്കുന്നു. പിണറായി വിജയൻ എന്തുകൊണ്ട് ജയിലിൽ കയറുന്നില്ല എന്ന് ചിന്തിച്ചാൽ മാത്രം മതി അവരുടെ ബാന്ധവം നമുക്ക് മനസിലാക്കാൻ. ഇ.ഡി പിണറായി വിജയനെക്കുറിച്ച് ഒരക്ഷരം പോലും പറയുന്നില്ലല്ലോ. ഇതൊക്കെ കേരളത്തിലെ പൊതു സമൂഹം വിലയിരുത്തുന്നുണ്ട്. നവകേരള യാത്രയ്ക്ക് പുതുതലമുറ നൽകിയ അഭിപ്രായങ്ങളൊക്കെ നാം കണ്ടതാണല്ലോ. അതെല്ലാം വരാൻ പോകുന്ന തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസിന് അനുകൂലമായ തരംഗമായി മാറും.

**ചോദ്യം:** ഇന്നിപ്പോൾ കെപിസിസി മീറ്റിംഗ് നടന്നല്ലോ. എന്തെല്ലാം കാര്യങ്ങളാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്കെതിരെ ആയുധമാക്കുന്നത്? അവയെ എല്ലാം ജനങ്ങൾക്ക് മുൻപിൽ കൊണ്ടുവരണ്ടേ?

**ഉത്തരം:** തീർച്ചയായും. ജനാധിപത്യത്തിന്റെ ശ്രീകോവിൽ ആയ ഇന്ത്യൻ പാർലമെന്റിൽ കഴിഞ്ഞ ദിവസങ്ങളിൽ നടന്ന കാര്യങ്ങൾ നമ്മുടെ ജനാധിപത്യ സമൂഹത്തിന് ഭൂഷണമാണോ? എം.പിമാരെ ഒരു കാരണവും ഇല്ലാതെ സസ്പെൻഡ് ചെയ്യുക. എന്നെയും സസ്പെൻഡ് ചെയ്തു. ഞാൻ ചെയ്ത കുറ്റം എന്താണെന്ന് എനിക്കറിയില്ല. ഇതാണ് അവസ്ഥ. നരേന്ദ്ര മോദി ഒരു ഏകാധിപതി ആയിക്കഴിഞ്ഞു. കേരളത്തിലും ഇതു തന്നെ അവസ്ഥ. ഇതിനെതിരായ ശാക്തീകരണം ഉടൻ ഉണ്ടാകും. കേരളത്തിൽ നടന്ന അഴിമതികളുടെ രേഖകൾ അച്ചടിച്ച് ജനങ്ങളിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾക്ക് ഉടൻ തുടക്കമിടും. അതിനായി ഒരു ടീമിനെ തന്നെ സജ്ജമാക്കും. പ്രവർത്തനങ്ങൾ സജീവമാക്കും.

**ചോദ്യം:** ബിജെപിയുടെ ക്രൈസ്തവ സ്നേഹവും സഭാ പാതിരിമാരുടെ ബിജെപി പ്രവേശനത്തേയും മണിപ്പൂർ വിഷയങ്ങളുടെ പശ്ചാത്തലത്തിൽ എങ്ങനെ വിലയിരുത്തുന്നു?

**ഉത്തരം:** ബിജെപിയിലേക്ക് ചേക്കേറുന്ന ക്രൈസ്തവ പുരോഹിതരെ അനുയായികൾ തിരുത്തും എന്നാണ് എന്റെ വിശ്വാസം. മണിപ്പൂർ വിഷയം പെട്ടെന്ന് ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തിന് മറക്കാറായോ. ഈ രാജ്യത്ത് ബിജെപിയെ എന്തിന്റെ അടിസ്ഥാനത്തിലാണ് വിശ്വസിക്കേണ്ടത്. ഈ സാഹചര്യം ഇന്ത്യൻ യുവ സമൂഹം തിരിച്ചറിയും. അവിടെയാണ് ഞങ്ങളുടെ പ്രതീക്ഷ. ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്കെതിരെ നടക്കുന്ന അടിച്ചമർത്തലുകൾ രാജ്യവ്യാപകമായി ചർച്ച ചെയ്യുകയും വലിയ മാറ്റങ്ങൾക്ക് തുടക്കമിടുവാൻ രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ഈ മാസം 14-ന് ഭാരത് ന്യായ് യാത്ര ആരംഭിക്കുന്നത് മണിപ്പൂരിൽ നിന്നാണ്. ബിജെപിയുടെ വിദ്വേഷ ഭൂമികയിൽ സ്നേഹത്തിന്റെ കട തുറക്കുന്ന രാഹുൽ ഗാന്ധിയുടെ യാത്ര ചരിത്ര സംഭവമായി മാറും.

**ചോദ്യം:** അമേരിക്കയിലേക്ക് ആദ്യമായി നടത്തിയ യാത്ര. എന്ത് തോന്നുന്നു?

**ഉത്തരം:** കേരളം പോലെ തന്നെ. എന്നെയും സഹധർമ്മിണിയേയും ഏറെ സന്തോഷിപ്പിച്ചത് കേരളാ ഭക്ഷണം ഇവിടെ വെച്ച് കഴിച്ച നിമിഷങ്ങളാണ്. സ്നേഹമുള്ള മനുഷ്യർക്കൊപ്പമാണ് ഞങ്ങൾ. അത് തന്നെ വലിയ സന്തോഷം. നിരവധി മലയാളി സുഹൃത്തുക്കളുമായി ബന്ധം സ്ഥാപിക്കുവാൻ സാധിച്ചു. നാട്ടിൽ നിന്നും വ്യത്യസ്തമായി രാഷ്ട്രീയ പ്രവർത്തനം ഉൾപ്പെടെ നിരവധി പ്രവർത്തനങ്ങളിൽ പങ്കാളികളായ മലയാളി സമൂഹം ശരിക്കും എന്നെ അത്ഭുതപ്പെടുത്തുന്നു.

കെപിസിസിയുടെ രണ്ടര മണിക്കൂർ നീണ്ട സൂം മീറ്റിംഗിന് ശേഷം ഒന്നുകൂടി ഊർജ്ജസ്വലനായ കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ കുറച്ച് സമയം കേരളാ എക്സ്പ്രസ്സിനോട് സംസാരിക്കുമ്പോൾ കരുത്തനായ ഒരു നേതാവിനപ്പുറം നമ്മുടെ നാടിന്റെ വിജയത്തിന് കൂട്ടായി പ്രവർത്തിക്കുവാൻ സ്ഥാനമാനങ്ങളേക്കാൾ ഐക്യത്തിനും സ്നേഹത്തിനും വില നൽകുന്ന ഒരാളെ കാണാൻ സാധിച്ചതിലുള്ള സന്തോഷം ഞാൻ അറിയിക്കുകയും ചെയ്തു. അത് സത്യമാണെന്ന് മനസിലാക്കാൻ അദ്ദേഹത്തിന്റെ കടന്നുവന്ന വഴികൾ പരിശോധിച്ചാൽ നമുക്ക് മനസിലാകും.

ഈ അഭിമുഖത്തിനൊപ്പം ഉണ്ടായിരുന്ന ഒഐസിസി ചെയർമാൻ ജെയിംസ് കൂടൽ, റിൻസി കുര്യൻ എന്നിവർക്ക് പ്രത്യേകം നന്ദി.

# ഡോ. ആനി പോൾ റോക്ക്‌ലാൻഡ് കൗണ്ടിയുടെ വൈസ് ചെയർ

ന്യൂയോർക്ക്: അമേരിക്കൻ കുടിയേറ്റ ചരിത്രത്തിൽ വീണ്ടും ചരിത്രം കുറിച്ചുകൊണ്ട് ഡോ. ആനി പോൾ റോക്ക്‌ലാൻഡ് കൗണ്ടി ലെജിസ്ലേച്ചറായി നാലാം തവണയും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.




ന്യൂയോർക്ക് സംസ്ഥാനത്തെ റോക്ക്‌ലാൻഡ് കൗണ്ടിയുടെ നിയമസഭാ വൈസ് ചെയറായി തെരഞ്ഞെടുക്കപ്പെട്ട ആദ്യ ഇന്ത്യൻ വനിതയെന്ന ഖ്യാതിയും മലയാളിക്ക് സ്വന്തം. നാലാം തവണയും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഡോ. ആനി പോൾ വൈസ് ചെയറായി ചുമതലയേറ്റു. കഠിനാദ്ധ്വാനം ചെയ്താൽ വിദേശമണ്ണിലെ രാഷ്ട്രീയത്തിലും ഇന്ത്യക്കാർക്ക് ചുവടുറപ്പിക്കാനാകുമെന്നാണ് ആനി പോളിന്റെ പക്ഷം.

സത്യപ്രതിജ്ഞാ ചടങ്ങ് ജനുവരി മൂന്നിന് ന്യൂസിറ്റിയിലെ കൗണ്ടി ഹാളിൽവെച്ച് നടന്നു. സത്യപ്രതിജ്ഞാ ചടങ്ങിന് സാക്ഷ്യം വഹിക്കാൻ വിവിധ സ്റ്റേറ്റുകളിൽ നിന്ന് തന്റെ കുടുംബാംഗങ്ങളും ഒട്ടേറെ സംഘടനാ പ്രവർത്തകരും സുഹൃത്തുക്കളും എത്തിയിരുന്നു.

അമേരിക്കൻ ഭരണഘടനയും നിയമങ്ങളും പാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും പുറമെ കൗണ്ടി നിയമങ്ങളും ചട്ടങ്ങളും സംരക്ഷിക്കുകയും ജനങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യുമെന്ന് വലതുകൈ ഉയർത്തി മറ്റ് ലെജിസ്ലേറ്റർമാർക്കൊപ്പം ആനി പോളും സത്യപ്രതിജ്ഞ ചെയ്തതോടെ അടുത്ത നാല് വർഷത്തെ കൗണ്ടിയുടെ ജനജീവിതത്തിലെ ഭാഗധേയം നിർണ്ണയിക്കാനുള്ള ചുമതലയിലേക്ക് ഉയർത്തപ്പെട്ടു. തുടർന്ന് ഡിസ്ട്രിക്ട് അടിസ്ഥാനത്തിൽ കൗണ്ടി ക്ലാർക്ക് ഓരോരുത്തരെയായി ആമുഖപ്രസംഗം നടത്തുവാനും രജിസ്റ്ററിൽ ഒപ്പുവെക്കാനും ക്ഷണിച്ചു.

മകൾ നടാഷയുടെ കൈയിലെ ബൈബിളിൽ തൊട്ട് സത്യപ്രതിജ്ഞ

സെബാസ്റ്റ്യൻ ആന്റണി

ചെയ്ത ഡോ. ആനി പോൾ അത്തരമൊരു സ്ഥാനത്തിനു തന്നെ പരിഗണിച്ച എല്ലാവർക്കും നന്ദി പറഞ്ഞു. കഴിഞ്ഞ നാല് വർഷമായി വൈസ് ചെയർ എന്ന നിലയിൽ നടത്തിയ പ്രവർത്തനങ്ങളിൽ സംതൃപ്തിയുണ്ട്. വൈസ് ചെയർ സ്ഥാനത്തും സമൂഹത്തിനു വേണ്ടിയുള്ള പ്രവർത്തനം തുടരും.




ചെയർമാൻ ജയ് ഹൂഡിനേയും അദ്ദേഹത്തിന്റെ മഹത്തായ നേതൃത്വത്തെയും അഭിനന്ദിച്ചു. സത്യപ്രതിജ്ഞയിൽ ഹോണറബിൾ ഡിഎ ടോം വാൽഷ് നും കൗണ്ടി ക്ലർക്ക് ഹോണറബിൾ ഡോണ സിൽബർമാനും തന്റെ നന്ദി അറിയിച്ചു. ഈ സ്ഥാനത്തേക്ക് തന്നെ നിർദേശിച്ച ലെജിസ്ലേറ്റർ ടോണി ഏളിനും പിന്താങ്ങിയ ലെജിസ്ലേറ്റർ ആൾഡൻ വോൾഫിനും പ്രത്യേകം നന്ദി പറഞ്ഞു. ഈ സഭ തന്നിലർപ്പിച്ച വിശ്വാസത്തിനു നന്ദി പറഞ്ഞു.

ആനി പോളിന്റെ ഊഴമെത്തിയപ്പോൾ സദസ്സിൽ കരഘോഷം ഉയർന്നു. തന്നെ വീണ്ടും തെരഞ്ഞെടുക്കാൻ സഹായിച്ച, സഹകരിച്ച, അതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും നന്ദിയോടെ സ്മരിച്ചുകൊണ്ടാണ് തന്റെ പ്രസംഗം തുടങ്ങിയത്. തെരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ എല്ലാവിധ സഹായവുമായി തന്നോടൊപ്പം നിഴലായി നിന്നിരുന്ന തന്റെ ഭർത്താവ് അഗസ്റ്റിൻ പോളിന്റെ അസാന്നിദ്ധ്യം വേദിയിൽ മൂകത പരത്തി. മകൾ നടാഷയോടൊപ്പം മറ്റു കുടുംബാംഗങ്ങളും സുഹൃത്തുക്കളും ചടങ്ങിൽ ഒപ്പമുണ്ടായിരുന്നു.

എവിടെ ആയിരിക്കുമ്പോഴും ചെയ്യുന്ന കാര്യങ്ങൾ നന്നായി ആത്മാർത്ഥമായി ചെയ്യണമെന്ന തന്റെ പിതാവിന്റെ വാക്കുകൾ ഓർമ്മിക്കുകയും അത് സദസ്യരുമായി പങ്കുവെക്കുകയും ചെയ്തു.

റോക്ക്‌ലാൻഡ് കൗണ്ടി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കായി പരിഹാരം കണ്ടെത്താൻ തുടർന്നും ഒറ്റക്കെട്ടായി പരിശ്രമിക്കുമെന്നും അതിനായി എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടായിരിക്കണമെന്നും അഭ്യർത്ഥിച്ചു.

എല്ലാ പ്രവർത്തനങ്ങൾക്കും തന്നോടൊപ്പം നിൽക്കുന്ന തന്റെ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും നന്ദി അറിയിച്ചതിനോടൊപ്പം എല്ലാ വാർത്താ മാധ്യമങ്ങൾക്കും പ്രത്യേകിച്ച് ഇ-മലയാളി, ഏഷ്യാനെറ്റ്, കൈരളി, മലയാളം പത്രം എന്നിവർക്കും പ്രത്യേകം നന്ദി അറിയിച്ചു.

# പുസ്തകപ്രകാശനം നിർവഹിച്ചു

കോട്ടയം: റവ.ഫാ. തോമസ് മുളവനാൽ രചിച്ച 'ജീവന്റെ മന്ന' എന്ന വിശുദ്ധ കുർബാനയെപ്പറ്റിയുള്ള ഏറ്റവും പുതിയ പുസ്തകത്തിന്റെ പ്രകാശനം കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് ആദ്യപ്രതി മാർ ജോസഫ് പണ്ടാരശേരി പിതാവിന് നല്കിക്കൊണ്ട് നിർവഹിച്ചു. തദവസരത്തിൽ ഗീവർഗീസ് മാർ അപ്രേം പിതാവ്, കൂരിയ വൈദികർ, ഈ വർഷം അതിരൂപതയിൽ തിരുപ്പട്ടം സ്വീകരിച്ച നവവൈദികർ, സമർപ്പിത സഹോദരങ്ങൾ തുടങ്ങി ഒട്ടനവധി പേർ സന്നിഹിതരായിരുന്നു. കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ടിന്റെ പൗരോഹിത്യ രജതജൂബിലി ആചരണ ദിനത്തിലാണ് ഈ പുസ്തകപ്രകാശനം കോട്ടയം ആർച്ച്ബിഷപ് ഹൗസിൽ വെച്ച് നിർവഹിച്ചത്.



വിശുദ്ധ കുർബാനയുടെ പഴയനിയമ പ്രതീകങ്ങൾ, ക്രിസ്തുവിൽ യാഥാർത്ഥ്യവൽക്കരിക്കപ്പെട്ട നിത്യസത്യ രഹസ്യങ്ങൾ, വിശുദ്ധ കുർബാനയുടെ ചരിത്ര സാക്ഷ്യങ്ങൾ, വിശുദ്ധ കുർബാനയും വെളിപാടു പുസ്തകവും, വിശുദ്ധ കുർബാനയും പരി. അമ്മയും, സീറോമലലബാർ കുർബാനയുടെ ഘടനാ വൈശിഷ്ട്യവും അർത്ഥതലങ്ങളും തുടങ്ങി ആധികാരികമായ പഠനവ്യാഖ്യാനങ്ങളാണ് സാധാരണക്കാരന് മനസ്സിലാകുന്ന രീതിയിൽ ലളിതമായ ഭാഷയിൽ ഈ പുസ്തകത്തിൽ ഫാ. തോമസ് മുളവനാൽ ആവിഷ്കരിച്ചിരിക്കുന്നത്.

സോഫിയ ബുക്സ് ആണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# കേരളാ അസോസിയേഷൻ ഓഫ് ചിക്കാഗോയുടെ ക്രിസ്മസ്-പുതുവത്സരാഘോഷവും അവാർഡ് നൈറ്റും പ്രൗഢോജ്വലമായി

ചിക്കാഗോ: കേരളാ അസോസിയേഷൻ ഓഫ് ചിക്കാഗോയുടെ ക്രിസ്മസ്-പുതുവത്സരാഘോഷവും അവാർഡ് നൈറ്റും പ്രൗഢഗംഭീരമായ സദസ്സിനെ സാക്ഷിനിർത്തി പ്രൗഢോജ്വലമായി നടത്തി. ഡിസംബർ 30-ന് ശനിയാഴ്ചനടന്ന ഈ സമ്മേളനത്തിനു വേദിയായത് ഡവണേഴ്സ് ഗ്രോവിലുള്ള ആഷിയാനാ ബാങ്കറ്റ് ഹാളായിരുന്നു.




അസി. ഇന്ത്യൻ കോൺസുലേറ്റ് ജനറലായ സജീവ് പാൽ, ഇല്ലിനോയി സ്റ്റേറ്റ് അസംബ്ലി റെപ്രസെന്റേറ്റീവ് കെവിൻ ഓലിക്കൽ, സെ. മേരീസ് ക്നാനായ ചർച്ച് വികാരി റവ.ഫാ. ബിൻസ് ചേത്തലിൽ, കമ്യൂണിറ്റി ലീഡറായ ഗ്ലാഡ്സൺ വർഗീസ് എന്നീ വിശിഷ്ട വ്യക്തികളുടെ മഹനീയ സാന്നിദ്ധ്യത്താലും വൈവിധ്യമാർന്ന കലാപരിപാടികളാലും ഏവർക്കും അവിസ്മരണീയ അനുഭവം സമ്മാനിച്ച സമ്മേളനമായിരുന്നു അരങ്ങേറിയത്.

പ്രസിഡണ്ട് ആന്റോ കവലയ്ക്കൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് ഹെറാൾഡ് ഫിഗുരെദോ സ്വാഗതം ആശംസിച്ചു. കെ.എ.സി പുതുതായി വാങ്ങി കേരളാ കൾച്ചറൽ സെന്ററിന്റെ ചെയർമാനായ പ്രമോദ് സക്കറിയ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ പ്രതിപാദിച്ചുകൊണ്ട് സംസാരിച്ച. റവ.ഫാ. ബിൻസ് ചേത്തലിൽ ക്രിസ്മസ്-പുതുവത്സര സന്ദേശം നല്കി പ്രസംഗിച്ചു.

മുഖ്യാതിഥിയായ ഇന്ത്യൻ അസി. കോൺസുലേറ്റ് ജനറലായ സജീവ് പാൽ മുഖ്യപ്രഭാഷണം നടത്തി. ഇല്ലിനോയി സ്റ്റേറ്റ് അസംബ്ലി റെപ്രസെന്റേറ്റീവ് കെവിൻ ഓലിക്കലും കമ്യൂണിറ്റി ലീഡറായ ഗ്ലാഡ്സൺ വർഗീസും ആശംസാപ്രസംഗം നടത്തി.

സമ്മേളനമദ്ധ്യേ ഹൈസ്കൂൾ തലത്തിൽ പഠനത്തിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കെ.എ.സി ഏർപ്പെടുത്തിയിട്ടുള്ള ഹൈസ്കൂൾ വിദ്യാഭ്യാസ പുരസ്കാരവും വിതരണം ചെയ്തു. 2023-ലെ പ്രതിഭാ പുരസ്കാരം കരസ്ഥമാക്കിയത് ഗ്രേസ്ലിൻ റോസ് ഫ്രാൻസിസ് ആയിരുന്നു. സ്കോക്കിയിൽ സ്ഥിരതാമസക്കാരായ ആന്റണി ഫ്രാൻസിസ് ആൻഡ് എലിസബെത്ത് ഷീബ ഫ്രാൻസിസ് ദമ്പതികളുടെ മൂന്നാമത്തെ മകളാണ് ഗ്രേസ്ലിൻ ഫ്രാൻസിസ്. എവർ റോളിംഗ് ട്രോഫിയും അഞ്ഞൂറ് ഡോളർ കാഷ് അവാർഡും അടങ്ങിയതാണ് ഈ പുരസ്കാരം. ഹൈസ്കൂൾ തലത്തിൽ പാഠ്യപാഠ്യേതര വിഷയങ്ങളിൽ ഗ്രേസ്ലിൻ പ്രകടമാക്കിയിട്ടുള്ള മികവിനുള്ള ഒരു അംഗീകാരം കൂടിയായിരുന്നു ഈ പുരസ്കാരം കരസ്ഥമാക്കിയതിലൂടെ കൈവരിച്ചത്.

സെ. മേരീസ് ക്നാനായ ചർച്ച് വികാരി റവ.ഫാ. ബിൻസ് ചേത്തലിൽ നിന്നും ഗ്രേസ്ലിൻ ഫ്രാൻസിസ് പുരസ്കാരം ഏറ്റുവാങ്ങി. ലൂക്കാച്ചൻ ആൻഡ് അല്ലി ടീച്ചർ സ്മാരകമായി തമ്പി ചെമ്മാച്ചേൽ ഫാമിലിയാണ് ഈ പുരസ്കാരം സ്പോൺസർ ചെയ്തിരിക്കുന്നത്.

കെ.എ.സിയുടെ ബാനറിൽ പുതിയ ഒരു ചെണ്ട ടീം ആശാനായ അജി ഭാസ്കറിന് ദക്ഷിണ കൊടുത്തുകൊണ്ട് അരങ്ങേറ്റം നടത്തി. കെ.എ.സിയുടെ പതിനഞ്ച് യുവകലാകാരന്മാരാണ് ചെണ്ടമേളത്തോടു കൂടി വിശിഷ്ടാതിഥികളെ വേദിയിലേക്ക് ആനയിച്ചത്.




വൈവിദ്ധ്യമാർന്ന കലാപരിപാടികൾ സമ്മേളനത്തിന് ഏറെ ചാരുതയും കൊഴുപ്പും പകർന്നു. മിസ് മറിയ ന്യൂട്ടൻ, മിസ് ബ്രണൽസ് എന്നിവർ മലയാളം ഡാൻസിനു നേതൃത്വം നല്കി. ഡോ. രഞ്ജിത്ത് മാർവാഹാ, ഡോ. പ്രേരണ രാക്കി, ഡോ. ക്രിറ്റി പുത്തൻപുരയ്ക്കൽ, മത്തായി, മിസ് അലോന ജോർജ്, പീറ്റർ കൊല്ലപ്പള്ളി, ജോസഫ് എന്നിവർ ഗാനമാലപിച്ചു.

ആന്റോ കവലയ്ക്കൽ, പ്രമോദ് സക്കറിയ, ഹെറാൾഡ് ഫിഗുരെദോ, ജോസഫ് ചെന്നിക്കര, സിബി പാത്തിക്കൽ, സന്തോഷ് അഗസ്റ്റിൻ, ടിൻസൺ പാറയ്ക്കൽ, തമ്പിച്ചൻ ചെമ്മാച്ചേൽ, ടോമി എളപ്പുങ്കൽ, പീറ്റർ കൊല്ലപ്പള്ളി, കുരുവിള ഇടുക്കുതറയിൽ, സിബു വെൺമണി, സാജൻ എല്ലിക്കുന്നുംപുറത്ത് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

പരിപാടികൾക്ക് ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിച്ചതിന് ട്രഷററായ ടിൻസൻ പാറയ്ക്കലിനെ പ്ലാക്ക് നല്കി സമ്മേളത്തിൽ ആദരിച്ചു.

സെക്രട്ടറി സിബി പാത്തിക്കൽ സമ്മേളനത്തിൽ ഏവർക്കും നന്ദി പറഞ്ഞു. നിമ്മി പ്രമോദും റൊണാൾഡ് പൂക്കുമ്പനും അവതാരകരായിരുന്നു.

അനേകം വ്യക്തികളുടെ ആഴ്ചകളോളമുള്ള മെറ്റിക്കുലസായ ഒത്തൊരുമയോടെയുള്ള കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് ഈ സമ്മേളനത്തെ വൻവിജയത്തിലെത്തിച്ചത്.

വൈകുന്നേരം 5 ണിക്ക് സോഷ്യൽ ഹവർ ആരംഭിച്ചു. 7 മണിക്ക് സമ്മേളനം തുടങ്ങി. വിഭവസമൃദ്ധമായ ഡിന്നറോടു കൂടി രാത്രി 10.30-ന് സമ്മേളനം പര്യവസാനിച്ചു.



# ശ്രീനാരായണ മിഷൻ സെന്റർ വാഷിങ്ടൻ ഡിസിക്ക് പുതിയ ഭാരവാഹികൾ

**സന്ദീപ് പണിക്കർ**

വാഷിങ്ടൺ ഡിസി: മാനവരാശിക്കു വേണ്ടിയുള്ള സേവനമായിരുന്നു ശ്രീനാരായണ ഗുരുവിന്റെ ഉപദേശങ്ങളുടെ കാതൽ. നിസ്വാർത്ഥ സേവനത്തിലാണ് യഥാർത്ഥ ആത്മീയത എന്ന് അദ്ദേഹം വിശ്വസിച്ചു. ഗുരുവിന്റെ തത്വചിന്തകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട അസംഖ്യം സാമൂഹിക സേവന സംഘടനകൾ ആ പാരമ്പര്യത്തെ നിലനിർത്തുന്നു. മനുഷ്യരാശിയുടെ ക്ഷേമമാണ് നമ്മുടെ പരിശ്രമങ്ങളുടെ ആത്യന്തിക ലക്ഷ്യമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നതോടൊപ്പം, ആ മഹാഗുരുവിന്റെ അഗാധ ജ്ഞാനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് കൂടുതൽ അനുകമ്പയുള്ളതും എല്ലാവരേയും ഉൾക്കൊള്ളുന്നതും പ്രബുദ്ധവുമായ ഒരു ലോകത്തിനായി കൂട്ടായി പ്രവർത്തിക്കാം എന്ന ലക്ഷ്യത്തോടെ അമേരിക്കയിലെ വാഷിങ്ടൺ ഡിസി ആസ്ഥാനമായി ശ്രീനാരായണ മിഷൻ സെന്റർ (എസ്എൻഎംസി) നിലകൊള്ളുന്നു.



ഡിസംബർ പത്താം തീയതി മെരിലാൻഡിൽ നടന്ന വാർഷിക പൊതുയോഗത്തിൽ 2024 വർഷത്തിലേക്കുള്ള 15 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് ശ്യാം ജി. ലാൽ (പ്രസിഡണ്ട്), ഡോ. മുരളി രാജൻ മാധവൻ(വൈസ് പ്രസിഡണ്ട്), ശ്രീമതി സതി സന്തോഷ് (സെക്രട്ടറി), ശ്രീമതി മധുരം ശിവരാജൻ (ജോ. സെക്രട്ടറി), എ. വേണുഗോപാലൻ (ട്രഷറർ), സന്ദീപ് പണിക്കർ (ജോ. ട്രഷറർ), എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ജയരാജ് ജയദേവൻ, കേശവൻ ശിവരാജൻ, ശ്രീമതി നൻമ ജയൻ വക്കം, സജി വേലായുധൻ, ശ്രീമതി ഷീബ സുമേഷ്, ശ്രീമതി കാർത്ത്യായനി രാജേന്ദ്രൻ, അനൂപ് ഗോപി, മാസ്റ്റർ കാർത്തിക് ജയരാജ്, ശ്രീമതി രത്നമ്മ നാഥൻ എന്നിവരെ തെരഞ്ഞെടുത്തു.

സത്യസന്ധമായ ഓരോ ശ്രമവും സമൂഹത്തിനു പുരോഗതി സംഭാവന ചെയ്യുന്നുവെന്ന ഗുരുവചനത്തെ ഉൾക്കൊണ്ടുകൊണ്ട് മാനവികതയ്ക്കുള്ള സേവനത്തിന് ശക്തമായ പ്രാധാന്യം നല്കാൻ ഒരു പരിധിവരെ കഴിഞ്ഞ കമ്മിറ്റിക്ക് സാധിച്ചത്, എല്ലാ കുടുംബാംഗങ്ങളുടെയും അകമഴിഞ്ഞ സഹകരണം ഒന്നുകൊണ്ട് മാത്രമായിരുന്നു എന്ന് പ്രസിഡണ്ട് ശ്രീമതി മധുരം ശിവരാജൻ ഈയവസരത്തിൽ ഓർമ്മപ്പെടുത്തി.

ഗുരുവിന്റെ ഉപദേശങ്ങൾ ചരിത്രത്തിന്റെ താളുകളിൽ ഒതുങ്ങുന്നില്ല. അവ കാലത്തിന്റെ ഇടനാഴികളിലൂടെ പ്രതിധ്വനിക്കുന്നു. സമൂഹത്തിന്റെ പുരോഗതിക്കു വേണ്ടിയുള്ള സത്യസന്ധവും ആത്മാർത്ഥവുമായ ഒരു സേവനം കാഴ്ചവെക്കാൻ പുതിയ കമ്മിറ്റി ശ്രമിക്കുമെന്ന് നിയുക്ത പ്രസിഡണ്ട് ശ്യാം ജി. ലാൽ വ്യക്തമാക്കി. 2023 കമ്മിറ്റിയുടെ കർമ്മനിരതമായ പ്രവർത്തനങ്ങൾ വിലയിരുത്തിയും പുതിയ കമ്മിറ്റിക്ക് ആശംസകൾ നേർന്നും വാർഷിക പൊതുയോഗം സമാപിച്ചു.

# ഡിട്രോയിറ്റ് സെ. മേരീസ് ഇടവകയ്ക്ക് പുതിയ പാരിഷ് കൗൺസിൽ

**ജെയിസ് കണ്ണച്ചാൻപറമ്പിൽ**

ഡിട്രോയിറ്റ്: 2024-2025 വർഷങ്ങളിൽ ഇടവകയിൽ സേവനം ചെയ്യുന്നതിന് ഡിട്രോയിറ്റ് സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയ്ക്ക് പുതിയ പാരിഷ് കൗൺസിൽ നേതൃത്വം. സെബാസ്റ്റ്യൻ വഞ്ചിത്താനത്ത്, സേവ്യർ തോട്ടം എന്നിവർ കൈക്കാരന്മാരായി സേവനമനുഷ്ഠിക്കും. സാബു



ചെറുവള്ളിൽ, ജോസ് ലൂക്കോസ് പള്ളിക്കിഴക്കേതിൽ, സിമി തൈമാലിൽ, സുജ വെട്ടിക്കാട്ട്, ആഷ്‌ലി ചെറുവള്ളിൽ, ഫിലിപ്സൺ താന്നിച്ചുവട്ടിൽ, ജിൻസ് താനത്ത്, അനു കണ്ണച്ചാൻപറമ്പിൽ, അനു മൂലക്കാട്ട് എന്നിവർ ഇടവക വികാരി റവ.ഫാ. ജോസഫ് തറയ്ക്കൽ, കൈക്കാരന്മാരോടുമൊപ്പം പാരിഷ് കൗൺസിൽ അംഗങ്ങളായി സേവനമനുഷ്ഠിക്കും.

# ഇന്ത്യാ പ്രസ്ക്ലബ് ഫിലാഡൽഫിയ ചാപ്റ്ററിന് നവനേതൃത്വം

**സുമോദ് നെല്ലിക്കാല**

ഫിലാഡൽഫിയ: ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ഫിലാഡൽഫിയ ചാപ്റ്ററിനു പുതിയ ഭരണസമിതി നിലവിൽ വന്നു. ജീമോൻ ജോർജിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുയോഗത്തിനുശേഷം നടന്ന തെരഞ്ഞെടുപ്പിലാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്.



അരുൺ കോവാട്ട് സുമോദ് തോമസ് നെല്ലിക്കാല വിൻസന്റ് ഇമ്മാനുവേൽ റോജിഷ് സാമുവൽ ജോർജ് ഓലിക്കൽ സിജിൻ തിരുവല്ല

അരുൺ കോവാട്ട് (പ്രസിഡണ്ട്), സുമോദ് തോമസ് നെല്ലിക്കാല (സെക്രട്ടറി), വിൻസന്റ് ഇമ്മാനുവേൽ (ട്രഷറർ), റോജിഷ് സാമുവേൽ (വൈസ് പ്രസിഡണ്ട്), ജോർജ് ഓലിക്കൽ (ജോ. സെക്രട്ടറി), സിജിൻ തിരുവല്ല (ജോ. ട്രഷറർ) എന്നിവരാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്.

പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട അരുൺ കോവാട്ട് ഏഷ്യാനെറ്റ് ന്യൂസ് ഫിലാഡൽഫിയ പ്രൊഡക്ഷൻ കോ-ഓർഡിനേറ്ററാണ്. ചാപ്റ്ററിന്റെ മുൻ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട സുമോദ് റ്റി നെല്ലിക്കാല മലയാളം വാർത്താ മാധ്യമങ്ങൾക്കു വേണ്ടി പ്രവാസി ന്യൂസ് റിപ്പോർട്ടറായി പ്രവർത്തിക്കുന്നു. ട്രൈസ്റ്റേറ്റ് കേരളാ ഫോറം ചെയർമാൻ, പമ്പാ മലയാളി അസോസിയേഷൻ പ്രസിഡണ്ട് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട വിൻസന്റ് ഇമ്മാനുവേൽ ഏഷ്യാനെറ്റ് ന്യൂസ് ഫിലാഡൽഫിയ, ഡെലവർ ഏരിയകളിലെ ഹെഡ് കോ-ഓർഡിനേറ്റർ ആണ്. പ്രസ്ക്ലബ് മുൻ നാഷണൽ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്.

വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട റോജിഷ് സാമുവേൽ ഫ്ളവേഴ്സ് ടിവി യുഎസ്എയുടെ ഫിലാഡൽഫിയ പ്രോഗ്രാം കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചുവരുന്നു. ജോ. സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജോർജ് ഓലിക്കൽ ഫിലാഡൽഫിയായിലെ സാമൂഹിക പ്രവർത്തകനും ന്യൂസ് റിപ്പോർട്ടറും ആണ്. ജോ. ട്രഷറർ പി.സി. സിജിൻ ഏഷ്യാനെറ്റ് ടിവിയുടെ ക്യാമറാമാൻ ആയി പ്രവർത്തിക്കുന്നു.

ഫിലാഡൽഫിയ ചാപ്റ്റർ ബോർഡ് മെംബേഴ്സായി ജോബി ജോർജ്, ജീമോൻ ജോർജ്, സുധ കർത്താ, ജോർജ് നടവയൽ, ജിജി കോശി, രാജു ശങ്കരത്തിൽ എന്നിവരെ തെരഞ്ഞെടുത്തു. ഫിലാഡൽഫിയായിലെ മറ്റു സാമൂഹിക സംഘടനകളുമായി സഹകരിച്ചുകൊണ്ട് പ്രവാസി സമൂഹത്തിന് ഉപയോഗപ്രദമായ പരിപാടികൾക്ക് രൂപം കൊടുക്കുമെന്ന് നിയുക്ത പ്രസിഡണ്ട് അരുൺ കോവാട്ട് പ്രസ്താവിച്ചു.

# പിണറായി വിജയനെ കണ്ണിലെ കൃഷ്ണമണിപോലെ പ്രധാനമന്ത്രി സംരക്ഷിക്കുന്നു: കെ. സുധാകരൻ

തിരുവനന്തപുരം: സ്വർണക്കടത്ത് ഏത് ഓഫീസ് കേന്ദ്രീകരിച്ചാണു നടന്നതെന്ന് എല്ലാവർക്കും അറിയാമെന്ന് പറയുന്ന പ്രധാനമന്ത്രി കൊള്ളക്കാരനെതിരെ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കണമെന്ന് കെ.പി.സി.സി. പ്രസിഡണ്ട് കെ. സുധാകരൻ എം.പി.

സ്വർണക്കള്ളക്കടത്തു കേസ് ഉണ്ടായപ്പോൾ കേന്ദ്രത്തിന്റെ അഞ്ച് അന്വേഷണ ഏജൻസികളാണ് മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് ഇരമ്പിക്കയറിയത്. എന്നാൽ, 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പ് എത്തിയപ്പോൾ ഏജൻസികളെല്ലാം വന്നതിലും സ്പീഡിൽ തിരിച്ചുപോയെന്നു മാത്രമല്ല, ബി.ജെ.പി. വോട്ടു മറിച്ച് പിണറായി വിജയനെ രണ്ടാമതും മുഖ്യമന്ത്രിയാക്കുകയും ചെയ്തതായും അദ്ദേഹം ആരോപിച്ചു.

സ്വർണക്കടത്ത്, ഡോളർ കടത്ത്, കുഴൽപ്പണം, വിദേശനാണ്യ വിനിമയ ചട്ടലംഘനം തുടങ്ങിയ ഗുരുതരമായ ആരോപണങ്ങളാണ് മുഖ്യമന്ത്രിക്കെതിരെ ഒരു ഘട്ടത്തിൽ ഉയർന്നത്. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയെ ബലിയാടാക്കി ജയിലിലടയ്ക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ അറിവോടും സമ്മതത്തോടും കൂടിയാണ് കേരളത്തെ കൊള്ളയടിച്ചതെന്ന് കേസിലെ പ്രധാനപ്പെട്ട പ്രതി ചൂണ്ടിക്കാട്ടി. ഇപ്പോൾ അവരെ വേട്ടയാടുന്ന തിരക്കിലാണ് ഭരണകൂടമെന്നു സുധാകരൻ പറഞ്ഞു.

# മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തയ്ക്ക് ആശംസകളുമായി ജനനേതാക്കൾ



കോട്ടയം: മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തയ്ക്ക് കോട്ടയത്തെ ജനനേതാക്കൾ പുതുവർഷപ്പുലരിയിൽ കോട്ടയം ക്നാനായ കത്തോലിക്കാ മെത്രാസന മന്ദിരത്തിലെത്തി ആശംസകളർപ്പിച്ചു.

മന്ത്രി വി.എൻ. വാസവൻ, തോമസ് ചാഴികാടൻ എംപി, തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, മോൻസ് ജോസഫ് എംഎൽഎ, സിപിഐ ജില്ലാ സെക്രട്ടറി പി.ബി. ബിനു എന്നിവരാണ് ആശംസകളുമായി എത്തിയത്.

കോട്ടയം അതിരൂപതാ സഹായമെത്രാന്മാരായ മാർ ജോസഫ് പണ്ടാരശേരിൽ, ഗീവർഗീസ് മാർ അപ്രേം, വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, മാത്യു കൊല്ലമലക്കരോട്ട് എന്നിവർ സന്നിഹിതരായിരുന്നു.

KERALA EXPRESS പ്രവാസി താളുകൾ

# അധികാരമല്ല, മറിച്ചു കോൺഗ്രസിന് കരുത്തുറ്റ അടിത്തറ കെട്ടിയുയർത്തുന്നതാണ് എന്റെ ലക്ഷ്യം: കെ. സുധാകരൻ




ചിക്കാഗോ: കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡണ്ടായി ചുമതല ഏൽക്കുമ്പോൾ എനിക്ക് രാഷ്ട്രീയത്തിൽ ഒരു ലക്ഷ്യമേ ഉണ്ടായിട്ടുള്ളൂ. കേരളത്തിലെ കോൺഗ്രസിന് കരുത്തുറ്റ ഒരു പ്രതലമുണ്ടാക്കി കെട്ടിപ്പൊക്കുക എന്നത്. അധികാരം എന്റെ ഒരു മോഹമായിരുന്നില്ല. മുഖ്യമന്ത്രിയാകാനൊന്നും ഞാൻ ആഗ്രഹിച്ചിട്ടില്ല. ആ ആഗ്രഹത്തിനു വേണ്ടിയുള്ള പോരാട്ടവും ഞാൻ നടത്തിയിട്ടുമില്ല. ഇപ്പോഴും നടത്തുന്നുമില്ല. എനിക്ക് പാർട്ടിയാണ് വലുത്.

പി.പി. ചെറിയാൻ

ജനാധിപത്യ മതേതര ശക്തികൾ ഇന്ത്യൻ രാഷ്ട്രീയമണ്ഡലത്തിൽ സ്ഥാനം ഉറപ്പിക്കുമ്പോൾ അതിന്റെ പിറകിൽ കേരളത്തിൽ അതിനൊരു സമൂഹം, അതിനൊരു പ്രസ്ഥാനം കൂടെ ഉണ്ടാകണമെന്ന ദൃഢനിശ്ചയമാണ് എന്റെ രാഷ്ട്രീയദർശനത്തിന്റെ അടിത്തറ. അത് വെച്ചുകൊണ്ടുള്ള രാഷ്ട്രീയ പ്രവർത്തനവുമായിട്ടാണ് ഞാൻ മുമ്പോട്ടു പോകുന്നത്. അമേരിക്കൻ ഹ്രസ്വ സന്ദർശനത്തിന് ചിക്കാഗോയിൽ എത്തിച്ചേർന്ന കെ.പി.സി.സി. പ്രസിഡണ്ടും എം.പിയുമായ കെ. സുധാകരന് ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസിന്റെ (ഒ.ഐ.സി.സി.യു.എസ്.എ.) ആഭിമുഖ്യത്തിൽ ജനുവരി ഒന്നിനു പുതുവർഷദിനത്തിൽ വൈകിട്ട് ആറിനു ഡെസ്പ്ലെയിൻസ് ക്നാനായ സെന്ററിൽ ഏർപ്പെടുത്തിയ സ്വീകരണ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആദ്യമായിട്ടാണ് അമേരിക്കയിൽ എത്തുന്നത്. അവിടെ ആദ്യമായി കെ.പി.സി.സിയുടെ ഒരു പോഷക സംഘടന സംഘടിപ്പിച്ച സ്വീകരണയോഗത്തിൽ ഞാൻ സംസാരിക്കുന്നു. ഒരുപാടു കാലത്തിന്റെ സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ് ഇത്. ആ സാക്ഷാത്കാരമൊരുക്കിയ ഇതിന്റെ സംഘാടകർക്ക് ഞാൻ നന്ദി പറയുകയാണ്. വളരെ ചെറിയ പ്രായത്തിൽ തന്നെ കോൺഗ്രസിലേക്ക് കടന്നുവന്നയാളാണ് ഞാൻ. 1957-ലെ ശങ്കരൻ നമ്പൂതിരിപാടിന്റെ മന്ത്രിസഭയോടനുബന്ധിച്ച് വ്യാപകമായ അക്രമം കേരളത്തിൽ ഉണ്ടായപ്പോൾ അന്ന് അങ്കമാലിയിൽ ഗ്ലോറി എന്നൊരു ഗർഭിണിയെ വെടിവെച്ചുകൊന്ന ഒരു സംഭവം നിങ്ങളുടെ മനസ്സിൽ കിടപ്പുണ്ടാകും. അന്നെനിക്ക് ഒമ്പത് വയസാണ്. അന്ന് എന്നോടൊപ്പമുള്ള പത്തുമുപ്പതു കുട്ടികളെ കൂട്ടി പ്രകടനം നയിച്ചുപോയ ആളാണ്. അന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഈറ്റില്ലമാണ് എന്റെ നാട്. അന്ന് അങ്ങനെ പോകുമ്പോൾ സി.പി.എമ്മിന്റെ ഗുണ്ടകൾ അക്രമിച്ചു. ഞങ്ങൾ ചിതറി ഓടിയ കഥകൾ മനസ്സിനകത്ത് തങ്ങി നിൽക്കുന്നു. ആ ഓർമയിൽനിന്നും വളർന്നുവന്ന രാഷ്ട്രീയമാണ് എന്റെ രാഷ്ട്രീയം. എന്റെ അച്ഛൻ പ്രാദേശിക കോൺഗ്രസിന്റെ നേതാവായിരുന്നു. ഒരു രാഷ്ട്രമായി ഇന്ത്യയെ മാറ്റാൻ നമുക്കു സാധിച്ചുവെന്നും കെ. സുധാകരൻ പറഞ്ഞു.

കേരള രാഷ്ട്രീയത്തെക്കുറിച്ച് പരാമർശിച്ച സുധാകരൻ പിണറായി സർക്കാരിന്റെ ജനദ്രോഹ നടപടികൾക്കെതിരെയും ഖജനാവിൽനിന്നും കോടികൾ ചെലവഴിച്ചു നടത്തുന്ന നവകേരള ധൂർത്തു യാത്രക്കെതിരെയും ആഞ്ഞടിച്ചു. സമാധാനപരമായി ജനാധിപത്യരീതിയിൽ പ്രതിഷേധിക്കുന്നവരെ ജയിലിലടയ്ക്കുന്ന ജനാധിപത്യ വിരുദ്ധ പ്രവണതയാണ് കേരളത്തിൽ നിലനിൽക്കുന്നതെന്നും നവകേരളയാത്ര ഗുണ്ടാ യാത്രയാണെന്നും കെ.പി.സി.സി. പ്രസിഡണ്ട് കെ. സുധാകരൻ കൂട്ടിച്ചേർത്തു.

കെ.പി.സി.സിയുടെ നേരിട്ട് നിയന്ത്രണത്തിലുള്ള പ്രവാസി പോഷക സംഘടനയാണ് ഒ.ഐ.സി.സി. അതുപോലെ എ.ഐ.സി.സിയുടെ കീഴിലുള്ള സംഘടനയാണ് ഐ.ഒ.സി. അമേരിക്കയിലെ ഈ രണ്ടു സംഘടനകളും കൂട്ടായ പ്രവർത്തനങ്ങളിൽകൂടി ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ ശക്തമാക്കുവാനുള്ള പ്രവർത്തനങ്ങളിൽ പങ്കു ചേരണം. 2024-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലും 2026-ലെ കേരളാ നിയമസഭ തെരഞ്ഞെടുപ്പിലും കോൺഗ്രസും സഖ്യകക്ഷികളും ജയിച്ചേ മതിയാകൂ. അതിനുള്ള പോരാട്ടം ശക്തമാക്കണമെന്നും പ്രസിഡണ്ട് പറഞ്ഞു.













ഒ.ഐ.സി.സി.യു.എസ്.എ. ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ട് ലൂയി ചിക്കാഗോ അധ്യക്ഷത വഹിച്ചു.

(ശേഷം 30-ാം പേജിൽ)

കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിരണ്ടാം വർഷം 1992-2024


അമ്മ ശാന്തമ്മ


ഭാര്യ ഉഷയോടൊപ്പം



കുടുംബം


മക്കളോടൊപ്പം


കുടുംബാം

## വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**



# ഫൊക്കാനയുടെ മാധ്യമ മുഖം ശ്രീകുമാർ ഉണ്ണിത്താൻ

**' ഒരു നേതാവിന്റെ യഥാർത്ഥ അടയാളം ധീരമായ പ്രവർത്തന രീതിയിൽ ഉറച്ചു നിൽക്കാനുള്ള സന്നദ്ധതയാണ്. '**

എല്ലാവർക്കും വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയില്ല. എന്നാൽ വലിയ സ്നേഹത്തോടെ ചെറിയ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് തെളിയിച്ച മനുഷ്യർ ലോകത്ത് കുറച്ചു മാത്രമെ ഉണ്ടാവുകയുള്ളു. അവർ ഏറ്റെടുക്കുന്ന എന്തും ആത്മാർത്ഥതയോടെ ചെയ്തു തീർക്കും. അവരുടെ ജീവിത വഴികൾ നമുക്ക് നൽകുന്ന സന്ദേശവും വ്യത്യസ്തമാകും. അങ്ങനെ ഒരാളാണ് ഇത്തവണത്തെ വഴിത്താരയിൽ ശ്രീകുമാർ ഉണ്ണിത്താൻ... ഫൊക്കാനയുടെ 2024-2026 ജനറൽ സെക്രട്ടറി സ്ഥാനാർത്ഥി.

ഒരു ഓർഗനൈസേഷനെ സ്വാധീനിക്കാനുള്ള ഏറ്റവും വലിയ മാർഗ്ഗം നേതൃത്വ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ്. നല്ല വ്യക്തിത്വങ്ങളെ റിക്രൂട്ട് ചെയ്യുകയും അവരെ നേതാക്കളായി ഉയർത്തുകയും, അവരെ നിരന്തരം വികസിപ്പിക്കുകയും ചെയ്യുന്ന ഒരു ഓർഗനൈസേഷന്റെ സാധ്യതകൾ സമർത്ഥമായി ഉപയോഗിക്കുന്ന സംഘാടകനാണ് ശ്രീകുമാർ ഉണ്ണിത്താൻ. കാരണം ഒരു സംഘടനാ പ്രവർത്തകൻ മാത്രമല്ല. എഴുത്തുകാരൻ, മാധ്യമ പ്രവർത്തകൻ, സാംസ്കാരിക രാഷ്ട്രീയ പ്രവർത്തകൻ എന്നീ നിലകളിലെല്ലാം തനതായ വ്യക്തിത്വം നിലനിർത്തുന്ന അദ്ദേഹം ഫൊക്കാനയുടെ നേതൃത്വത്തിലേക്ക് വളരെ നേരത്തെ തന്നെ അടയാളപ്പെടുത്തേണ്ട സംഘാടകനാണ്. ശ്രീകുമാർ ഉണ്ണിത്താന്റെ ജീവിതത്തിലൂടെ...

### കോടംവിളയിൽ  തറവാടും ബാല്യ കൗമാരവും

അടൂർ മണക്കാല കോടംവിളയിൽ സുകുമാരൻ ഉണ്ണിത്താന്റേയും, ശാന്തമ്മ ഉണ്ണിത്താന്റെയും മകനായി ജനനം. ഏക സഹോദരി ശ്രീലത രമേഷ്. കേരളത്തിലെ വളരെ പ്രസിദ്ധമായ മൗട്ടത്തു തറവാട്ടിലെ കുടുംബാംഗമാണ്. ശ്രീകുമാർ എന്ന കൊച്ചുകുട്ടി വളർന്നതും ഓടിച്ചാടി നടന്നതും ഒരു സാധാരണ നാട്ടിൻ പുറത്താണ്. വലിയ കൃഷിയിടവും മറ്റും ഉണ്ടായിരുന്ന തറവാട്ടിൽ എപ്പോഴും ജോലിക്കാരും അവരുടെ മക്കളും ഒക്കെയായി നിരവധി പേർ. അവർക്കിടയിലുള്ള ജീവിതവും, അനുഭവവും ശ്രീകുമാർ ഉണ്ണിത്താനെ ഒരു ബഹുമുഖ വ്യക്തിത്വമായി വളർത്തിയെടുത്തു എന്ന് പറയുന്നതിൽ അതിശയോക്തിയില്ല. അച്ഛന്റെ കസിൻ സഹോദരനായ അടൂർ ഗോപാലകൃഷ്ണൻ മുതൽ നിരവധി പേർ കുടുംബക്കാർ. ചെറുപ്പം മുതലുള്ള സാമൂഹ്യ പ്രവർത്തനം കൊണ്ടുതന്നെ എപ്പോഴും  നാടിന്റേയും നാട്ടാരുടേയും പ്രിയപ്പെട്ടവനായിരുന്നു ശ്രീകുമാർ ഉണ്ണിത്താൻ. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം പന്തളം എൻ.എസ്.എസ് കോളേജിൽ പ്രീഡിഗ്രി, ഡിഗ്രി വിദ്യാഭ്യാസം. അപ്പോഴേക്കും കെഎസ്‌യുവിന്റെ സജീവ പ്രവർത്തകൻ. കോളേജിലും ഏവരുടെയും കണ്ണിലുണ്ണിയായി സംഘടനാ പ്രവർത്തനം, ഒപ്പം നല്ല വിദ്യാർത്ഥിയുമായി പഠനവും മുന്നോട്ട്. എം.കോം മാസ്റ്റേഴ്സ് എടുക്കുമ്പോൾ യൂത്ത് കോൺഗ്രസിന്റ മണ്ഡലം, ബ്ലോക്ക് ഭാരവാഹിയായി പന്തളം, അടൂർ മേഖലകളിൽ മുഴുവൻ സമയ രാഷ്ട്രീയക്കാരനായി മാറിയിരുന്നു ശ്രീകുമാർ ഉണ്ണിത്താൻ. കെ. കരുണാകരൻ, എ.കെ. ആന്റണി, വയ ലാർ രവി, ഉമ്മൻ ചാണ്ടി തുടങ്ങിയ നേതാ ക്കന്മാരുമായുള്ള ബന്ധങ്ങൾ. കോൺഗ്രസ് രാഷ്ട്രീയത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് എല്ലാം വേഗത്തിലായി. 1994ൽ വിവാഹത്തോ ടെ ശ്രീകുമാർ ഉണ്ണിത്താൻ അമേരിക്ക യിലെത്തി. ഒരുപക്ഷേ അമേരിക്കയിൽ എത്തി യില്ലായിരുന്നു എങ്കിൽ കേരളത്തിലെ അറി യപ്പെടുന്ന കോൺഗ്രസ് നേതാവായി, എം എൽഎയും മന്ത്രിയുമൊക്കെയായി മാറിയേ നെ അദ്ദേഹം. അമേരിക്കയിൽ വന്നശേഷം ക മ്പ്യൂട്ടറിൽ ബിരുദം നേടി 2000 മുതൽ ന്യൂയോ ർക്ക് സ്റ്റേറ്റ് സർവ്വീസിൽ ജോലിക്ക് കയറി 2008 മുതൽ കൗണ്ടിയിലേക്ക് മാറി. എവിടെ ആയിരുന്നാലും വളരെ ആത്മാർത്ഥമായി പ്ര വർത്തിക്കുക എന്നതാണ് ശ്രീകുമാർ ഉണ്ണി ത്താന്റെ മുഖമുദ്ര.

### വെസ്റ്റ് ചെസ്റ്റർ മുതൽ ഫൊക്കാന വരെ

അമേരിക്കയിൽ എത്തിയശേഷവും ശ്രീകു മാർ ഉണ്ണിത്താൻ തന്റെ സാമൂഹ്യ സാംസ്കാ രിക പ്രവർത്തനങ്ങൾ തുടർന്നു. വെസ്റ്റ്ചെ സ്റ്റർ മലയാളി അസ്സോസിയേഷനിൽ തുടങ്ങി യ പ്രവർത്തനങ്ങൾ സംഘടനയുടെ വിവിധ പദവികൾ തന്നെ തേടി വരുന്നതിന് ഇടയാ ക്കി. കമ്മറ്റി മെമ്പർ, സെക്രട്ടറി, വൈസ് പ്രസി ഡന്റ്, പ്രസിഡന്റ് തുടങ്ങി സംഘടനയുടെ വിവിധ പദവികളിൽ പ്രവർത്തിക്കുമ്പോഴും എല്ലാവരേയും ഒപ്പം കൂട്ടി ഹൃദയത്തോട് ചേർ ത്ത് പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് കഴി ഞ്ഞു. ഒരാളെയും അകറ്റി നിർത്താനല്ല ഒപ്പം നിർത്താനാണ് തന്റെ മാതാപിതാക്കളും,താൻ വിശ്വസിക്കുന്ന സാംസ്കാരിക ബോധവും പ ഠിപ്പിച്ചതെന്ന് അദ്ദേഹം പറഞ്ഞു. രണ്ടു തവ ണ അസ്സോസിയേഷൻ പ്രസിഡന്റ് ആയ ശ്രീ കുമാർ ഈ സമയത്തു സംഘടനയുടെ പ്രവർ ത്തനം വിപുലീകരിക്കുകയും സംഘടനയെ ഒരു മാതൃകാ സംഘടനയാക്കി മാറ്റാനും കഴി ഞ്ഞത് പ്രവർത്തന മികവ് ഒന്നുകൊണ്ട് മാ ത്രമാണ്.

വെസ്റ്റ് ചെസ്റ്റർ മലയാളി അസ്സോസിയേഷ നിൽ തുടങ്ങിയ സംഘടനാ പ്രവർത്തനങ്ങൾ അദ്ദേഹത്തെ കൊണ്ടെത്തിച്ചത് ഫൊക്കാനയി ലേക്കാണ്. അമേരിക്കൻ മലയാളികളുടെ അ മേരിക്കയിലെ ഏറ്റവും വലിയ കൂട്ടായ്മയിൽ പ്രവർത്തിക്കുവാനായത് അഭിമാനമായി കരു തുന്ന ശ്രീകുമാർ ഉണ്ണിത്താൻ ഫൊക്കാന ക മ്മിറ്റി മെമ്പർ, ഓഡിറ്റർ, റീജിയണൽ വൈസ് പ്രസിഡന്റ്, എക്സിക്യൂട്ടീവ് വൈസ് പ്രസിഡ ന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഓരോ പദവികൾ ഫൊക്കാനയിൽ ഏറ്റെടുക്കുമ്പോ ഴും സത്യസന്ധമായി അതിനൊപ്പം യാത്ര ചെ യ്യുകയാണ് അദ്ദേഹം.


















ഗങ്ങളോടൊപ്പം

## ഫൊക്കാന പി.ആർ.ഒ
## മാധ്യമ പ്രവർത്തനം, കഥാകൃത്ത്, എഴുത്തുകാരൻ

കഴിഞ്ഞ പത്ത് വർഷമായി ഫൊക്കാനയുടെ വാർത്തകൾ ലോകത്തുള്ള മലയാള മാദ്ധ്യമങ്ങളിൽ എത്തിക്കുന്നതിൽ ശ്രീകുമാർ ഉണ്ണിത്താൻ വഹിക്കുന്ന പങ്ക് ചെറുതല്ല. ഫൊക്കാനയുടെ വിവിധ പദവികളിൽ ഇരിക്കുമ്പോഴും ഫൊക്കാനയുടെ ഏതൊരു പരിപാടിയെ കുറിച്ചും എഴുതി പത്രമാധ്യമങ്ങളിൽ എത്തിക്കുവാൻ അദ്ദേഹം കൃത്യമായി ശ്രമിക്കുന്നു.

എഴുത്തുജീവിതത്തിന് തുടക്കമിട്ടത് പന്തളം എൻ.എസ്.എസ് കോളേജിൽ നിന്നാണ്. കോൺഗ്രസിന്റെ പ്രവർത്തകൻ ആയതിനാൽ നിരന്തരമായ പരിപാടികളുടെ വാർത്തകൾ തയ്യാറാക്കി പത്രങ്ങൾക്ക് നൽകണമായിരുന്നു. അന്നത്തെ കാലത്ത് ഒരു ദിവസത്തെ പരിപാടികളുടെ വാർത്ത അന്നുതന്നെ പത്രങ്ങളുടെ ഓഫീസിൽ എത്തിക്കണം. അതും ഫോട്ടോ സഹിതം. അന്ന് തുടങ്ങിയ എഴുത്തു ജീവിതം ഇപ്പോഴും തുടരുന്നു. അമേരിക്കയിൽ വന്നപ്പോൾ അത് വേറെ ഒരു തലത്തിൽ ആയി എന്നു മാത്രം.

ലളിതമായ ശൈലിയിൽ എഴുതുകയും സംഘടനയുടെ യശസ്സ് നിലനിർത്തുന്ന തരത്തിൽ വാർത്തകളെ സമീപിക്കുകയും ചെയ്യുന്ന ശ്രീകുമാർ ഉണ്ണിത്താൻ നല്ലൊരു ചെറുകഥാകൃത്തു കൂടിയാണ്. ജീവിതാനുഭവങ്ങളിൽ നിന്നും കോറിയിടുന്ന അദ്ദേഹത്തിന്റെ കഥകൾക്ക് നിറയെ വായനക്കാരുമുണ്ട്. അനുഭവക്കുറിപ്പുകൾ, സമകാലിക സംഭവങ്ങളെ കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ ലേഖനമായും, ഫീച്ചർ ആയും വിവിധ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തന്റെ ഏകാന്ത നിമിഷങ്ങളിൽ ഏറ്റവും കൂടുതൽ സന്തോഷം നൽകുന്ന ഒന്നായി മാറുന്നു എഴുത്തെന്ന് അദ്ദേഹം അടിവരയിടുന്നു.

വിവിധ അമേരിക്കൻ മലയാളി സംഘടനകൾക്കും പ്രിയപ്പെട്ട വ്യക്തിത്വമാണ് അദ്ദേഹം. അമേരിക്കയിലെ പല സംഘടനകളുടേയും വാർഷിക സുവനീറുകളുടെ പിന്നിലും ശ്രീകുമാർ ഉണ്ണിത്താൻ പ്രവർത്തിക്കാറുണ്ട്. അവിടെയെല്ലാം പുലർത്തുന്ന സത്യസന്ധതയാണ് അദ്ദേഹത്തെ ജനകീയനാക്കുന്നത്. അതുകൊണ്ടാണ് അദ്ദേഹത്തെ അവർ ഹൃദയത്തോട് ചേർക്കുന്നത്.

## ഫൊക്കാന ജനറൽ സെക്രട്ടറിയായി (2024 – 2026) മത്സര രംഗത്ത്

1994 മുതൽ അമേരിക്കൻ മലയാളി സംഘടനാ രംഗത്ത് നിറസാന്നിദ്ധ്യമായ ശ്രീകുമാർ ഉണ്ണിത്താൻ 2024 – 2026 കാലയളവിൽ ഫൊക്കാന ജനറൽ സെക്രട്ടറിയായി മത്സര രംഗത്ത് ഉണ്ട്. ഡോ. സജിമോൻ ആന്റണി പ്രസിഡന്റായ പാനലിലാണ് മത്സരിക്കുന്നത്. കൃത്യമായ കാഴ്ചപ്പാടുകളോടെയാണ് അദ്ദേഹം മത്സര രംഗത്തുള്ളത്. ഫൊക്കാന പോലെ ആഗോള തലത്തിൽ ജനകീയമായ ഒരു സംഘടനയുടെ സുപ്രധാനമായ ഒരു പദവിയിൽ മത്സരിക്കുമ്പോൾ ശ്രീകുമാർ ഉണ്ണിത്താൻ എന്ന വ്യക്തി സൗഹൃദങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. ഫൊക്കാന തെരഞ്ഞെടുപ്പുകൾ എക്കാലവും ഒരു സൗഹൃദ മത്സരമാണ്. തോൽക്കുന്നവരും ജയിക്കുന്നവരുമെല്ലാം ഫൊക്കാന പ്രവർത്തനങ്ങളിൽ സജീവമാകുന്ന നിമിഷങ്ങൾ. അതുകൊണ്ട് ജയപരാജയങ്ങൾ ഒരു വിഷയം അല്ല. പക്ഷെ വിജയിച്ചു കഴിഞ്ഞാൽ കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത്, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക്, സാംസ്കാരിക, സാമൂഹ്യ ജീവകാരുണ്യ രംഗത്ത് നിരവധി കാര്യങ്ങൾ ഫൊക്കാനയ്ക്ക് ചെയ്യാൻ കഴിയും. പലപ്പോഴും പല ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും പണം ആണ് പ്രശ്നം. ഫൊക്കാനയെ സംബന്ധിച്ചും അമേരിക്കൻ മലയാളികളെ സംബന്ധിച്ചും പണം വലിയ വിഷയമായി വരില്ല. അതുകൊണ്ട് സാധാരണക്കാരന് ഗുണകരമാകുന്ന പദ്ധതികൾക്ക് സജിമോനോടൊപ്പം ഞാനും ഉണ്ടാകുമെന്ന് അദ്ദേഹം ഉറപ്പു നൽകുന്നു. മറ്റൊന്ന് ഫൊക്കാനയുടെ നെടുംതൂണായ അംഗസംഘടനകളാണ്. അവയെ കൂടുതൽ ശാക്തീകരിക്കും. അവരിലൂടെ മാത്രമെ ഫൊക്കാനയ്ക്ക് എക്കാലവും വളരുവാൻ സാധിക്കുകയുള്ളു. എല്ലാ അംഗസംഘടനകളേയും പ്രവർത്തന നിരതമാക്കും. പുതിയ തലമുറയുടെ കലാ സാംസ്കാരിക താല്പര്യങ്ങൾ ഫൊക്കാനയുടെ ഭാഗമാക്കി വളർത്തും. കൂടാതെ അമേരിക്കൻ രാഷ്ട്രീയത്തിൽ മലയാളി യുവതലമുറയുടെ സാന്നിദ്ധ്യത്തിനായി വേണ്ടതെല്ലാം ചെയ്യും. സംസാരത്തിലല്ല പ്രവൃത്തിയിലാണ് കാര്യം എന്നാണ് ചെറുപ്പം മുതൽക്കേ ശീലിച്ചത്. അത് തുടരുന്നു. എന്നും.

## അമ്മയും ഭാര്യയും

ശ്രീകുമാർ ഉണ്ണിത്താൻ എന്ന മനുഷ്യൻ പുഞ്ചിരിക്കുമ്പോഴും സംഘടനകൾക്ക് വേണ്ടി ഓടിനടക്കുമ്പോഴും അദ്ദേഹത്തിന്റെ ഉള്ളിൽ ഒരു കനൽ നീറി പുകയുന്നുണ്ട്. തന്നെയും മക്കളേയും കുടുംബത്തേയും അത്രമേൽ ഇഷ്ടപ്പെട്ട രണ്ട് പേരുടെ വിയോഗമാണത്. അമ്മ ശാന്തമ്മയുടേയും, ഭാര്യ ഉഷയുടേയും മരണം. തന്റെ ഹൃദയത്തിന്റെ ചൂടറിഞ്ഞ രണ്ടുപേർ. ഭാര്യ ഉഷ കാൻസർ ബാധിതയാണെന്ന് അറിഞ്ഞപ്പോഴും, ചികിത്സിച്ചപ്പോഴും തളർന്നില്ല. പക്ഷെ പോയപ്പോൾ ഹൃദയം അടർന്ന് പോകുന്നതുപോലെയായി. അല്പം ആശ്വാസമായിരുന്ന അമ്മകൂടി ഉടൻ പോയപ്പോൾ ആകെ തളർന്നുപോയി. ഏതൊരു പുരുഷന്റേയും സൗഭാഗ്യം അമ്മയും നല്ല ഒരു ഭാര്യയുമാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. രക്തബന്ധത്തിന്റെ നൂലിഴകൾ ഇല്ലാത്ത ബന്ധമാണ് ഭാര്യ. അച്ഛന്റെയും അമ്മയുടേയും പരിമിതികളിൽ നിന്ന് പിടിച്ചുവലിച്ച് ഒരു പരിധിയും പരിമിതിയുമില്ലാതെ സ്നേഹിച്ച ഉഷ ഉണ്ണിത്താൻ, പ്രസവിച്ചനാൾ മുതൽ ഏകമകന്റെ വാത്സല്യം നൽകിയ അമ്മ രണ്ടു പേരും ഇപ്പോഴും എന്നെ സങ്കടപ്പെടുത്തുന്നു. സംഘടനാ പ്രവർത്തനവും, ജോലിയുമൊക്കെ കഴിഞ്ഞ് വീടെത്തുമ്പോൾ ആ മുഖങ്ങൾ ഇന്നില്ല... അവയെ മറികടക്കാനുള്ള ശ്രമങ്ങൾ ആണ് എഴുത്തും സംഘടനാ പ്രവർത്തനവും. തന്റെ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായി നിന്ന ഭാര്യ ഉഷയുടെ ആഗ്രഹമായിരുന്നു ഭർത്താവ് എപ്പോഴും ആക്ടീവായി നിൽക്കുക എന്നത്. പൊതു പ്രവർത്തന രംഗത്ത് കുടുംബത്തിന്റെ പിന്തുണ ലഭിക്കാതെ വീടിനുള്ളിൽ ഒതുങ്ങിക്കൂടുന്ന നിരവധി ആളുകളെ അറിയാം എന്ന് അദ്ദേഹം പറയുമ്പോൾ തന്റെ സൗഭാഗ്യത്തിൽ അദ്ദേഹം എക്കാലവും സന്തോഷിക്കുന്നു.

ശ്രീകുമാർ ഉണ്ണിത്താന്റെ ജീവിതത്തിന് താങ്ങും തണലുമായി ഇപ്പോൾ രണ്ട് ആൺമക്കൾ ഒപ്പമുണ്ട്. ശിവ ഉണ്ണിത്താൻ, വിഷ്ണു ഉണ്ണിത്താൻ.

ഭാര്യ ഉഷയെക്കുറിച്ച് ഒരിക്കൽ ശ്രീകുമാർ ഉണ്ണിത്താൻ ഇങ്ങനെ എഴുതി. 'പരിചയപ്പെടുന്നവരുടെ മനസ്സിൽ വിനയം കൊണ്ട് ഇതിഹാസം തീർത്തിരുന്ന നല്ല സുഹൃത്തായി ഉഷ എന്നോടൊപ്പം യാത്രയിൽ കൂടെ കൂടി ജീവിക്കുന്ന ഒരു നക്ഷത്രമായി, എന്റെ എറ്റവും അടുത്ത കൂട്ടുകാരിയായി. എപ്പോഴും ഒരു ചെറുപുഞ്ചിരിയും, മനസ്സിൽ സ്നേഹവും, കാരുണ്യവും നിറച്ച് ചിത്രശലഭങ്ങളെ പോലെ ഞങ്ങൾ പാറിപ്പറന്നു നടന്നു. ദേശാടന കിളികളെ പോലെ സ്ഥലകാലങ്ങൾ താണ്ടി, അനുഭവങ്ങൾ തൊട്ടറിഞ്ഞ് ജീവിത്തിനായി പരക്കം പായുമ്പോൾ ജീവിതം ഒരിക്കലും അവസാനിക്കില്ല എന്നാണ് ധരിച്ചത്. ഇനിയും ഒത്തിരികാലം ബാക്കിയുള്ളതുപോലെ ചിന്തിച്ചുപോയത് ബുദ്ധിശൂന്യം. അങ്ങനെ എന്റെ നക്ഷത്രവും ഒത്തിരി ആഗ്രഹങ്ങൾ ബാക്കിവെച്ചു എന്നേന്നേക്കുമായി എന്നിൽ നിന്നും വേർപിരിഞ്ഞു.

നമ്മൾ എല്ലാവരും പിരിയണം, അകലണം എന്നത് കാലത്തിന്റെ തീരുമാനം ആയിരിക്കാം. ആ വേർപാടിന്റെ ദുഃഖത്തിൽ നാം ഓർക്കും എന്തിന് നാം ഇത്രയും അടുക്കുകയും പരസ്പരം സ്നേഹിക്കുകയും ചെയ്തത് എന്ന്. ഇതൊക്കെ ജീവിതത്തിന്റെ ഒരു ഭാഗം ആണെന്ന് വിശ്വസിക്കുവാൻ ശ്രമിക്കുമ്പോഴും ആ വേർപാടിന്റെ സങ്കടം ഒരിക്കലും നികത്താൻ കഴിയില്ല. അത് അനുഭവിക്കുന്നവർക്ക് മാത്രമേ മനസിലാവുകയുള്ളു. നഷ്ടപ്പെടുംവരെ നമുക്ക് എന്താണ് നഷ്ടപ്പെടുന്നത് എന്ന് മനസിലാകില്ല. നഷ്ടപ്പെട്ട് കഴിയുമ്പോൾ മാത്രമേ അതിന്റെ കാഠിന്യം മനസിലാവുകയുള്ളു.'

ശ്രീകുമാർ ഉണ്ണിത്താൻ നമുക്കൊരു പാഠവും മാതൃകയുമാണ്. പൊതുരംഗം, എഴുത്ത്, സംഘാടനം, സാമൂഹ്യ ജീവിതം, ജീവകാരുണ്യ പ്രവർത്തനം, അതിലുപരി നമ്മെ നാമാക്കുന്ന കുടുംബം എന്ന വലിയ സമ്പത്തിന്റെ ഉടമ. ഇത്തരം നന്മയുള്ള മനുഷ്യരുടെ കൈയ്യിലാവണം ഫൊക്കാന പോലെയുള്ള സംഘടനകളുടെ ഭാവി. കാരണം ജീവിതത്തെ അടുത്തറിയുന്നവന് മാത്രമെ കണ്ണുനീരണിയുന്നവന്റെ മനസ്സറിയൂ...

പ്രിയപ്പെട്ട ശ്രീകുമാറേട്ടാ... നിങ്ങൾ നിങ്ങളുടെ യാത്ര തുടരുക. അമ്മേയുടെയും ഭാര്യയുടെയും ഓർമ്മകൾ ഈ പ്രവർത്തനങ്ങൾക്ക് കരുത്താവട്ടെ. അമേരിക്കൻ മലയാളികൾ എല്ലാ പ്രവർത്തനങ്ങൾക്കും ഒപ്പം ഉണ്ടാകും.

പ്രാർത്ഥനകൾ...














© Kerala Express

# എസ്ബി ആൻഡ് അസംപ്ഷൻ അലുംമ്നി ക്രിസ്മസ് ആഘോഷം വർണ്ണാഭമായി

ചിക്കാഗോ: എസ്ബി ആൻഡ് അസംപ്ഷൻ കോളജ് അലുംമ്നി അസോസിയേഷന്റെ ചിക്കാഗോ ചാപ്റ്റർ ക്രിസ്മസ്-നവവത്സര ഫാമിലി മീറ്റ് ഡെസ്പ്ലെയിൻസ് കോർട്ടാണ്ട് സ്‌ക്വയറിൽ ഡിസംബർ 30-ന് സമുചിതമായി ആഘോഷിച്ചു. ആക്ടിംഗ് പ്രസിഡണ്ട് മാത്യു ദാനിയേൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ചിക്കാഗോ സീറോമലബാർ രൂപതയുടെ വികാരി ജനറാൾ റവ.ഫാ. തോമസ് കടുകപ്പിള്ളിൽ മുഖ്യാതിഥിയായിരുന്നു. ആൻഡ്രിയ മജു ആലപിച്ച പ്രാർത്ഥനാഗാനത്തോ

**തോമസ് ഡിക്രൂസ്**

ടെ ആരംഭിച്ച ചടങ്ങിൽ അസോസിയേഷൻ വൈസ് പ്രസിഡണ്ട് ജോളി കുഞ്ചെറിയ സദസ്സിന് സ്വാഗതം പറഞ്ഞു.

സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിൽ സ്തുത്യർഹമായ സംഭാവനകൾ നല്കി ജീവിത വിജയം കൈവരിച്ച അനവധി മഹത് വ്യക്തികൾക്ക് ഉന്നതവിദ്യാഭ്യാസം പകർന്നു നല്കിയ എസ്ബി-അസംപ്ഷൻ കലാലയങ്ങളിലെ പൂർവ്വവിദ്യാർത്ഥികൾ എന്ന നിലയിൽ സമൂഹത്തിനു സേവനം ചെയ്യുക അഭിമാനകരമാണെന്ന് അസോസിയേഷന്റെ 2024-2025 വർഷത്തെ പ്രവർത്തനോദ്ഘാടനം നിർവഹിച്ചുകൊണ്ട് വികാരി ജനറൽ പറഞ്ഞു. ജീവിതവിജയവും നേട്ടങ്ങളും മൂല്യവത്താകുന്നത് ജീവിതയാത്രയിൽ ഒപ്പം സഞ്ചരിച്ച എല്ലാവരെയും ചേർത്തു നിർത്തിക്കൊണ്ട് ഒരുവൻ മറ്റുള്ളവരുടെ ഏതാവശ്യങ്ങളിലും താങ്ങായി നിലകൊള്ളുമ്പോഴാണ്. ഇത്തരം മഹത്തായ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പൂർവ്വികർ വലിയ ത്യാഗങ്ങൾ സഹിച്ചുകൊണ്ട് ഉയർന്ന നിലവാരമുള്ള ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്തിയത്. ക്രിസ്മസിന്റെ സന്ദേശവും ഇത്തരത്തിൽ സഹോദരങ്ങൾക്കു വേണ്ടി സ്വയം വിട്ടുനല്കലാണെന്ന് ഫാ. തോമസ് പറഞ്ഞു.


രൂപതാ പ്രൊക്യുറേറ്ററും എസ്.ബി. കോളജ് പൂർവ്വവിദ്യാർത്ഥിയുമായ റവ.ഫാ. കുര്യൻ നെടുവേലിചാലുങ്കൽ പഠനകാലത്ത് തനിക്കുണ്ടായ രസകരമായ അനുഭവങ്ങൾ പങ്കുവെച്ചു സംസാരിച്ചു. ഇലക്ഷൻ കമ്മീഷൻ ചെയർമാൻ ഷാജി കൈലാത്ത് അസോസിയേഷന്റെ തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികളെ സദസ്സിനു പരിചയപ്പെടുത്തി. (ശേഷം 30-ാം പേജിൽ)





# മകളെ മാപ്പ് വനിതാ കൂട്ടായ്മ; സൂമിൽ നിർദേശങ്ങൾ നൽകി കെ. സുധാകരൻ

ചിക്കാഗോ: ചികിത്സാർത്ഥം അമേരിക്കയിൽ എത്തിയ കെ.പി.സി.സി. പ്രസിഡണ്ട് കെ. സുധാകരൻ എം.പി. കെ.പി.സി.സി. ഭാരവാഹികളുടെയും ജില്ലാ പ്രസിഡണ്ടുമാരുടെയും നേതൃ



യോഗത്തിൽ സൂം മീറ്റിങ്ങിലൂടെ പങ്കെടുത്തു.

വണ്ടിപ്പെരിയാറിൽ പീഡിപ്പിച്ച് കൊലപ്പെടുത്തിയ ആറു വയസ്സുകാരിയുടെ കുടുംബത്തിന് നീതിയും പ്രതിക്ക് ശിക്ഷയും ഉറപ്പാക്കുക എന്ന പ്രധാന ആവശ്യം ഉന്നയിച്ച് കെ.പി.സി.സി ജനുവരി ഏഴിന് വണ്ടിപ്പെരിയാറിൽ 'മകളെ മാപ്പ്' എന്ന പേരിൽ 5000 വനിതകൾ പങ്കെടുത്ത ജനകീയ കൂട്ടായ്മ സംഘടിപ്പിച്ചിരുന്നു. അന്നേദിവസം ഉച്ചയ്ക്ക് രണ്ടിന് എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എം.പി. ജനകീയ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ ചുമതലയുള്ള എ.ഐ.സി.സി. ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷി പങ്കെടുത്തു.

ആറുവയസ്സുകാരി ബാലികയെ പീഡിപ്പിച്ച് കൊന്ന് കെട്ടിത്തൂക്കിയ സംഭവം കേരള മനഃസാക്ഷിയെ ഞെട്ടിച്ചതാണ്. എന്നിട്ടും പ്രതിയുടെ രാഷ്ട്രീയം കണക്കിലെടുത്ത് തെളിവുകൾ ഇല്ലാതാക്കി നിയമത്തിന് മുന്നിൽനിന്ന് രക്ഷപ്പെടാൻ സർക്കാർ സംവിധാനങ്ങൾ ദുരുപയോഗപ്പെടുത്തി. കൊലപാതകവും പീഡനവും പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ കണ്ടെത്തിയിട്ടും കുറ്റം തെളിയിക്കാൻ പോലീസും പ്രോസിക്യൂഷനും ശ്രമിച്ചില്ല. ഇരുവരും ഒത്തുകളിച്ച് ഡി.വൈ.എഫ്.ഐ.ക്കാരനായ പ്രതിക്ക് രക്ഷപ്പെടാൻ വഴിയൊരുക്കി. ഇത് മാപ്പർഹിക്കാത്ത കുറ്റമാണ്.

നമ്മുടെ അമ്മമാരെയും സഹോദരിമാരെയും പങ്കെടുപ്പിച്ച് സംഘടിപ്പിച്ച സ്ത്രീജ്വാല എന്ന പരിപാടി ഒരു വലിയ വിജയം ആയിരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമം എൽ.ഡി.എഫ്. ഭരണത്തിൽ വർധിക്കുകയാണ്. ഈ ഭരണത്തിൽ ആരും സുരക്ഷിതരല്ലെന്ന ബോധ്യം ജനത്തിനുള്ളിൽ വളർത്താൻ സഹായിക്കുന്ന രീതിയിൽ ഈ പരിപാടി വിജയിപ്പിക്കാനുള്ള കടമയും ഉത്തരവാദിത്തവും ഓരോ കോൺഗ്രസ് പ്രവർത്തകനുമുണ്ട്. അത് വിജയിപ്പിക്കാനുള്ള പ്രവർത്തനത്തിൽ എല്ലാ കോൺഗ്രസ് നേതാക്കളുടെയും പ്രവർത്തകരുടെയും ജനപ്രതിനിധികളുടെയും സഹായം അനിവാര്യമാണ്.

കേരളത്തിന്റെ ചുമതലയുള്ള എ.ഐ.സി.സി. ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷി ആദ്യമായി പങ്കെടുത്തതും ഈ വർഷം കെ.പി.സി.സി. സംഘടിപ്പിച്ചതുമായ ആദ്യ പൊതുപരിപാടിയുമാണിത്. ഇതിനായി കെ.പി.സി.സി. വൈസ് പ്രസിഡണ്ട് വി.പി. സജീന്ദ്രൻ, ഡീൻ കുര്യാക്കോസ് എം.പി, ഡി.സി.സി. പ്രസിഡണ്ട് സി.പി. മാത്യു, രാഷ്ട്രീയകാര്യ സമിതി അംഗം എം. ലിജു, മാത്യു കുഴൽനാടൻ എം.എൽ.എ. എസ്. അശോകൻ, ജോസി സെബാസ്റ്റ്യൻ എന്നിവരടങ്ങുന്ന ഏഴംഗ സംഘാടക സമിതിക്ക് കെ.പി.സി.സി. രൂപം നൽകിയിരുന്നു. വി.പി. സജീന്ദ്രൻ, മാത്യു കുഴൽനാടൻ എന്നിവരെ ഈ പരിപാടിയുടെ കോ-ഓർഡിനേറ്റർമാരായി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

17-ന് ഇതേ വിഷയത്തിൽ കെ.പി.സി.സിയുടെ നേതൃത്വത്തിൽ മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സായാഹ്ന ധർണ നടത്തും.

(ശേഷം 24-ാം പേജിൽ)

# അക്ഷിം കെ. ജെയിംസ് അന്തരിച്ചു



ഫിലാഡൽഫിയ: ബത്തേരി നടവയൽ കാരിക്കക്കുന്നേൽ ജെയിംസ്-ഷിജി ദമ്പതികളുടെ മകൻ അക്ഷിം കെ. ജെയിംസ് (19) അന്തരിച്ചു. ആൻമേരി ഏകസഹോദരിയാണ്. ബത്തേരി ഡോൺ ബോസ്കോ കോളജ് വിദ്യാർത്ഥിയായിരുന്ന അക്ഷിം പഠനകുതുകിയും സ്നേഹ സഹകരണ വിദ്യാർത്ഥി ജീവിതരീതികളാൽ എല്ലാവർക്കും മാതൃകാവ്യക്തിത്വവുമായിരുന്നു. അക്ഷിമിന്റെ അകാലത്തിലുള്ള വേർപാടിൽ കോളജ് പ്രിൻസിപ്പാൾ റവ.ഡോ. ജോൺസൺ പൊന്തെൻപിള്ളി, നടവയൽ ഹോളിക്രോസ് ആർക്കി എപ്പിസ്കോപ്പൽ പിൽഗ്രിം ചർച്ച് വികാരി ആർച്ച് പ്രീസ്റ്റ് ഫാ. ഗർവാസീസ് നടവയൽ, സെ. തോമസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ തോമസ് മാത്യു നടവയൽ, സെ.തോമസ് എൽപിഎസ് ഹെഡ്മാസ്റ്റർ ജോസ് കിഴക്കേത്തുണ്ടത്തിൽ, ഓർമ്മ ഇന്റർനാഷണൽ ട്രസ്റ്റി ബോർഡ് ചെയർ ജോസ് ആറ്റുപുറം (ഫിലാഡൽഫിയ), ജനറൽ സെക്രട്ടറി ഷാജി അഗസ്റ്റിൻ (പാലാ), ഇന്ത്യാ പ്രൊവിൻസ് പ്രസിഡണ്ട് പി.സി. വിൻസന്റ് (കോഴിക്കോട്) എന്നിവരും വയനാട്ടിലെയും സൗദി അറേബ്യ മലയാളി സമൂഹത്തിലെയും വിവിധ സാമൂഹിക സാംസ്കാരിക പ്രവർത്തകരും അനുശോചിച്ചു.

ഓർമ്മ ഇന്റർനാഷണലിന്റെ കിങ്ഡം ഓഫ് സൗദി അറേബ്യ പ്രൊവിൻസ് പ്രസിഡണ്ടാണ് കാരിക്കക്കുന്നേൽ ജെയിംസ്. പി.ഡി. ജോർജ് നടവയൽ മാതൃസഹോദരനാണ്.

# ചിക്കാഗോ സേക്രഡ് ഹാർട്ട് ഫൊറോനയ്ക്ക് പുതിയ അല്മായ നേതൃത്വം



ചിക്കാഗോ: ചിക്കാഗോ സേക്രഡ് ഹാർട്ട് ഫൊറോനാ പള്ളിയിൽ 2024–2025 കാലയളവിലേക്കുള്ള പുതിയ കൈക്കാരന്മാരും പാരിഷ് കൗൺസിൽ അംഗങ്ങളും ചുമതലയേറ്റു. ഡിസം. 31-ന് ഞായറാഴ്ച വി. കുർബാനയ്ക്കു ശേഷം അസി. വികാരി ബിൻസ് ചേത്തലിൽ നിയുക്ത കൈക്കാരന്മാർക്കും പാരിഷ് കൗൺസിൽ അംഗങ്ങ

**ലിൻസ് താന്നിച്ചുവട്ടിൽ**

ൾക്കും പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പുതിയ ട്രസ്റ്റി കോ-ഓർഡിനേറ്ററായി തോമസ് നെടുവാമ്പുഴയും കൈക്കാരന്മാരായി മത്തിയാസ് പുല്ലാപ്പള്ളി, സാബു മുത്തോലം, കിഷോർ കണ്ണാല, ജെൻസൻ ഐക്കരപ്പറമ്പിൽ എന്നിവരുമാണ് തെരഞ്ഞെടുക്കപ്പെട്ടത്.

ഇടവകയുടെ മുഖവും നാവുമായി മാറാനും വരുംവർഷങ്ങളിൽ ഇടവകയുടെ സർവതോമുഖമായ പുരോഗതിക്കും വളർച്ചയ്ക്കുമായി ആത്മാർത്ഥമായി പ്രവർത്തിക്കാനും പുതിയ കൈക്കാരന്മാർക്കും പാരിഷ് കൗൺസിൽ അംഗങ്ങൾക്കും കഴിയട്ടെയെന്നും ഫാ. ബിൻസ് ചേത്തലിൽ ആശംസിച്ചു.

സ്തുത്യർഹമായ സേവനത്തിനു ശേഷം സ്ഥാനമൊഴിയുന്ന കൈക്കാരന്മാരായ ജോർജ് ചക്കാലത്തൊട്ടി, മാത്യു ഇടിയാലിൽ, സാബു മുത്തോലം, സണ്ണി മൂക്കേട്ട്, ജിതിൻ ചെമ്മലക്കുഴി എന്നിവർക്കും പാരിഷ് കൗൺസിൽ അംഗങ്ങൾക്കും പിആർഒ ബിനോയ് സ്റ്റീഫൻ കിഴക്കനടിക്കും ബിൻസച്ചൻ ഇടവക സമൂഹത്തിന്റെ നന്ദി അറിയിച്ചു.

# കോട്ടയം ജില്ലാപഞ്ചായത്ത് മാർ മാത്യു മൂലക്കാട്ടിന് ആശംസകളർപ്പിച്ചു

കോട്ടയം: മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് തിരുമേനിക്ക് മാതൃ ജില്ലയുടെ ആദരവുമായി കോട്ടയം ജില്ലാ പഞ്ചായത്ത് ഭരണസമിതി ബിഷപ്സ് ഹൗസിലെത്തി പിതാവിന് ആശംസകളർപ്പിച്ചു.

കോട്ടയം ജില്ലാ ഭരണകൂടത്തിനു വേണ്ടി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ നേതൃത്വത്തിലാണ് ജനപ്രതിനിധികൾ പിതാവിനെ നേരിൽ കണ്ട് തങ്ങളുടെ സ്നേഹവും പിന്തുണയും ജൂബിലി ആശംസകളും അറിയിച്ചത്.



ആത്മീയ നേതൃത്വത്തിനുമപ്പുറം സാമൂഹിക സാംസ്കാരിക മേഖലകളിൽ സജീവസാന്നിദ്ധ്യമായി നിലകൊള്ളുന്ന അഭിവന്ദ്യ മൂലക്കാട്ട് പിതാവിനെ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി. ബിന്ദു ഉപഹാരം നല്കി ആദരിച്ചു. മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന പണ്ഡിതശ്രേഷ്ഠനായ പിതാവിന് ദീർഘായുസ് നേരുന്നതായി കെ.വി. ബിന്ദു പറഞ്ഞു.

ജില്ലാപഞ്ചായത്ത് മുൻ പ്രസിഡണ്ട് നിർമ്മലാ ജിമ്മി ചന്ദ്രൻകുന്നേൽ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പി.എം. മാത്യു, ജില്ലാപഞ്ചായത്ത് അംഗങ്ങളായ ജോസ് പുത്തൻകാല, ശ്രീമതി ഹൈമി ബോബി, പി.ആർ അനുപമ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

ജില്ലാഭരണകൂടം തന്നോട് കാണിക്കുന്ന സ്നേഹാദരവുകൾക്ക് പിതാവ് നന്ദി പറഞ്ഞു. കൃതജ്ഞതാ സൂചകമായി അഭിവന്ദ്യ പിതാവ് അതിഥികൾക്ക് സമ്മാനങ്ങൾ നല്കി. ജില്ലാ പഞ്ചായത്ത് ഭരണസമിതി ജനുവരി മൂന്നിന് ഉച്ചകഴിഞ്ഞാണ് ബിഷപ്സ് ഹൗസിലെത്തി സ്നേഹോപഹാരങ്ങൾ സമർപ്പിച്ചത്. മുൻ ജില്ലാപഞ്ചായത്തംഗം ഡോ. ബിജു കൈപ്പാറേടനും ചടങ്ങിൽ സന്നിഹിതനായിരുന്നു.

## ആശംസകളുമായി ഉഴവൂർ ഗ്രാമപഞ്ചായത്തും





കോട്ടയം: മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് പിതാവിനെ ഉഴവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ആദരിച്ചു. സാമൂഹിക സാംസ്കാരിക മേഖലകളിലും ആത്മീയരംഗത്തും ശക്തമായ സാന്നിദ്ധ്യമായി നിലകൊള്ളുന്ന അഭിവന്ദ്യ പിതാവിനെ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് തങ്കച്ചൻ കെ.എം., വൈസ് പ്രസിഡണ്ട് ബിനു ജോസ്, സ്ഥിരസമിതി അദ്ധ്യക്ഷന്മാരായ ജോണിസ് പി. സ്റ്റീഫൻ, ന്യൂജന്റ് ജോസഫ്, മെംബർമാരായ ജസീന്ത പൈലി, സുരേഷ് വി.ടി, സിറിയക് കല്ലടയിൽ, ഏലിയാമ്മ കുരുവിള, മേരി സജി, ബിൻസി അനിൽ, റിനി വിൽസൺ, സെക്രട്ടറി സുനിൽ എസ്., അസി. സെക്രട്ടറി സുരേഷ് കെ.ആർ എന്നിവരുടെ നേതൃത്വത്തിലാണ് ആദരിച്ചത്. ഉഴവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി ഒന്നടങ്കം ജനുവരി 3-ന് ഉച്ചയ്ക്കാണ് കോട്ടയത്തെ ബിഷപ്സ് ഹൗസിലെത്തിയത്. ജനപ്രതിനിധികൾ ഉഴവൂർ പൗരാവലിക്കു വേണ്ടി പിതാവിനെ നേരിൽ കണ്ട് തങ്ങളുടെ സ്നേഹവും പിന്തുണയും ജൂബിലി ആശംസകളും അറിയിച്ചു. മുൻ ജില്ലാപഞ്ചായത്ത് അംഗം ഡോ. ബിജു കൈപ്പാറേടൻ ചടങ്ങിൽ സന്നിഹിതനായിരുന്നു.

# പാപ്പാഞ്ഞി അത്ര പോരാ

**രാജു മൈലപ്ര**

പ്രധാനമന്ത്രിയുടെ ക്ഷണം സ്വീകരിച്ച്, അദ്ദേഹം ഒരുക്കിയ ക്രിസ്മസ് വിരുന്നിൽ പങ്കെടുത്ത ക്രിസ്ത്യൻ പുരോഹിതന്മാരെ പരിഹസിച്ച് സാംസ്കാരിക മന്ത്രി. വിരുന്നിൽ വിളമ്പിയ കേക്കും മുന്തിരി ഇട്ടു വാറ്റിയ വൈനും കുടിച്ചപ്പോൾ ബിഷപ്പുമാർക്കു രോമാഞ്ചമുണ്ടായത്രേ! തെരഞ്ഞെടുപ്പ് സമയത്ത് അരമന നിരങ്ങി വോട്ട് ചോദിച്ച മഹാനാണത്രേ ഈ മന്ത്രി. ഇതിനു മുൻപും ഇതുപോലെയുള്ള മഹദ്വചനങ്ങൾ ഇദ്ദേഹം മൊഴിഞ്ഞിട്ടുണ്ടത്രേ!

ഇന്ത്യൻ ഭരണഘടന എന്നാ കുന്തവും കുടച്ചക്രവുമാണെന്നു ചോദിച്ച അദ്ദേഹത്തിന്റെ സംശയം ഒരിക്കൽ കോടതി തീർത്തു കൊടുത്തതാണ്. തമിഴ്നാട്ടിൽ നിന്നും ഇഷ്ടംപോലെ അരി വരുമ്പോൾ കേരളത്തിലെ കിഴങ്ങന്മാരായ കർഷകർ എന്തിനാണ് നെൽക്കൃഷി നടത്തുന്നതെന്നും അദ്ദേഹം ചോദിച്ചു.



ലേഖകൻ

'മുന്തിരി വൈനും രോമാഞ്ചവും' വിവാദം കത്തിപ്പടർന്നപ്പോൾ, പതിവുപോലെ അദ്ദേഹം ഖേദം പ്രകടിപ്പിച്ചു. വിടുവായത്തം വിളമ്പിയിട്ട്, ക്ഷമ ചോദിക്കുന്നത് അദ്ദേഹത്തിനു വരാൽകറി കൂട്ടി കപ്പ കഴിക്കുന്നതു പോലെ ഒരു ഹരമാണ്. “ഞാൻ അതല്ല ഉദ്ദേശിച്ചത്, നാക്ക് ഉളുക്കിയതാണ്, വാർത്ത വളച്ചൊടിച്ചതാണ്” തുടങ്ങിയ മുടന്തൻ ന്യായങ്ങൾ.

ജൗളി പൊക്കി കാണിച്ചിട്ട് 'നിങ്ങൾ കണ്ടത് സത്യമല്ല, അതങ്ങ് മറന്നേക്കൂ' എന്നൊരു ലൈൻ. കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിനു പറ്റിയ സാംസ്കാരിക മന്ത്രി.

മുഖ്യമന്ത്രിയും ക്രിസ്മസ് വിരുന്നൊരുക്കി, മെത്രാന്മാരെ ക്ഷണിച്ചു സൽക്കരിച്ചു. അവിടെ രോമാഞ്ചത്തെപ്പറ്റി ആരും 'കമാ'ന്നൊരക്ഷരം മിണ്ടിയില്ല.

എന്നാൽ, ഇതൊന്നുമല്ല എന്നെ അലട്ടുന്ന വിഷയം. അതൊക്കെ വലിയ വലിയ വിഷയങ്ങൾ-വലിയ വലിയ ആൾക്കാർ അതിനൊക്കെ പരിഹാരം കണ്ടുകൊള്ളും.

പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും സംഘടിപ്പിച്ച സൽക്കാരത്തിൽ പ്രത്യക്ഷപ്പെട്ട സാന്റാക്ലോസ് പാപ്പമാർക്കെല്ലാം ഒരേ മുഖഛായ. ചുവന്ന ഉടുപ്പും കുടവയറും ഓ.കെ. എന്നാൽ, ഇന്ത്യയിലെ എല്ലാ ക്രിസ്മസ് പാപ്പാമാരുടെയും മുഖം വാവലു ചപ്പിയ മാങ്ങാണ്ടി പോലെയാണിരിക്കുന്നത്. ചൈനക്കാർ ഒരേ അച്ചിലിട്ടു വാർത്ത ഓഞ്ഞ പ്ലാസ്റ്റിക് മോന്ത. മികച്ച മേക്കപ്പ് ആർട്ടിസ്റ്റുകളുള്ള സിനിമയിൽ പ്രത്യക്ഷപ്പെടുന്ന സാന്റാക്ലോസിനു പോലും ഈ മൂഞ്ചിയ മോന്തയാണുള്ളത്. കാലം ഇത്ര കഴിഞ്ഞിട്ടും ഒരു തുടുത്ത കവിളുള്ള പാപ്പായെ കളത്തിലിറക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല-കഷ്ടം!

ദോഷം പറയരുതല്ലോ, കൂട്ടത്തിൽ തലയെടുപ്പോടു കൂടി നിന്നത്, ഒരു വിദ്യാർത്ഥി സംഘടന കത്തിച്ച ഗവർണ്ണറുടെ മുഖഛായ ഉള്ള പാപ്പാഞ്ഞിയാണ്.

വരും വർഷങ്ങളിലെങ്കിലും ഊശാൻ താടിയും ഒട്ടിയ കവിളുകളുമുള്ള മുഖത്തിനു പകരം സമൃദ്ധമായ നരച്ച താടിമീശയും ചുവന്നു തുടുത്ത കവിളുകളുമുള്ള പാപ്പമാരെ കാണാമെന്നു പ്രതീക്ഷിക്കുന്നു!

KERALA EXPRESS പ്രവാസി താളുകൾ

# 15–ാമത് കെസിസിഎൻഎ നാഷണൽ കൺവൻഷൻ ഡാളസ് കിക്കോഫ്



ബൈജു ആലപ്പാട്ട്

ഡാളസ്: വടക്കെ അമേരിക്കയിലെ ക്നാനായക്കാരുടെ ദേശീയ സംഘടനയായ കെസിസിഎൻഎ (KCCNA) യുടെ നേതൃത്വത്തിൽ ടെക്സസിലെ സാൻ അന്റോണിയോയിൽ വെച്ച് 2024 ജൂലൈ 4, 5, 6, 7 എന്നീ തീയതികളിൽ നടത്തപ്പെടുന്ന 15-ാമത് കെസിസിഎൻഎ ദേശീയ ഫാമിലി കൺവൻഷന്റെ ഡാളസ് കിക്കോഫ് വളരെ ആവേശത്തോടെ നടന്നു.

ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ഡാളസ്-ഫോർട്ട് വർത്തി(KCADFW)ന്റെ ന്യൂഇയർ ആഘോഷത്തോടനുബന്ധിച്ചു നടന്ന ചടങ്ങിൽ ജെയ്സൺ ആൻഡ് ഷിമിയ ഓലിയിൽ നിന്ന് മെഗാ സ്പോൺസർഷിപ് സ്വീകരിച്ചുകൊണ്ട് കെസിസിഎൻഎ ജനറൽ സെക്രട്ടറി അജീഷ് പോത്തൻ താമരത്തും ട്രഷറർ സാമോൻ പല്ലാട്ടുമഠവും കിക്കോഫിനു തുടക്കം കുറിച്ചു.

സാബു ആൻഡ് അനിത തടത്തിൽ, കുരുവിള ആൻഡ് ഡെയ്സി ചെമ്മാച്ചേൽ, ജിജു ആൻഡ് നിഷ മുട്ടത്തിൽ, ഡെന്നിസ് ആൻഡ് സിൽവി നടക്കുഴക്കൽ, ബാബു ആൻഡ് ബിന്ദു ചക്കുങ്കൽ, സുഭാഷ് ആൻഡ് ജ്യോതി അരീച്ചിറ, മാത്യു ആൻഡ് ഉഷ കോട്ടൂർ, ഷാജി ആൻഡ് ജോബി പഴുക്കയിൽ, വിനീത് ആൻഡ് ലിനി കടുതോടിൽ, ബിജു ആൻഡ് ഷിബി ചെരുവംകാലായിൽ, ടിമ്മി ആൻഡ് ലില്ലി അരീച്ചിറ, ജോസഫ് ആൻഡ് ആലീസ് മ്യാലിൽ, ഷിബു ആൻഡ് സീന കൈപ്പള്ളിൽ, ജോ ആൻഡ് മെറിൻ പൈമ്പള്ളിൽ, വിനിൽ ആൻഡ് ജോയ്സ് പാലൂതറ, പിറ്റി ആൻഡ് ഷൈനി കൊച്ചാനയിൽ, സാമോൻ ആൻഡ് ബിന്ദു പല്ലാട്ടുമഠം എന്നിവരാണ് ഗ്രാൻഡ് സ്പോൺസേഴ്സ്.

ഇതു കൂടാതെ അമ്പതോളം ഫാമിലി രജിസ്ട്രേഷനും കിക്കോഫിന്റെ ഭാഗമായി നടന്നു. വളരെ നാളുകൾക്കു ശേഷം ടെക്സസിൽ നടക്കുന്ന കൺവൻഷനെ വളരെയേറെ ആവേശത്തോടെയാണ് ഡാളസ് കമ്യൂണിറ്റി ഉറ്റുനോക്കുന്നത്. 200-നുമേൽ ഫാമിലി രജിസ്ട്രേഷനാണ് ഡാളസിൽ നിന്ന് പ്രതീക്ഷിക്കുന്നതെന്ന് KCADFW പ്രസിഡണ്ട് വിനീത് കടുതോടിലും ജോ. സെക്രട്ടറി ബിജു ചെരുവംകാലായിലും ട്രഷറർ ടിമ്മി അരീച്ചിറയിലും അറിയിച്ചു.



കെസിസിഎൻഎയെ പ്രതിനിധീകരിച്ചു ജനറൽ സെക്രട്ടറി അജീഷ് പോത്തൻ താമരത്തും ട്രഷറർ സാമോൻ പല്ലാട്ടുമഠം, സാൻ അന്റോണിയോ കൺവൻഷൻ ചെയർപേഴ്സൺ ജെറിൻ കുര്യൻ പടപ്പമ്മാക്കിൽ, ഡാളസ്-സാൻ അന്റോണിയോ റീജിയണൽ വൈസ് പ്രസിഡണ്ട് ഷിന്റോ വള്ളിയോടത്ത്, കാനഡ റീജിയണൽ വൈസ് പ്രസിഡണ്ട് ലൈജു ചെന്നങ്ങാട്ട് എന്നിവർ പങ്കെടുത്തു പ്രസംഗിച്ചു.

ലോകപ്രശസ്തമായ സാൻ അന്റോണിയോയിലെ റിവർവാക്കിനോടു ചേർന്നു സ്ഥിതിചെയ്യുന്ന ഹെൻട്രി ബി ഗോൺസാലസ് കൺവൻഷൻ സെന്ററിലാണ് ഇത്തവണത്തെ ക്നാനായ ദേശീയ മാമാങ്കം അരങ്ങേറുന്നത്.

കെസിസിഎൻഎയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന 20 യൂണിറ്റ് സംഘടനകളിൽ നിന്നായി 1500-ൽ അധികം കുടുംബങ്ങൾ (അയ്യായിരത്തോളം അംഗങ്ങൾ) ഇത്തവണ രജിസ്റ്റർ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. വടക്കെ അമേരിക്കയിലെ മുപ്പതിനായിരത്തിൽ അധികം വരുന്ന ക്നാനായ കത്തോലിക്കർ ആവേശത്തോടെ ഉറ്റുനോക്കുന്ന കെസിസിഎൻഎ കൺവൻഷന്റെ രജിസ്ട്രേഷൻ വളരെവേഗം പൂർത്തിയാകുവാനുള്ള സാദ്ധ്യത ഏറെയാണ്.

# കെസിസിഎൻഎ കൺവൻഷൻ സാൻ അന്റോണിയോ കിക്കോഫ് വൻവിജയം

സാൻ അന്റോണിയോ: 2024 ജൂലൈ 4, 5, 6, 7 എന്നീ തീയതികളിൽ നടക്കാൻ പോകുന്ന പതിനഞ്ചാമത് ദേശീയ കൺവൻഷന്റെ കിക്കോഫിന് ഉജ്വല തുടക്കം. കൺവൻഷന്റെ ആതിഥേയ യൂണിറ്റായ ക്നാനായ കാത്തലിക് സൊസൈറ്റി ഓഫ് സാൻ അന്റോണിയോയുടെ ക്നാനായ നൈറ്റിനോടനുബന്ധിച്ചാണ് കൺവൻഷൻ കിക്കോഫ് നടത്തപ്പെട്ടത്. ബിൻസൺ-ഷീജ വടക്കേപറമ്പിലിൽ നിന്ന് മെഗാ സ്പോൺസർഷിപ് സ്വീകരിച്ചുകൊണ്ട് കെസിസിഎൻഎ ജനറൽ സെക്രട്ടറി അജീഷ് പോത്തൻ താമരത്തും ട്രഷറർ സാമോൻ പല്ലാട്ടുമഠവും കിക്കോഫിനു തുടക്കം കുറിച്ചു.




സജി-ഷാന്റി കുരികിലംകുന്നേൽ, മാത്യു-ബിജു തിരുനെല്ലിപ്പറമ്പിൽ, എബി-സിൽജിയ വടക്കേതൊട്ടിയിൽ, ഫിലിക്സ്-സബീന മറ്റത്തിൽ, ജെറിൻ-ജെഫി പടപ്പംമാക്കിൽ, സിജു-ലിമി കുഴിമ്പറമ്പിൽ, മാർക്കോസ്-ബിജി കേളച്ചന്ദ്ര, ഷിന്റോ-സൈമോൾ വള്ളിയോടത്ത്, മനോജ്-താര മാന്തുരുത്തിൽ, ജെയിംസ്-ജെൽമോൾ കട്ടപ്പുറത്ത്, പീറ്റർ-ബിജു പച്ചിക്കര, സെബി-ലാലി ചെരുവിൽ, അഖിൽ-ബ്ലെസി ചെരുവിൽ എന്നിവർ ഗ്രാൻഡ് സ്പോൺസേഴ്സായി മുന്നോട്ടുവന്നു. കൂടാതെ പത്തോളം കുടുംബങ്ങൾ ഫാമിലി സ്പോൺസേഴ്സായി ആദ്യദിവസം തന്നെ മുന്നോട്ടുവന്നു. കെസിഎസ്എസ്എ സ്പിരിചൽ ഡയറക്ടർ ഫാ. ബോബൻ വട്ടംപുറത്ത് ക്നാനായ നൈറ്റ് ഉദ്ഘാടനം ചെയ്തു. വളരെ നാളുകൾക്കു ശേഷം ടെക്സസിൽ വെച്ച് നടത്തപ്പെടുന്ന ഈ ക്നാനായ മാമാങ്കത്തിലേക്ക് മുഴുവൻ ക്നാനായക്കാരെയും ക്ഷണിക്കുന്നതായി കൺവൻഷൻ ചെയർമാൻ ജെറിൻ പടപ്പംമാക്കിൽ അറിയിച്ചു.



ലോകപ്രശസ്തമായ സാൻഅന്റോണിയോയിലെ റിവർവാക്കിനോടു ചേർന്നു സ്ഥിതിചെയ്യുന്ന ഹെൻട്രി ബി ഗോൺസാലസ് കൺവൻഷൻ സെന്ററിലാണ് ഇത്തവണത്തെ ക്നാനായ ദേശീയ മാമാങ്കം അരങ്ങേറുന്നത്.

1500-ൽ അധികം കുടുംബങ്ങൾ ഇത്തവണ രജിസ്റ്റർ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നതായി പ്രസിഡണ്ട് ഷീജ വടക്കേപറമ്പിൽ, വൈസ് പ്രസിഡണ്ട് ജെയിംസ് കട്ടപ്പുറത്ത്, സെക്രട്ടറി ബിജു പച്ചിക്കര, ജോ. സെക്രട്ടറി ആരതി കാരക്കാട്, ട്രഷറർ ബിജി കേളച്ചന്ദ്ര, കെസിസിഎൻഎ റീജിയണൽ വൈസ് പ്രസിഡണ്ട് ഷിന്റോ വള്ളിയോടത്ത് എന്നിവർ അറിയിച്ചു.

# ബിഷപ് ഡോ. ഏബ്രഹാം മാർ പൗലോസിന് ന്യൂയോർക്കിൽ വൻ വരവേൽപ്പ്

**ഷാജി രാമപുരം**

ന്യൂയോർക്ക്: മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക ഭദ്രാസനാധിപനായി പുതിയതായി ചുമതല ഏറ്റെടുത്ത ബിഷപ് ഡോ. ഏബ്രഹാം മാർ പൗലോസിന് ന്യൂയോർക്ക് ജോൺ എഫ്. കെന്നഡി രാജ്യാന്തര വിമാനത്താവളത്തിൽ വൻ വരവേൽപ് നൽകി.

ഭദ്രാസന സെക്രട്ടറി റവ. ജോർജ് ഏബ്രഹാം, ട്രഷറർ ജോർജ് പി. ബാബു എന്നിവരുടെ നേതൃത്വത്തിൽ അനേക വൈദികർ, അത്മായ നേതാക്കൾ കൂടാതെ സഭാ കൗൺസിൽ അംഗങ്ങളായ റവ. ജെയ്സൺ എ. തോമസ്, വർഗീസ് പി. വർഗീസ് ഭദ്രാസന കൗൺസിൽ അംഗങ്ങളായ റവ. ക്രിസ്റ്റഫർ ഫിൽ ഡാനിയേൽ, റോയ് സി. തോമസ്, ബൈജു വർഗീസ്, കോരുത് മാത്യു, ഷേർലി തോമസ് എന്നിവരും എയർപോർട്ടിൽ സ്വീകരിക്കുവാൻ എത്തിയിരുന്നു. ക്രിസ്തീയ സഭകളുടെ ലോക കൗൺസിലിൽ (WCC) ഇന്ത്യയിൽനിന്നുള്ള ഏക എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായ ബിഷപ് ഡോ. മാർ പൗലോസ് നിലവിൽ മാർത്തോമ്മ സഭയുടെ കോട്ടയം-കൊച്ചി, അടൂർ ഭദ്രാസനങ്ങളുടെ അധിപൻ ആയിരുന്നു. 2005-ൽ മാർത്തോമ്മ സഭയിൽ എപ്പിസ്കോപ്പയായി അഭിഷിക്തനായ ബിഷപ് ഡോ. മാർ പൗലോസ് മികച്ച വാഗ്മിയും പണ്ഡിതനും കോട്ടയം മാങ്ങാനം സെന്റ് പീറ്റേഴ്സ് മാർത്തോമ്മ ഇടവകാംഗവുമാണ്.

അഖില കേരള ബാലജന സഖ്യത്തിലൂടെ ചെറുപ്പത്തിൽ തന്നെ പൊതുരംഗത്ത് സജീവമായിരുന്നു. അമേരിക്കയിലെ ബോസ്റ്റൺ യൂണിവേഴ്സിറ്റിയിൽ നിന്നാണ് ഡോക്ടറേറ്റ് നേടിയത്. മാർത്തോമ്മ സണ്ടേസ്കൂൾ സമാജം ജനറൽ സെക്രട്ടറി ആയിരുന്നപ്പോൾ സമാജത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് സംഘടിപ്പിച്ച കുട്ടികളുടെ മാരാമൺ ഇന്നും സഭയുടെ ചരിത്രത്തിൽ നിറഞ്ഞു നിൽക്കുന്നു.





## 140 ഭാഷകളിൽ പാടി ഗിന്നസ് റെക്കോർഡ് നേടി സുചേത



അബുദാബി: കണ്ണൂരിന്റെ സ്വന്തം ബഹുഭാഷാ ഗായിക സുചേത സതീഷിന് (18) വീണ്ടും ലോക റെക്കോർഡ്. 140 ഭാഷകളിൽ പാടിയ സുചേത, ഒറ്റ സംഗീത പരിപാടിയിൽ ഏറ്റവും കൂടുതൽ ഭാഷകളിൽ പാടിയതിനുള്ള ഗിന്നസ് റെക്കോർഡാണു സ്വന്തമാക്കിയത്. മലയാളമടക്കം 39 ഇന്ത്യൻ ഭാഷകൾക്കു പുറമേ 101 ലോക ഭാഷകളിലും ആലപിച്ചു. യു.എൻ. കാലാവസ്ഥാ ഉച്ചകോടിക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ച് കഴിഞ്ഞവർഷം നവംബർ 24-ന് നടത്തിയ കൺസേർട് ഫോർ ക്ലൈമറ്റ് പരിപാടിയിലായിരുന്നു പ്രകടനം. ജനുവരി നാലിന് ഗിന്നസ് അധികൃതർ പുരസ്കാരം പ്രഖ്യാപിച്ചു.

കണ്ണൂർ എളയാവൂർ സ്വദേശി ഡോ. സതീഷിന്റെയും സുമിത ആയില്യത്തിന്റെയും മകളായ സുചേത ദുബായ് നോളജ് പാർക് മിഡിൽസെക്സ് യൂണിവേഴ്സിറ്റി ഡിജിറ്റൽ മീഡിയ വിദ്യാർത്ഥിനിയാണ്.

2021 ഓഗസ്റ്റ് 19-ന് ദുബായ് ഇന്ത്യൻ കോൺസുലേറ്റിൽ 120 ഭാഷകളിൽ പാടി ലോക റെക്കോർഡിട്ടിരുന്നു. 2018-ൽ 102 ഭാഷകളിൽ പാടിയതിനും ഏറ്റവും കൂടുതൽ സമയം തുടർച്ചയായി പാടിയതിനുമുള്ള യു.എസ്. ആസ്ഥാനമായുള്ള വേൾഡ് റെക്കോർഡ് അക്കാദമിയുടെ രണ്ട് അവാർഡുകളും നേടി. ദൈർഘ്യമേറിയ സംഗീതക്കച്ചേരിയിൽ കൂടുതൽ ഭാഷകളിൽ പാടി നേട്ടം കൊയ്തത് 12-ാം വയസ്സിലാണ്.

## 2023-ൽ ഇന്ത്യയിൽ ദിവസേന രണ്ടു ക്രൈസ്തവർവീതം ആക്രമിക്കപ്പെട്ടു

ആലപ്പുഴ: കഴിഞ്ഞവർഷം ഇന്ത്യയിൽ ക്രൈസ്തവർക്കെതിരെ ദിവസേന രണ്ടു ആക്രമണങ്ങൾവീതം നടന്നുവെന്ന് കണക്കുകൾ. ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം (യു.സി.എഫ്.) എന്ന സംഘടനയാണ് കണക്ക് പുറത്തുവിട്ടത്. ഇവരുടെ ഹെൽപ്പ് ലൈൻ നമ്പറിലേക്കു വരുന്ന റിപ്പോർട്ടുകളനുസരിച്ചുള്ള കണക്കാണിത്.

കഴിഞ്ഞവർഷം നവംബർവരെയുള്ള വിശദകണക്കാണ് ആദ്യം പുറത്തുവിട്ടത്. ക്രിസ്മസിനോടനുബന്ധിച്ചുണ്ടായ ആക്രമണങ്ങളുടെ പട്ടിക പിന്നീടു തയ്യാറാക്കി. 2015 ജനുവരി 19-നാണ് സംഘടന ആക്രമണങ്ങളറിയിക്കാൻ ടോൾഫ്രീ നമ്പർ തുടങ്ങിയത്. റിപ്പോർട്ടുകളുടെ കൃത്യത പരിശോധിച്ചാണ് രേഖപ്പെടുത്തുക.

2023 നവംബർവരെ 687 ആക്രമണങ്ങളാണ് ഇന്ത്യയിലുണ്ടായത്. ഇതിൽ 531 എണ്ണവും നാലു സംസ്ഥാനങ്ങളിലാണ്.

യു.പി. (287), ഛത്തീസ്ഗഢ് (148), ഝാർഖണ്ഡ് (49), ഹരിയാണ (47) എന്നിവിടങ്ങളിൽ. മധ്യപ്രദേശ് (35), കർണാടക (21), പഞ്ചാബ് (18), ബിഹാർ (14), ഗുജറാത്ത്, തമിഴ്നാട്, ജമ്മു-കശ്മീർ (എട്ടു വീതം), രാജസ്ഥാൻ, ഒഡിഷ (ഏഴുവീതം), ഡൽഹി, മഹാരാഷ്ട്ര (ആറുവീതം), ഉത്തരാഖണ്ഡ്, ബംഗാൾ, ഹിമാചൽപ്രദേശ് (നാലുവീതം), അസം (2), ആന്ധ്രപ്രദേശ്, ഗോവ, ചണ്ഡിഗഢ്, ദാമൻ ആൻഡ് ദിയു (ഓരോന്ന്) എന്നിങ്ങനെയാണ് മറ്റിടങ്ങളിലെ സ്ഥിതി. കേരളത്തിൽ ഒന്നുപോലും റിപ്പോർട്ട് ചെയ്തിട്ടില്ല.

ക്രിസ്മസ് ദിനത്തിൽ ഡൽഹിയിൽ ആരാധന നടത്തിയതിനും ക്രിസ്മസ് ആഘോഷിച്ചതിനും അഞ്ചു പാസ്റ്റർമാർ അറസ്റ്റിലായതായി ഇവർ വ്യക്തമാക്കുന്നു. അന്നുതന്നെ മൂന്നുപേർ യു.പി.യിൽ അറസ്റ്റിലായി. ഛത്തിസ്ഗഢിൽ ഒരു ശവസംസ്കാരം തടഞ്ഞു. കർണാടകയിലും പഞ്ചാബിലും പാസ്റ്റർമാർ ആക്രമിക്കപ്പെട്ടു. ആന്ധ്രപ്രദേശിൽ ഒരു പള്ളിയിൽ ആക്രമണമുണ്ടായി. ക്രിസ്മസിനും അതിനുശേഷവുമുള്ള ഏഴുദിവസത്തെമാത്രം കണക്കാണിത് - യു.സി.എഫ്. ദേശീയ കോ-ഓർഡിനേറ്റർ എ.സി. മൈക്കിൾ പറഞ്ഞു.

പ്രാർഥനാലയങ്ങളിലേക്ക് ഇടിച്ചുകയറുക, മതപരിവർത്തനം ആരോപിച്ച് അവിടെയുള്ളവരെ ആക്രമിക്കുക തുടങ്ങിയ കാര്യങ്ങളാണ് പൊതുവേ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

മണിപ്പൂരിൽ 175 പേർ കൊല്ലപ്പെടുകയും ആയിരത്തോളംപേർക്ക് പരുക്കേൽക്കുകയും ചെയ്തു. 254 പള്ളികൾ തകർത്തെന്നാണ് യു.സി.എഫിന്റെ കണക്ക്.



# ഡബ്ല്യുഎംസിയുടെ ക്രിസ്മസ് ന്യൂഇയർ സമ്മാനം



ഫിലാഡൽഫിയ: ഡബ്ല്യുഎംസി ഫിലാഡൽഫിയാ പ്രൊവിൻസിന്റെ ക്രിസ്മസ് ന്യൂഇയർ സമ്മാനം സമൂഹ വിവാഹ നിധിയായിരിക്കണമെന്ന് ഡബ്ല്യു എം സി ഫിലാഡൽഫിയാ പ്രൊവിൻസിന്റെ ക്രിസ്മസ് ന്യൂഇയർ ആഘോഷ സമ്മേളനയോഗം തീരുമാനിച്ചു. ഫിലാഡൽഫിയ ഡബ്ല്യുഎംസി പ്രസിഡണ്ട് നൈനാൻ മത്തായി അദ്ധ്യക്ഷനായി ഡബ്ല്യുഎംസി ഫിലാഡൽഫിയ പ്രൊവിൻസിന്റെ ക്രിസ്മസ് ന്യൂഇയർ സമ്മാനമായി കേരളത്തിൽ

**പി.ഡി. ജോർജ് നടവയൽ**

നിർദ്ധനരായ യുവതീയുവാക്കളുടെ സമൂഹവിവാഹത്തിന് നേതൃത്വം നൽകുമെന്ന് പ്രസിഡണ്ട് നൈനാൻ മത്തായി പ്രസ്താവിച്ചു.

ഫിലാഡൽഫിയ ഡബ്ല്യുഎംസി ചെയർ മറിയാമ്മ ജോർജ് ക്രിസ്മസ്-ന്യൂഇയർ സന്ദേശം നല്കി. പങ്കുവെക്കലിന്റെ സന്ദേശമാണ് തിരുപ്പിറവി നല്കുന്നത് എന്നതിനാൽ നിരാലംബരെ സഹായിക്കുന്നതിനു മുന്നിട്ടു നിൽക്കുവാൻ ഈ കൂട്ടായ്മ എന്നും ബദ്ധശ്രദ്ധരായിരിക്കുമെന്ന് മറിയാമ്മ ജോർജ് വ്യക്തമാക്കി.

സെക്രട്ടറി ലൂക്കോസ് മാത്യു സ്വാഗതവും ട്രഷറർ തോമസ്കുട്ടി വർഗീസ് നന്ദിയും പറഞ്ഞു. വിമൻസ് ഫോറം ചെയർ ഷൈലാ രാജൻ എംസിയായി. ജോസ് ആറ്റുപുറം, ജോ തോമസ്, പ്രസാദ് ബേബി, ആലീസ് ജോസ്, തോമസ് ഡാനിയേൽ, ലീലാമ്മ വർഗീസ്, ലീതു ജിതിൻ, ഡാൻ തോമസ്, ജെസ്സി മാത്യു, ജോസ് നൈനാൻ, ജെയിംസ് പീറ്റർ, തങ്കച്ചൻ സാമുവേൽ, റൂബി തോമസ്, ജോർജ് നടവയൽ എന്നിവർ ക്രിസ്മസ്-ന്യൂഇയർ ആഘോഷങ്ങളിൽ വിവിധ കൾച്ചറൽ പ്രോഗ്രാമുകൾ അവതരിപ്പിച്ചു.

ജനറൽ ബോഡി സമ്മേളനത്തിന്റെ ഭാഗമായി ജനറൽ സെക്രട്ടറി ലൂക്കോസ് മാത്യു വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

ട്രഷറർ തോമസ്കുട്ടി വർഗീസ് വരവ്-ചെലവ് കണക്കുകളും അവതരിപ്പിച്ചു. ഫിലാഡൽഫിയ ബെൻസേലം എലൈറ്റ് റെസ്റ്റോറന്റിൽ ക്രമീകരിച്ച ക്രിസ്മസ്-ന്യൂഇയർ പാർട്ടി വിരുന്നും ഉണ്ടായിരുന്നു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.16 |
| യൂറോ | 90.95 |
| സ്റ്റെർലിംഗ്പൗണ്ട് | 105.58 |
| സ്വിസ് ഫ്രാങ്ക് | 97.75 |
| സിംഗപ്പൂർ ഡോളർ | 62.49 |
| കനേഡിയൻ ഡോളർ | 62.14 |
| ഒമാൻ റിയാൽ | 216.06 |
| ബഹ്റൈൻ ദിനാർ | 220.65 |
| സൗദി റിയാൽ | 22.17 |
| യു.എ.ഇ. ദിർഹം | 22.64 |
| കുവൈത്ത് ദിനാർ | 270.49 |

# സ്വീഡനും നാറ്റോ അംഗത്വപദവിയിലേക്ക് എത്തുന്നു

**കോര ചെറിയാൻ**

ഫിലാഡൽഫിയാ: 1949, ഏപ്രിൽ 4-ന് രണ്ടാം ലോകമഹായുദ്ധാനന്തരം യൂറോപ്യൻ രാജ്യങ്ങളേയും നോർത്ത് അമേരിക്കയേയും ഉൾപ്പെടുത്തി രൂപീകരിച്ച മിലിട്ടറി സംഘ്യമായ നോർത്ത് അറ്റ്ലാന്റിക്ക് ട്രീറ്റി ഓർഗനൈസേഷനിലേക്ക് സ്വീഡനേയും ചേർക്കുന്നു. ഇപ്പോൾ നാറ്റോയിൽ സ്വീഡൻ ഒഴികെ 31 രാജ്യങ്ങൾ ഉണ്ട്. പല വർഷങ്ങളായി സ്വീഡൻ അംഗത്വത്തിന് വിരുദ്ധമായി വോട്ട് രേഖപ്പെടുത്തിയിരുന്ന ടർക്കിയുടെ പാർലമെന്റും ഏകകണ്ഠമായി കഴിഞ്ഞ ഡിസംബർ 26-ന് അനുമതി നൽകി.



ടർക്കിഷ് പ്രസിഡന്റ്
റീസെപ് ടായ്പ് എഡോഗൻ

ടർക്കിയിലെ കുർദിഷ് രാജ്യദ്രോഹ സായുധ കലാപകാരികൾക്ക് മൗനപ്രോത്സാഹനം സ്വീഡൻ നൽകുന്നതായ ധാരണയുടെയോ തെറ്റിദ്ധാരണയുടെയോ പശ്ചാത്തലമായിരുന്നു നാറ്റോ അംഗത്വത്തെ എതിർത്തിരുന്നത്. അനേക വർഷങ്ങളായി ഫിൻലാന്റ് അനുകരിച്ച നിഷ്പക്ഷ മനോഭാവം റഷ്യയുടെ യുക്രൈൻ ആക്രമണത്തെ തുടർന്ന് ഉപേക്ഷിച്ചശേഷം നാറ്റോ അംഗത്വം കഴിഞ്ഞ ഏപ്രിൽ 4-ന് സ്വീകരിച്ചു.

ലോകവ്യാപകമായ യുദ്ധഭീഷണിയുടേയും അസ്വസ്തതയുടേയും ഭീകരതയിൽ ഭദ്രകാളിയെ പ്രീതിപ്പെടുത്തുവാൻവേണ്ടി നടത്തുന്ന അനുഷ്ഠാന കലയായ 'കാളിനാടകം' നടത്തുന്ന പ്രവണതയിലുള്ള രാജ്യങ്ങളും ഇപ്പോൾ കുറവല്ല. നിഷ്പക്ഷതയിലുള്ള നിരുപദ്രവകാരികളായ സ്ത്രീകളും കുട്ടികളും അടക്കമുള്ള പതിനായിരക്കണക്കിന് ജനതയെ വെട്ടി വീഴ്ത്തിയും വെടിവെച്ചും മൃഗീയമായി കൊല്ലുന്ന രണഭൂമിയായി ഭൂതലം മാറിക്കൊണ്ടിരിക്കുന്നു.

അടുത്ത നാളുകളിൽ നാറ്റോ അംഗത്വം സ്വീകരിച്ച സ്വീഡനും ഫിൻലാൻഡും വൻ ലോകശക്തികളിൽനിന്നുമുള്ള ആക്രമണത്തിനും ഭീഷണിക്കും തടയിടുവാനുള്ള ഉദ്യമത്തിലാണ്. യുക്രെയ്നിന്റെ ദാരുണാവസ്ഥയ്ക്കുള്ള മുഖ്യ കാരണം, ശക്തമായ രാജ്യങ്ങളുമായിട്ടുള്ള മിലിട്ടറി അലൈയൻസോ നാറ്റോ സമമായ യു.എസും ഓസ്ട്രേലിയയും ന്യൂസിലൻഡും അടങ്ങുന്ന അൻസുസ് ട്രീറ്റിയിലോ ചേരാതെ നിഷ്പക്ഷത ദൗത്യം പുലർത്തിയതിലുള്ള വൻ വീഴ്ചയാണ്.

2002, ജൂൺ 28-ന് ടർക്കിയും ഫിൻലാൻഡും സ്വീഡനും ചേർന്നു ഭീകര പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നവർക്കും സഹായിക്കുന്നവർക്കും 8 വർഷത്തെ സുദീർഘമായ ജയിൽ ശിക്ഷ നൽകണമെന്നും രാഷ്ട്രങ്ങളിലെ സുരക്ഷിതത്വം ശക്തമാക്കണമെന്നുമുള്ള ഉടമ്പടി സ്വീകരിച്ച് നാറ്റോ അംഗത്വത്തിനു സ്വീഡനുവേണ്ടിയുള്ള സപ്പോർട്ട് നൽകി.



ലേഖകൻ

കഴിഞ്ഞ ജൂലൈ മാസത്തിലെ നാറ്റോ രാഷ്ട്രത്തലവന്മാരുടെ സമ്മേളനത്തിൽ സെക്രട്ടറി ജനറൽ ജെൻസ് സ്റ്റോൾട്ടെൻബർഗിന്റെ പരസ്യ പ്രസ്താവനയിൽ നവാഗതനായ സ്വീഡൻ, ടർക്കിയുടെ യൂറോപ്യൻ യൂണിയനിലേക്കുള്ള പ്രവേശനത്തിനു ഊർജ്ജസ്വലമായ പിന്തുണ നൽകുമെന്നും ടർക്കിഷ് ജനതയ്ക്കു വിസ ഫ്രീയായി യൂറോപ്യൻ രാജ്യങ്ങൾ സന്ദർശിക്കുവാനുള്ള അനുമതിക്കുവേണ്ടി പ്രവർത്തിക്കുമെന്നുള്ള വാഗ്ദാനം നൽകി. ജനായത്ത ഭരണവീഴ്ചയും മനുഷ്യാവകാശ ലംഘനവും മൂലം 2018-ലെ ടർക്കിയുടെ യൂറോപ്യൻ യൂണിയൻ അംഗത്വം സ്തംഭനാവസ്ഥയിലായിരുന്നു.

സ്വീഡന്റെ നാറ്റോ അംഗത്വത്തിനു അനുകൂലമായ നിലപാടു സ്വീകരിക്കുന്നതിനു പ്രത്യുപകാരമായി ടർക്കിഷ് പ്രസിഡന്റ് റീസെപ് ടായ്പ് എഡോഗൻ അമ്പരപ്പിക്കുന്ന ആവശ്യങ്ങളാണ് ഉന്നയിച്ചത്. കാനഡയും നാറ്റോ കൂട്ടുരാജ്യങ്ങളും ശക്തമായ നിരോധനാജ്ഞ പ്രഖ്യാപിച്ച അമേരിക്കൻ നിർമ്മിത എഫ് -16 യുദ്ധവിമാനമടക്കം യുദ്ധോപകരണങ്ങൾ വാങ്ങുവാനുള്ള അനുമതി ആവശ്യപ്പെട്ടു. ശക്തമായ ജനായത്ത ഭരണം ഇല്ലാതെ പ്രസിഡന്റ് നിയമിത പ്രാതിനിധ്യം വഹിക്കുന്ന ഭരണകർത്താക്കൾ ഉള്ള സർക്കാർ സംവിധാനമുള്ള രാജ്യങ്ങളിലേക്കു അതീവ സങ്കീർണ്ണമായ യുദ്ധോപകരണങ്ങൾ എത്തിക്കുന്നത് അശേഷം അനിവാര്യമല്ല.



# ക്രിസ്മസിന് കരുതലിന്റെ കൈനീട്ടവുമായി തിരുഹൃദയ ഇടവക മിഷൻലീഗ്



ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ചിക്കാഗോയിലെ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ഇടവകയിലെ മിഷൻലീഗ് കുട്ടികൾ ക്രിസ്മസ് വ്യത്യസ്ത അനുഭവമാക്കി മാറ്റി. മാതാവിന്റെ തിരുനാൾ ദിവസം ദേവാലയത്തിൽ കുട്ടികൾ വിവിധ സമ്മാനങ്ങൾ കാഴ്ചയായി സമർപ്പിക്കുകയും ക്രിസ്മസ് ദിനത്തിൽ ക്രിസ്മസ് ട്രീയിൽ ആ സമ്മാനങ്ങൾ ഒരുക്കുകയും ചെയ്തു.

ഈ സമ്മാനങ്ങളും വീടുകളിൽ നിന്നും കുട്ടികൾ ഉണ്ടാക്കി കൊണ്ടുവന്ന വിവിധ പലഹാരങ്ങളും ക്രിസ്മസ് രാവിൽ ദേവാലയത്തിൽ വന്നവർക്കായി വില്പനയ്ക്കു വെച്ചു.

ഇതിൽ നിന്നും സമാഹരിച്ച തുക കോട്ടയം അതിരൂപതാ മിഷനറി സൊസൈറ്റി ഏറ്റെടുത്തു നടത്തുന്ന പഞ്ചാബ് മിഷനിലെ കുട്ടികളുടെ ഉന്നമനത്തിനു വേണ്ടി നല്കാൻ അസി. വികാരി റവ.ഫാ. ബിൻസ് ചേത്തലിന് കൈമാറുകയും ചെയ്തു.

ഈ നല്ല സംരംഭത്തിന് മിഷൻ ലീഗ് പ്രസിഡണ്ട് ജോയൽ ചെള്ളക്കണ്ടത്തിൽ, വൈസ് പ്രസിഡണ്ട് മൈക്കിൾ മാണിപറമ്പിൽ, സെക്രട്ടറി ഹാന ഓട്ടപ്പള്ളിൽ, ട്രഷറർ അനീറ്റ നന്തികാട്ട്, കോ-ഓർഡിനേറ്റർമാരായ ആൻസി ചേലയ്ക്കൽ, സുജ ഇത്തിത്തറ എന്നിവർ നേതൃത്വം നല്കി.

# കോസ്മോപൊളിറ്റൻ ക്ലബിന് പുതിയ ഭാരവാഹികൾ

ചിക്കാഗോ: ചിക്കാഗോ കോസ്മോപൊളിറ്റൻ ക്ലബിന്റെ 2023-ലെ ജനറൽബോഡി ഡിസംബർ മൂന്നാം തീയതി ക്ലബ് ഹൗസിൽവെച്ച് നടത്തപ്പെടുകയും 24-25 പ്രവർത്തനവർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. പ്രസിഡണ്ടായി പ്രിൻസ് ഈപ്പൻ, സെക്രട്ടറിയായി പ്രതീഷ് തോമസിനെയും വൈസ് പ്രസിഡണ്ടായി തോമസ് വിൻസന്റിനെയും ട്രഷററായി സതീഷ് നിരവത്തിനെയും ജോ. സെക്രട്ടറിയായി സോണി ഇടക്കുന്നത്തിനേയും ബോർഡ് മെംബേഴ്സായി ജോ വെളിയത്തുമാലി, ബിറ്റോ പഴയാറ്റിൽ, ജയ്സൺ മാത്യു എന്നിവരെയും തെരഞ്ഞെടുത്തു. ബോർഡ് ഓഫ് ട്രസ്റ്റീസ് പ്രതിനിധിയായി ആൽവിൻ ഷിക്കോറിനെയും ചുമതലപ്പെടുത്തി.



പ്രിൻസ് ഈപ്പൻ (പ്രസിഡണ്ട്)



തോമസ് വിൻസന്റ് (വൈസ് പ്രസിഡണ്ട്)



പ്രതീഷ് തോമസ് (സെക്രട്ടറി)



സതീഷ് നിരവത്ത് (ട്രഷറർ)



സോണി ഇടക്കുന്നത്ത് (ജോ. സെക്രട്ടറി)



ബിറ്റോ പഴയാറ്റിൽ (ബോർഡ് മെംബർ)



ജോ വെളിയത്തുമാലിൽ (ബോർഡ് മെംബർ)



ജയ്സൺ മാത്യു (ബോർഡ് മെംബർ)

ജനുവരി ഇരുപതാം തീയതി നടത്തപ്പെടുന്ന ആനുവൽ ഡേയിൽ ഈ പുതിയ ഭാരവാഹികൾ ചുമതലയേൽക്കും.

തെരഞ്ഞെടുക്കപ്പെട്ട പുതിയ പ്രസിഡണ്ടിനെയും മറ്റു ഭാരവാഹികളെയും നിലവിലെ പ്രസിഡണ്ട് രാജി മാത്യു അഭിനന്ദിക്കുകയും വരുന്ന വർഷത്തെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും നല്കുമെന്ന് അറിയിക്കുകയും ചെയ്തു. നമ്മുടെ കമ്യൂണിറ്റിയിൽ കൂടുതൽ നല്ല സ്വാധീനം ചെലുത്തുന്നതിനായി ചിക്കാഗോ കോസ്മോപൊളിറ്റൻ ക്ലബിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിൽ പ്രസിഡണ്ട് പ്രിൻസ് ഈപ്പനും പുതിയ ബോർഡും ആവേശഭരിതരാണ്.

വരാനിരിക്കുന്ന കാലയളവിൽ സാമൂഹിക പങ്കാളിത്തം, സാമൂഹിക കാര്യങ്ങൾ, നല്ല സൗഹൃദങ്ങൾ, അതുപോലെ വിവിധങ്ങളായ അവസരങ്ങൾ വഴി ക്ലബ് അംഗങ്ങളുടെ കഴിവുകൾ പ്രകടമാക്കാൻ ഉള്ള വേദി ഒരുക്കുക എന്നിവയിലാണ് ഭരണസമിതിയുടെ ശ്രദ്ധയെന്ന് പ്രസിഡണ്ട് പ്രിൻസ് ഈപ്പൻ അഭിപ്രായപ്പെട്ടു.

# പരി. ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ 92-ാമത് ഓർമ്മപ്പെരുന്നാൾ

ഷെവ. ജെയ്മോൻ സ്കറിയ

ചിക്കാഗോ: മഞ്ഞിനിക്കരയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ 92-ാമത് ഓർമ്മപ്പെരുന്നാൾ ചിക്കാഗോയിലെ സെന്റ് പീറ്റേഴ്സ്, സെ. ജോർജ്, സെ. മാർക്ക്സ് ക്നാനായ എന്നീ യാക്കോബായ സുറിയാനി ഓർത്തഡോക്സ് ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ ഫെബ്രുവരി 10, 11 (ശനി, ഞായർ) തീയതികളിൽ ഓക്ക്പാർക്ക് സെ. ജോർജ് യാക്കോബായ സുറിയാനി പള്ളിയിൽ വെച്ച് കൊണ്ടാടുന്നതിന് കർത്താവിൽ പ്രത്യാശിക്കുന്നു.



ഫെബ്രുവരി 4-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം സെ. ജോർജ് യാക്കോബായ പള്ളിയിൽ പെരുന്നാൾ കൊടിയേറ്റ് നടത്തുന്നതാണ്. ഫെബ്രുവരി 10-ന് ശനിയാഴ്ച വൈകുന്നേരം 6.30-ന് സന്ധ്യാനമസ്കാരം തുടർന്ന് 7.15-ന് റവ.ഫാ. മാത്യു ജേക്കബ് മണലേൽചിറ (വികാരി, സെ. ഇഗ്നേഷ്യസ് കത്തീഡ്രൽ, ഡാളസ്) സുവിശേഷപ്രസംഗം നടത്തുന്നതായിരിക്കും. തുടർന്ന് മൂന്ന് പള്ളികളുടെയും ക്വയർ ഫെസ്റ്റ്, ഡിന്നർ എന്നിവ ഉണ്ടായിരിക്കും.

ഫെബ്രുവര് 11-ന് ഞായറാഴ്ച രാവിലെ 9 മണിക്ക് പ്രഭാതപ്രാർത്ഥനയും തുടർന്ന് വി. മൂന്നിന്മേൽ കുർബാന, റാസ, ചെണ്ടമേളം, ആശീർവാദം, സ്നേഹവിരുന്ന്, കൊടിയിറക്കം എന്നിവയോടെ പെരുന്നാൾ ചടങ്ങുകൾ സമാപിക്കുന്നതാണ്. വിശ്വാസികൾ ഏവരും നേർച്ചകാഴ്ചകളുമായി കൂടിവന്ന് പരിശുദ്ധന്റെ ഓർമ്മപ്പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിപ്പാൻ ദൈവനാമത്തിൽ അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: വെ. റവ.ഫാ. സ്കറിയ കോറെപ്പിസ്കോപ്പ തേലപ്പള്ളിൽ 224217 7846, റവ.ഫാ.മാത്യു വർഗീസ് കരുത്തലയ്ക്കൽ 312 354 0830, റവ.ഫാ. തോമസ് മേപ്രത്ത് 630 873 0898.


BEST TIME TO BUY!!!

GAS STATIONS • CONVENIENT STORE • MOTEL • APARTMENTS • SHOPPING CENTERS

Holiday Inn Express

bp

IN CHICAGO, INDIANAPOLIS AND OTHER LOCATIONS IN ILLINOIS & INDIANA

The best and highly profitable gas stations, motels, multi-units, Shopping malls, and commercial properties are available in these locations.

For more details, please email or call!

Call: 1-630-935-4333 • Fax: 630-359-5885

Email: mk@emsonsrealty.com

240 E- LAKE STREET, SUITE No 109B, ADDISON, IL 60101



Mathew Kunjappy
Managing Broker
Emsons Realty LTD

EMSONS REALTY

KERALA EXPRESS പ്രവാസി താളുകൾ

# NEW YORK IKCC HELD THE KICKOFF FOR $15^{TH}$ KCCNA CONVENTION AT SAN ANTONIO



New York: On December 23, 2023, Indian Knanaya Catholic Community (IKCC) of Greater NY held the Kickoff for the $15^{th}$ KCCNA Convention at San Antonio, Texas during the Annual IKCC Christmas Program at Rockland Knanaya Community Center. IKCC was honored by the presence of KCCNA President Mr. Shaji Edat, KCCNA Secretary Mr. Ajish Pothen Thamarathu, and KCCNA RVP Mr. James Alapat, who all helped to make this Kickoff in Tristate New York a grand success. We were also graced with the presence of Chief Guest, Reverend Father Joby Parakkacharuvil Thomas.

The following families came forward as mega, grand, and family sponsors for the $15^{th}$ KCCNA Convention at San Antonio: Ajish & Janet Pothen Thamarathu, Baby & Salomi Uralil, Cyriac & Leela Thottam, Chackochen & Molly Thayilputhenpurayil, Luke & Shirley Malika, Joel & Preena Vishakanthara, Liju & Smitha Thotam, Abraham & Mercy Perumanisseril, Tozin and Renchu Perumpalath, Sunny & Jessy Thekkunilkunnathil, Sajan & Nisha Bhagavathikunnel, Stephen & Nitta Kidarathil, Jaimon & Dolly Valechirayil, Robin & Kavitha Chemmacheril, Raju & Meera Urumbeth, Salby & Maria Makil, Jilu & Santhosh Manumkal, Chacko & Rosamma Maikuzhiyil, Manoj & Swapna Naduparambil, Jose & Lincy Kuzhiparambil, Robin & Sharon Kuttikattil, Luke & Swapna Pathiyil, Manu & Anisha Karikattu, Sabu & Suni Thekkevattathara, James & Selfi Alapat, Iyvin & Tiscy Peedikayil, Chacko & Seena Manimala, Prince & Panchami Kizhakkel, and Sabu & Swapna Thadipuzha. We are thankful for the large participation and are hopeful more Knanaya Catholic families from New York, New Jersey, and Connecticut will attend this grand gathering from July $4^{th}$ to $7^{th}$, 2024.

The KCCNA Team under the leadership of Mr. Shaji Edat has been working hard ever since they commenced their term to reach KCCNA to new heights. Their selfless service and effective collaboration for KCCNA is duly noted by the entire North American Community. IKCC wishes them the best as they work to make the San Antonio Convention the best one to date. As President Mr. Shaji Edat strongly stated that day, "We are facing a lot of obstacles as a community, but let's be BOLD and STRONG. We are here to stay - not just 10 years or 100 years or 1000 years, but for another hundreds of centuries to go. Let us come together and show the world OUR STRENGTH AND UNITY this upcoming July $4^{th}$ Weekend during our North American Knanaya Mamangam in San Antonio."

## അതിവേഗം ഇന്ത്യ

ന്യൂഡൽഹി: വികസിതരാഷ്ട്രങ്ങളിലടക്കം ആഗോളതലത്തിൽ വളർച്ച കുറയുമെങ്കിലും 2024-ൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ നേട്ടമുണ്ടാക്കുമെന്ന് ഐക്യരാഷ്ട്ര സഭ. യുണൈറ്റഡ് നേഷൻസ് വേൾഡ് എക്കണോമിക്സ് സിറ്റുവേഷൻ ആൻഡ് പ്രോസ്പക്ടസ് എന്ന സാമ്പത്തിക റിപ്പോർട്ടിൽ ഇന്ത്യക്ക് 6.2 ശതമാനം സാമ്പത്തിക വളർച്ചയാണ് പ്രവചിക്കുന്നത്. 2025-ൽ ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉദ്പാദന (ജിഡിപി) ത്തിന്റെ വളർച്ച 6.6 ശതമാനമായി വർധിച്ചേക്കും. ലോകത്ത് അതിവേഗം വളരുന്ന ബൃഹദ് സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ തുടരും. ഇന്ത്യയുടെ മുന്നേറ്റത്തിൽ ദക്ഷിണേഷ്യ 2024-ൽ 6.2 ശതമാനം വളർച്ച കൈവരിക്കും. ആഗോള സാമ്പത്തികവളർച്ച 2.7 ശതമാനത്തിൽനിന്ന് കുറഞ്ഞ് 2.4 ശതമാനമാകും.

## ജാപ്പനീസ് എഴുത്തുകാരി തക്കാക്കോ മുല്ലൂർ അന്തരിച്ചു

കൊച്ചി: തകഴി ശിവശങ്കപ്പിള്ളയുടെ നോവൽ 'ചെമ്മീൻ' ജാപ്പനീസ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയ തക്കാക്കോ മുല്ലൂർ (81) അന്തരിച്ചു. ദ്വിഭാഷിയും എഴുത്തുകാരിയും ജാപ്പനീസ് ഭാഷാധ്യാപികയുമായിരുന്നു. ജപ്പാനിലെ ഇറ്റാമിയ സ്വദേശിനിയായ തക്കാക്കോ ഭർത്താവ് കൂനമ്മാവ് കൊച്ചാൽ സ്വദേശി തോമസ് മുല്ലൂരിനൊപ്പം 1967-ലാണ് കേരളത്തിലെത്തുന്നത്. പത്തു വർഷം മുൻപ് യാത്രയ്ക്കിടെയുണ്ടായ അപകടത്തിൽ തലയ്ക്ക് ഗുരുതര പരുക്കേറ്റതിനെ തുടർന്ന് ശരീരത്തിന്റെ ഒരുവശം തളർന്ന് വീട്ടിൽ ചികിത്സയിൽ കഴിയുകയായിരുന്നു. 1976-ലാണ് തകഴിയുടെ 'ചെമ്മീൻ' ജാപ്പനീസ് ഭാഷയിലേക്ക് വിവർത്തനം ചെയ്തത്.

## ഐക്യ പെന്തെക്കോസ്ത് കൺവൻഷന് തുടക്കം

തിരുവല്ല: പെന്തക്കോസ്ത് സഭകൾ 100 വർഷം പിന്നിട്ട വേളയിൽ, പരിശുദ്ധാത്മാവിനാൽ ഒന്നിച്ചുനിന്നു പ്രവർത്തിക്കണമെന്ന് ഐ.പി.സി. മുൻ രാജ്യാന്തര പ്രസിഡണ്ട് പാസ്റ്റർ ജേക്കബ് ജോൺ.

തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ നടക്കുന്ന ഐക്യ പെന്തെക്കോസ്ത് കൺവൻഷൻ 'ഉണർവ് 2024' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഒന്നാം നൂറ്റാണ്ടിൽ മർക്കോസിന്റെ മാളിക മുറിയിൽ ഒന്നിച്ചുകൂടിയ ശിഷ്യന്മാർ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വലിയ കാര്യങ്ങൾ ചെയ്തു. അവർ ഒരുമയോടെ പ്രാർത്ഥിച്ചപ്പോൾ അദ്ഭുതങ്ങൾ നടന്നതായും അദ്ദേഹം പറഞ്ഞു. പാസ്റ്റർ ജെ. ജോസഫ് അധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ ആർ. ഏബ്രഹാം, കെ.സി. ജോൺ, ഒ.എം. രാജുക്കുട്ടി, ഫ്രാൻസിസ് ആന്റണി, തോമസ് കുര്യൻ, റോയി പൂവക്കാല, പി.വൈ. ജോൺസൺ, ജനറൽ കൺവീനർ ഗ്ലാഡ്സൺ ജേക്കബ്, ഫിനാൻസ് കൺവീനർ സജി പോൾ, ബാബു പറയത്തുകാട്ടിൽ എന്നിവർ പ്രസംഗിച്ചു. ഷെൽഡൻ ബംഗാരയുടെ (മുംബൈ) നേതൃത്വത്തിൽ സംഗീതവിരുന്നും 101 അംഗ ഗായകസംഘത്തിന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷയും നടന്നു. ദിവസവും ഹിന്ദി സർവീസ് രാവിലെ എട്ട് മുതൽ ഒൻപത് വരെ നടക്കും. തുടർന്ന് ഫയർ കോൺഫറൻസും രോഗശാന്തി അഭിഷിക്ത ശുശ്രൂഷയും. ഇതോടൊപ്പം മിഷനറി കോൺഫറൻസുകൾ, പാസ്റ്റേഴ്സ് യോഗം, യൂത്ത് ആൻഡ് റിവൈവൽ യോഗം, ലേഡീസ് കോൺഫറൻസ് എന്നിവയും ക്രമീകരിച്ചിട്ടുണ്ട്. വൈകിട്ട് അഞ്ചിന് ഗാനശുശ്രൂഷയും ആറിന് വചനശുശ്രൂഷയും നടക്കും. കൺവൻഷൻ 14-ന് സമാപിക്കും.

## വ്യാജ ബിരുദ സർട്ടിഫിക്കറ്റ് കേസിൽ കെഎസ്‌യു നേതാവിന് ക്ലീൻ ചിറ്റ്

ആലപ്പുഴ: വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ചമച്ചെന്ന കേസിൽ കെ.എസ്.യു. സംസ്ഥാന കൺവീനർ ആലപ്പുഴ സ്വദേശി അൻസിൽ ജലീലിനു പോലീസിന്റെ ക്ലീൻ ചിറ്റ്. പരാതി വ്യാജമാണെന്നും കേസ് അവസാനിപ്പിക്കുകയാണെന്നും കാട്ടി തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ പോലീസ് റിപ്പോർട്ട് സമർപ്പിച്ചു. വിവിധതലങ്ങളിൽ നടത്തിയ അന്വേഷണത്തിൽ വ്യാജ സർട്ടിഫിക്കറ്റ് കണ്ടെത്താനായില്ലെന്നും യാതൊരു കഴമ്പുമില്ലാത്ത കേസ് അവസാനിപ്പിക്കുകയാണെന്നും റിപ്പോർട്ടിൽ പറയുന്നു. കായംകുളം എം.എസ്.എം. കോളജിൽ എസ്എഫ്ഐ നേതാവ് നിഖിൽ തോമസ് ബി.കോം. പാസാകാതെ എം.കോമിന് പ്രവേശനം നേടിയതു വിവാദമായതോടെയാണ് കെഎസ്‌യു നേതാവിനെതിരെയും ആരോപണം ഉയർന്നത്. സിപിഎം മുഖപത്രമാണ് ഇതു സംബന്ധിച്ച വാർത്ത പ്രസിദ്ധീകരിച്ചത്. കെഎസ്‌യു സംസ്ഥാന കൺവീനർക്കു വ്യാജബിരുദം എന്ന ശീർഷകത്തിൽ കഴിഞ്ഞ ജൂൺ 13-ന് ആണ് വാർത്ത വന്നത്. വ്യാജ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് അൻസിൽ സ്വകാര്യ സ്ഥാപനത്തിൽ ജോലി നേടിയെന്നായിരുന്നു വാർത്ത. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർവകലാശാല രജിസ്ട്രാർ നൽകിയ പരാതിയിലാണ് പോലീസ് കേസെടുത്തത്. അൻസിൽ ജലീൽ ബി.കോം. സർട്ടിഫിക്കറ്റ് വ്യാജമായി നിർമിച്ചതായും കേരള സർവകലാശാലയെ വഞ്ചിക്കാൻ ശ്രമിച്ചതായും കന്റോൺമെന്റ് പോലീസിന്റെ എഫ്ഐആറിൽ ആരോപിച്ചിരുന്നു. കഴിഞ്ഞ ആറുമാസത്തിനിടെ അൻസിൽ ജോലി ചെയ്തിരുന്ന ടാറ്റാ മോട്ടോഴ്സ് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ, സർട്ടിഫിക്കറ്റുകൾ രജിസ്റ്റർ ചെയ്തിരിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പി.എസ്.സി. ഓഫീസ് എന്നിവിടങ്ങളിൽനിന്നു രേഖകൾ പരിശോധനയ്ക്കായി വാങ്ങിയെങ്കിലും വ്യാജമായതൊന്നും കണ്ടെത്താനായില്ല. റിപ്പോർട്ടറുടെ മൊഴിയെടുത്തെങ്കിലും തെളിവു കിട്ടിയില്ലെന്നും പോലീസ് കോടതിയിൽ നൽകിയ റിപ്പോർട്ടിലുണ്ട്.

## മകളെ മാപ്പ് വനിതാ കൂട്ടായ്മ

(18-ാം പേജിൽനിന്നും)

'സമരാഗ്നി'- ജനകീയ പ്രക്ഷോഭ യാത്രയുടെ സമയ പുനഃക്രമീകരണം: കെ.പി.സി.സി. പ്രസിഡണ്ടും പ്രതിപക്ഷ നേതാവും സംയുക്തമായി നടത്തുന്ന 'സമരാഗ്നി'- ജനകീയ പ്രക്ഷോഭയാത്രയുടെ സമയ പുനഃക്രമീകരണം ചെയ്യുന്നതിന് തീരുമാനിച്ചു.

ഫെബ്രുവരി ഒൻപതിന് കാസർഗോഡ്നിന്ന് ആരംഭിച്ച് 27-ന് തിരുവനന്തപുരത്ത് വലിയ റാലിയോടുകൂടി അവസാനിക്കത്തക്ക രീതിയിലാണ് ഇപ്പോൾ തീയതി പുനഃക്രമീകരണം സംബന്ധിച്ച നിർദേശം ഉയർന്ന് വന്നത്. നേരത്തെ ജനുവരി 21-ന് ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്.

പാർലമെന്റ്, നിയമസഭാ സമ്മേളനങ്ങൾ നടക്കുന്നതിനാൽ എം.പിമാർക്കും എം.എൽ.എമാർക്കും പങ്കെടുക്കാനുള്ള അസൗകര്യം കണക്കിലെടുത്താണ് ഫെബ്രുവരി ഒൻപതിലേക്ക് മാറ്റണമെന്ന നിർദേശം സംഘാടക സമിതി മുന്നോട്ടുവെച്ചത്. പാർലമെന്റും നിയമസഭയും ഫെബ്രുവരി ഏഴിനും എട്ടിനുമായി അവസാനിക്കുന്ന പക്ഷം ജനപ്രതിനിധികൾക്ക് യാത്രയിൽ സഹകരിക്കാനും പങ്കെടുക്കാനും സാധിക്കും. കൂടാതെ ജാഥാ നായകനിൽ ഒരാൾ പ്രതിപക്ഷ നേതാവ് കൂടിയായതിനാൽ അദ്ദേഹത്തിന്റെ സൗകര്യവും കണക്കിലെടുത്താണ് തീരുമാനം.

യാത്രയുമായി പതിനൊന്നംഗ സംഘാടകസമിതി ചർച്ചചെയ്ത് മുന്നോട്ടുവെച്ച നിർദേശങ്ങളുടെ പൂർണ്ണമായ രൂപം സംഘാടക സമിതി അംഗവും കെ.പി.സി.സി. ജനറൽ സെക്രട്ടറി കൂടിയായ കെ. ജയന്ത് യോഗത്തിൽ അവതരിപ്പിച്ചു.

'സമരാഗ്നി'- ജനകീയ പ്രക്ഷോഭ യാത്രയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾക്ക് അന്തിമ രൂപം നൽകി. ഉച്ചതിരിഞ്ഞ് രണ്ട് പൊതുപരിപാടിയെന്ന നിലയിലാണ് ഇപ്പോൾ യാത്രയുമായി ബന്ധപ്പെട്ട പൊതുസമ്മേളനം പുനഃക്രമീകരിച്ചിരിക്കുന്നത്. പ്രക്ഷോഭയാത്രയുടെ ഓരോ ദിവസത്തേയും പൊതുസമ്മേളനത്തിന്റെയും റാലികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കമ്മിറ്റിക്ക് രൂപം നൽകി.

നേരത്തെ നിശ്ചയിച്ച 140 നിയോജക മണ്ഡല പര്യടനത്തിന് വ്യത്യസ്തമായി ജില്ലകളിലെ പ്രധാന കേന്ദ്രങ്ങളിൽ മഹായോഗങ്ങളും റാലികളും നടത്താനുമാണ് പുതിയ തീരുമാനം.

## നിലപാട് കടുപ്പിച്ച് ഇന്ത്യ

(3-ാം പേജിൽനിന്നും)

ലക്ഷദ്വീപ് സന്ദർശനത്തിനു പിന്നാലെ ഇവിടേക്ക് സന്ദർശകരെ ക്ഷണിച്ച് പ്രധാനമന്ത്രി എക്സ് പ്ലാറ്റ്ഫോമിൽ പോസ്റ്റിട്ടിരുന്നു. ഇതു മാലദ്വീപ് ടൂറിസത്തെ തകർക്കാനാണെന്ന് അവിടെ മന്ത്രിമാരടക്കം ആരോപിച്ചു. മോദി കോമാളിയാണെന്നും ഇസ്രയേലിന്റെ കൈയിലെ പാവയാണെന്നുമായിരുന്നു പരാമർശം. വിവാദമായതോടെ പരാമർശം പിൻവലിച്ചു.

## ബിൽക്കീസ് ബാനോ കേസ്

(3-ാം പേജിൽനിന്നും)

എന്നാൽ പ്രതികൾക്ക് ജയിൽശിക്ഷ വിധിച്ചത് മഹാരാഷ്ട്ര കോടതി. അതേ കേസിലെ എല്ലാ പ്രതികളെയും വെറുതേവിട്ട് ഗുജറാത്ത് സർക്കാർ രംഗത്തെത്തിയപ്പോൾ വൻപ്രതിഷേധമാണ് രാജ്യമാകെ ഉയർന്നത്. എന്നാൽ, നീതിതേടി പരമോന്നത കോടതിയിലെത്തിയ ബാനോയെ ചേർത്തു നിർത്തുന്ന വിധിയാണ് സുപ്രീം കോടതിയിൽ നിന്നുണ്ടായിരിക്കുന്നത്. സ്ത്രീ ബഹുമാനം അർഹിക്കുന്നുവെന്നും അതിജീവിതയുടെ അവകാശം സംരക്ഷിക്കപ്പെടണമെന്നും സുപ്രീം കോടതി വ്യക്തമാക്കി. ഇളവ് നല്കണമെങ്കിൽ അതിനുള്ള അവകാശം മഹാരാഷ്ട്ര സർക്കാരിനാണെന്നും ഗുജറാത്ത് സർക്കാരിന് അവകാശമില്ലെന്നുമുള്ള സുപ്രീം കോടതി നിരീക്ഷണം ഗുജറാത്ത് സർക്കാരിന് വൻ തിരിച്ചടിയാണ്.

# SEEKING BRIDEGROOM

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at **mathewg1956@gmail.com** or text at **863-709-6031.**

*Pentecostal family settled in USA is inviting marriage proposals for their 23-year-old daughter (May-2000), 5'3, completed her BSN and working as an emergency room nurse and also doing her MBA. She is born and brought up in the USA, well mannered, and fluent in Malayalam. Looking for God-fearing, born-again Christian boys under 30 with a professional background. If interested please contact

# SEEKING BRIDE

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India)**
**5867419373 (USA)**

*Parents prayerfully seek marriage for their 27-year-old son (Fair, 5' 11"). He is born again, baptized and doing his MD residency (second year) in Houston, Texas. Seeking alliances from born again, baptized, USA brought up, educated girls. If interested, parents please share details with pictures at
**JOHNVUSA321@gmail.com**

*Pentecostal Malayalee parents are seeking proposals for their son. He is 30 years 5'-8". Born and brought-up in USA. He will be graduating in Masters of Science (MS) biology major by end of this year 2023. Seeking for a right partner while obtaining a suitable job after the graduation. Future plan may include work and study for PhD or MD program. Parents of USA born citizen daughters who are working or studying with same faith may contact me via email:
**jvarghese645@yahoo.com** with picture and general details.

*Pentecostal Malaylee parents settled in the USA are seeking proposals for their son. He is 30 years old, 5'11 USA born and newly graduated from medical school and awaiting placement in residency. Seeking girls from same faith background, working professionals (medical, finance, etc.), age 26-29, USA citizen preferably. Please contact
**karapuzha1@gmail.com** with details and picture if interested.

# SEEKING BRIDEGROOM CONTD.....

**224-856-0429** with details and pictures.

*Hindu, BSC Nurse with work permit in USA, 39 years, Avittom, 5"1, Medium complexion- Slim built , remarriage, with no liabilities, religion, finance is not an issue. US CITIZENS ONLY. **215 880 3341, vincentemmanuel@aol.com**

*Pentecostal parents settled in TX, USA prayerfully inviting proposals for their daughter, BS in Biology and Pharm D licensed in Texas, Age 28; 4'10". She is born again, baptized and spirit-filled. Parents of born again, baptized and spirit-filled professionally qualified boys (employed or studying in USA is preferred) may please respond with details by contacting **214-517-8037**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

## നൈനാൻ തോമസ്

**പുതുപ്പള്ളി:** പ്ലാത്തോട്ടത്തിലായ പുതുപ്പറമ്പിൽ നൈനാൻ തോമസ് (കുഞ്ഞ്-68) അന്തരിച്ചു. ഭാര്യ: മാവേലിക്കര പോളച്ചിറ വീട്ടിനാൽ (കരുവാറ്റ) സുജാത (കോൺസ്റ്റോഗ കോളജ്, വാട്ടർലൂ, കാനഡ). മക്കൾ: നിഖിൽ (യു.എസ്.), വിവേക് (കാനഡ), ക്യാരൻ (കാനഡ). മരുമകൾ: അനുപമ (യു.എസ്.)

**പാമ്പാടി:** മുംബൈ പിഡബ്ല്യുഡി റിട്ട. ഉദ്യോഗസ്ഥൻ അഞ്ചുതുരുത്തേൽ എ.കെ. ഫിലിപ്പോസ് (80) അന്തരിച്ചു.

**മുത്തോലി:** ചങ്ങനാശേരി കോയിപ്പുറം അച്ചാമ്മ മാത്യു (ബ്രിജിത്ത-98) അന്തരിച്ചു.

**കുടമാളൂർ:** മഹേശ്വര തെക്കേടത്ത് പുത്തൻ വാരിയം) വാസുദേവ വാരിയർ (89) അന്തരിച്ചു.

**കോട്ടയം:** പുത്തനങ്ങാടി അക്കര കൊച്ചുപുരയ്ക്കൽ എൻജിനീയർ ജോൺ കോര (മോൻസി-75) അന്തരിച്ചു.

## ക്ലാര സെബാസ്റ്റ്യൻ

**പുളിങ്കുന്ന്:** വാച്ചാപറമ്പിൽ പാറശേരിൽ ക്ലാര സെബാസ്റ്റ്യൻ (88) ചെന്നൈയിൽ അന്തരിച്ചു. തൃശൂർ ആട്ടോക്കാരൻ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.എം. സെബാസ്റ്റ്യൻ. മക്കൾ: ഹണി (ചെന്നൈ), പേൾ (യുഎസ്), മാത്യു (ബെംഗ്ളൂരു), പോൾ (മലേഷ്യ).

**ഇരവിപേരൂർ:** റിട്ട. അധ്യാപകൻ പൊടിപ്പാറ പേരാലുംമൂട്ടിൽ പാലമൂട്ടിൽ പി.കെ. മാത്യൂസ് (ജോർജുകുട്ടി-83) അന്തരിച്ചു.

**ദേവലോകം:** പെരുവഞ്ചക്കുഴിയിൽ പി.സി. തോമസ് (89) അന്തരിച്ചു.

**കുറുമുള്ളൂർ:** മാന്തുരുത്തിൽ (കുഴിക്കാട്ടിൽ) എം.വി. ജോസ് (73) അന്തരിച്ചു.

**കാരയ്ക്കൽ:** പൊലിയാറ മറിയാമ്മ മാത്യു (തങ്കമ്മ-94) അന്തരിച്ചു.

## തോമസ് ജേക്കബ്

**ചെന്നൈ:** എം.ആർ.എഫ് റിട്ട. ഉദ്യോഗസ്ഥൻ കൊട്ടാരക്കര പുയപ്പള്ളി പര്യാരേത്ത് ഡെയ്സിവില്ലയിൽ തോമസ് ജേക്കബ് (സണ്ണി-93) അന്തരിച്ചു. ഭാര്യ: കിടങ്ങന്നൂർ മുള്ളനാകുഴിയിൽ സൂസൻ. മക്കൾ: സുബിൻ (ബെംഗളൂരു), ബിപിൻ (ചെന്നൈ), റബീന (ഡാളസ്), പരേതനായ ജബ്ബു. മരുമക്കൾ: സെയ്റ, മായ, മോഹൻ.

**ആനിക്കാട്:** വാഴൂർ സെ. പീറ്റേഴ്സ് എൽപിഎസ് റിട്ട. പ്രധാനാദ്ധ്യാപകൻ പെരുമ്പെട്ടി മൺ മാവുങ്കൽ എം.ഐ. വർഗീസ് (ജോയി-73) അന്തരിച്ചു.

## ഏബ്രഹാം മാക്കീൽ

**മാഞ്ഞൂർ സൗത്ത്:** കല്ലിടുക്കിയിൽ (മാക്കീൽ) ഏബ്രഹാം (കുഞ്ഞുമോൻ-75) അന്തരിച്ചു. ഭാര്യ ഇടക്കോലി പുളിവേലിൽ റോസമ്മ. മക്കൾ: ജിനു, ടീന, ജിറ്റു. മരുമക്കൾ: രഞ്ജൻ, ടിനോ, അനു (എല്ലാവരും യുഎസ്).

**ആർപ്പൂക്കര:** മർച്ചന്റ് നേവി മുൻ ഉദ്യോഗസ്ഥൻ കാഞ്ഞിരത്തുംമൂട്ടിൽ സണ്ണി ജോസഫ് (63) അന്തരിച്ചു.

**ചെങ്ങളം:** ഇടക്കരിയിലായ ഉപ്പൂട്ടിൽ അവറാച്ചൻ (66) അന്തരിച്ചു.

**വയലാ:** കൊൽക്കത്ത സെന്റ് ജോസഫ് ക്ലൂണി കോൺവന്റ് അംഗം സിസ്റ്റർ ജോസഫൈൻ (ചിന്നമ്മ-88) അന്തരിച്ചു.

**തൃശൂർ:** ചലച്ചിത്ര നടൻ സുനിൽ സുഖദയുടെ മാതാവ് വെള്ളത്തുശേരിൽ ചക്കാലക്കുമ്പിൽ സരസ്വതി അമ്മ (87) അന്തരിച്ചു.

**പനയമ്പാല:** മറ്റത്തിൽ (പുതുക്കുടി) മേരിക്കുട്ടി ജോസഫ് (85) അന്തരിച്ചു.

**മാവേലിക്കര:** കല്ലുമല തെക്കേകൊച്ചുവീട്ടിൽ ബിറ്റിന ബിനോജ് (38) അന്തരിച്ചു.

**ചേർപ്പുങ്കൽ:** പാളയം കുറ്റാരപ്പിള്ളിൽ ലീലാമ്മ ജോർജ് (75) അന്തരിച്ചു.

## പൊന്നമ്മ കുരുവിള

**കായംകുളം:** കറ്റാനം കൊപ്രാപുരയിൽ പൊന്നമ്മ കുരുവിള (84) അന്തരിച്ചു. നരിയാപുരം തേയിലപ്പുറത്തു കുടുംബാംഗമാണ്. ഭർത്താവ്: കുരുവിള മാത്യു. മക്കൾ: സുബി, വെൽബി (യു.എസ്.). മരുമകൾ: ബിന്ദു (യു.എസ്.)

**മാന്നാർ:** ചെന്നിത്തല മഹാത്മാ എച്ച്എസ് റിട്ട. അധ്യാപകൻ കുട്ടംപേരൂർ പല്ലാട്ടുശേരിൽ കിഴക്കേവീട്ടിൽ പി.കെ. ജോർജ് (95) അന്തരിച്ചു.

**കോയമ്പത്തൂർ:** മതസൗഹാർദ്ദ കേന്ദ്രമായ ദിവ്യോദയ സ്ഥാപകനും സിഎംഐ സഭ കോയമ്പത്തൂർ പ്രവിശ്യാംഗവുമായ ഫാ. ജോൺ പീറ്റർ മുരിങ്ങാത്തേരി (86) അന്തരിച്ചു.

**കുട്ടിക്കൽ:** എഫ്സിസി ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രോവിൻസ് കുട്ടിക്കൽ ഭവനാംഗമായ സിസ്റ്റർ സിബി മരിയ (ചിന്നമ്മ-74) അന്തരിച്ചു.

**അതിരമ്പുഴ:** കോട്ടയ്ക്കുപുറം കുർക്കകാലായിൽ അച്ചാമ്മ ജോസഫ് (78) അന്തരിച്ചു.

**അരീപ്പറമ്പ്:** പുളിയായിലായ മങ്ങാട്ടിൽ ടി.വി. വർഗീസ് (കുഞ്ഞുമോൻ-71) അന്തരിച്ചു.

## പി.കെ. ചാക്കോ

**മാങ്ങാനം:** റിട്ട. ഡിവൈഎസ്പി തുമ്പമൺ കടത്തേത്ത് പുലിപ്രേത്ത് പി.കെ. ചാക്കോ (93) അന്തരിച്ചു. ഭാര്യ കൊശമറ്റം അന്നമ്മ ചാക്കോ. മക്കൾ: മോഹൻ ചാക്കോ (ദുബായ്), ആഷാ തോമസ് (തിരുവല്ല), രേഖാ ജോർജ് (ദുബായ്), സിന്ദു മാത്യൂസ് (ന്യൂജേഴ്സി), രാഖി റോയ് (ദുബായ്). മരുമക്കൾ: ലിസാ മാത്യു (മാവേലിക്കര), തോമസ് മാത്യു (തിരുവല്ല), ജോർജ് ഫിലിപ് (ദുബായ്), ജിബു മാത്യൂസ് (ന്യൂജേഴ്സി), റോയി (അടൂർ).

**പരുത്തുംപാറ:** ചോഴിയക്കാട് ഞാലിയിൽ വടക്കേതിൽ പോത്തൻ മാത്യു (ബേബി-81) അന്തരിച്ചു.

**നെടുങ്കുന്നം:** കറുകച്ചാൽ പടിഞ്ഞാറേ പുതുപ്പറമ്പിൽ അന്നമ്മ ജോസഫ് (കുഞ്ഞുമോൾ -72) അന്തരിച്ചു.

**മാരാമൺ:** നെടുംപ്രയാർ കാഞ്ഞിരക്കോട്ട് കെ.എസ്. ജയകൃഷ്ണൻ (കുഞ്ഞുമോൻ -65) അന്തരിച്ചു.

**കട്ടച്ചിറ:** കുറ്റിലേത്ത് വീട്ടിൽ ഏബ്രഹാം യോഹന്നാൻ (80) അന്തരിച്ചു.

**മുളക്കുഴ:** അരീക്കര പാറപ്പാട്ട് ദീപ് ശാന്ത് ഭവനത്തിൽ രാമകൃഷ്ണൻ കുഞ്ചു (81) അന്തരിച്ചു.

**വാഴൂർ:** കുരോപ്പട ചുഴുകൊടിയിൽ കരോട്ട് കുറ്റംപാറയിൽ വർക്കി ചെറിയാൻ (കൊച്ചായൻ-96) അന്തരിച്ചു.

**തൃശൂർ:** പൊന്നാനി ഹരിഹരമംഗലം കീഴൂർ വാരിയത്ത് ഈശ്വരി വാരസ്യാർ (83) അന്തരിച്ചു.

## അലക്സാണ്ടർ

**മുണ്ടത്താനം:** അരുവങ്ങാട് ഓർഡിനൻസ് ഫാക്ടറി റിട്ട. ഫോർമാൻ താന്നിമൂട്ടിലായ വടക്കേമുറിയിൽ എബനേസറിൽ വി.കെ. അലക്സാണ്ടർ (85) അന്തരിച്ചു. ഭാര്യ എടത്വ മനയിൽ മേരി അലക്സാണ്ടർ (റിട്ട. അധ്യാപിക കേന്ദ്രീയ വിദ്യാലയം പട്ടം). മക്കൾ: ഡാക്സൻ അലക്സാണ്ടർ, ആനി ഷോൺ (ഇരുവരും യുഎസ്), ഡാർലിൻ സൂസൻ (നെതർലൻഡ്) മരുമക്കൾ: ഷോൺ കൻസാസ് (യുഎസ്), ജോജി മാളിയംപുരയ്ക്കൽ (പുളിങ്കുന്ന്), പരേതയായ ലീന ഡാക്സൻ കൊച്ചുപറമ്പിൽ (ചുമത്ര).

## ഹന്നാ സൂസൻ തോമസ്



**ഒക്കലഹോമ:** റാന്നി കൂടത്തിൽ കുടുംബാംഗം സിഞ്ചു തോമസിന്റെയും തിരുവല്ല ആനിക്കൽ വീട്ടിൽ ബിന്ദു തോമസിന്റെയും ഏകമകൾ ഒക്കലഹോമ ഷാരോൺ ഫെലോഷിപ് സഭാംഗം ഹന്നാ സൂസൻ തോമസ് (10) അന്തരിച്ചു.

**കുറിയന്നൂർ:** ചെറിവടക്കേടത്ത് പുറത്തൂട്ട് പി.പി. ചാക്കോ (87) അന്തരിച്ചു.

**പുന്നത്തുറ വെസ്റ്റ്:** മണവത്തുമലയിൽ പരേതനായ പൗലോസിന്റെയും മേരി പൗലോസിന്റെയും മകൻ സോനു പൗലോസ് (33) അന്തരിച്ചു.

**മൂലേടം:** പടിഞ്ഞാറേക്കര ഏജൻസീസ് റിട്ട. ഉദ്യോഗസ്ഥൻ കാരാപ്പുഴ മണ്ണാക്കുന്നിൽ എം.പി. പോത്തൻ (70) അന്തരിച്ചു.

**ചങ്ങനാശേരി:** മണക്കുന്നേൽ പുത്തൻപുരയിൽ ത്രേസ്യാമ്മ ജോസഫ് (96) അന്തരിച്ചു.

**ഏന്തയാർ:** തേമ്പുഴ ഈസ്റ്റ് പുത്തൻപുരയ്ക്കൽ കുഞ്ഞമ്മ പോൾ (93) അന്തരിച്ചു.

**കുറിച്ചി:** ഗവ. എച്ച്എസ് എസ് റിട്ട. അധ്യാപിക ചെറുവേലിലായ പുതുവാപ്പറമ്പിൽ കുട്ടിയമ്മ കുര്യാക്കോസ് (86) അന്തരിച്ചു.

**ചെങ്ങന്നൂർ:** ബോട്സ്വാനയിലെ മുൻ കോമൺവെൽത്ത് അംബാസഡർ ബുധനൂർ കുന്നത്തൂർ വീട്ടിൽ ഡോ. കെ.വി. ഏബ്രഹാം (88) അന്തരിച്ചു.

**അതിരമ്പുഴ:** പ്ലാത്തോട്ടത്തിൽ ജോർജ് ജോസഫ് (ജോയ്-72) അന്തരിച്ചു.

**ചെങ്ങന്നൂർ:** പുതിയോട്ട് തോട്ടത്തിൽ സാറാമ്മ ജോർജ് (95) അന്തരിച്ചു.

## ഏലിക്കുട്ടി തോമസ്

**വഴിത്തല:** ഈന്തനാക്കുഴിയിൽ ഏലിക്കുട്ടി തോമസ് (81) അന്തരിച്ചു. മരങ്ങാട്ടുപിള്ളി കണ്ണംതറപ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ തോമസ്. മക്കൾ: മിനി, ജെസി, ഷിബു (യുഎസ്), ജോസ് (കാനഡ). മരുമക്കൾ: ജോണിഫിലിപ്പ്, സ്വപ്ന (യുഎസ്), ജിഷ.

**തിരുവഞ്ചൂർ:** കോട്ടയം കളക്ടറേറ്റ് ജൂണിയർ സൂപ്രണ്ട് കാർത്തികേയത്തിൽ ബിന്ദു ആർ. നായർ (54) അന്തരിച്ചു.

**എടത്വ:** ചങ്ങംകരി വാളംപറമ്പിൽ പരേതനായ ടി.ജെ. ജോസഫിന്റെ മകൻ ജോർജ് ജോസഫ് (സിബിച്ചൻ-62) അന്തരിച്ചു.

**തൃക്കോതമംഗലം:** എണ്ണഞ്ചേരിലായ അക്കരപ്പറമ്പിൽ സാറാമ്മ ഫിലിപ്പോസ് (86) അന്തരിച്ചു.

**രാമപുരം:** മേച്ചേരിൽ ത്രേസ്യാമ്മ ആന്റണി (87) അന്തരിച്ചു.

## വേദപ്രകാശ് നന്ദ

**ന്യൂഡൽഹി:** രാജ്യാന്തര തലത്തിൽ പ്രശസ്തനായ നിയമവിദഗ്ദ്ധൻ വേദപ്രകാശ് നന്ദ (90) യുഎസിൽ അന്തരിച്ചു.

**പീച്ചി:** കേരളത്തിലെ ആദ്യത്തെ സമാന്തര വിദ്യാഭ്യാസ സ്ഥാപനമായ ഔവർ കോളജ് സ്ഥാപക അധ്യാപകരിലൊരാളും കെഇആർഐ റിട്ട. സൂപ്രണ്ടുമായ വിലങ്ങന്നൂർ മഞ്ചാംകുഴി എം. ധർമരാജ് (80) അന്തരിച്ചു.

**കുറിച്ചി:** മുക്കാട്ട് ഉഷ മാത്യു (51) അന്തരിച്ചു.

**തിരുവാർപ്പ്:** അറുപറച്ചിറയിൽ എ.വി. തോമസ് (കൊച്ച്-90) അന്തരിച്ചു.

**കുമരകം:** കൊച്ചുപറമ്പിൽ കെ.ജെ. തോമസ് (73) അന്തരിച്ചു.

**വൈക്കം:** തോട്ടകം ഭാസ്കരാലയത്തിൽ (പാലക്കൽ) സുകുമാരൻ നായർ (79) അന്തരിച്ചു.

## ഹെതർ ജോൺ സ്മോൾ

**ന്യൂയോർക്ക്:** സെവൻത് ഡേ അഡ്വന്റിസ്റ്റ് സഭ ആഗോള ജനറൽ കോൺഫറൻസ് വിമൻസ് മിനിസ്ട്രീസ് ഡയറക്ടർ ഹെതർ ഡോൺ സ്മോൾ (85) അന്തരിച്ചു.

**ചമ്പക്കുളം:** സെ. തോമസ് യുപി സ്കൂൾ റിട്ട. അധ്യാപിക വലിയവീട്ടിൽ മറിയമ്മ ജോസഫ് (കുഞ്ഞമ്മ-76) അന്തരിച്ചു.

**പാമ്പാടി വെള്ളൂർ:** പൈലിത്താനത്ത് അച്ചൻസ് വില്ലയിൽ അന്നമ്മ വർക്കി(91) അന്തരിച്ചു.

## സിസ്റ്റർ മേരി റോസ്

**വാലാച്ചിറ:** തിരുവല്ല ഹോളി സ്പിരിറ്റ് സന്യാസിനി സമൂഹാംഗം മുൻ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ മേരി റോസ് അയോവയിൽ അന്തരിച്ചു.

**പുത്തൻകുരിശ്:** ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവയുടെ സഹോദരൻ വടയമ്പാടി ചെറുവിള്ളിൽ സി.എം. ഏബ്രഹാം (ഇട്ടൻപിള്ള-92) അന്തരിച്ചു.

**പുതുപ്പള്ളി:** റിട്ട. ഡിസ്ട്രിക്ട് വിമൻസ് വെൽഫെയർ ഓഫീസർ വെട്ടത്തുകവല ലീലാനിവാസിൽ ടി.കെ. രാധമ്മ (75) അന്തരിച്ചു.


**തിരുവനന്തപുരം:** മേരിമക്കൾ സന്യാസിനി സഭ സെ. മേരീസ് പ്രൊവിൻസ് അംഗമായ സിസ്റ്റർ അഗസ(85) അന്തരിച്ചു.

**മൂവാറ്റുപുഴ:** സിഎംസി കോതമംഗലം പാവനാത്മാ പ്രോവിൻസ് മൂവാറ്റുപുഴ കർമ്മലീത്താമഠം അംഗവും റിട്ട. പ്രധാനാദ്ധ്യാപികയുമായ സിസ്റ്റർ വിയാനി (കെ.എ. സിസിലി-84) അന്തരിച്ചു.

**തിരുവനന്തപുരം:** സന്തോഷ് ട്രോഫി ഫുട്ബോൾ മുൻ താരം എ.വി. ചന്ദ്രൻ (86) അന്തരിച്ചു.

**വെണ്ണിക്കുളം:** വാലാങ്കര അങ്ങാടിപ്പാട്ട് ഈപ്പൻ തോമസ് (ബാബു-75) അന്തരിച്ചു.

## പാസ്റ്റർ ജോൺ മാത്യു കൂടത്തിനാലിൽ അന്തരിച്ചു



ഹൂസ്റ്റൺ: റാന്നി കളമ്പാല കൂടത്തിനാലിൽ പാസ്റ്റർ ജോൺ മാത്യു (കുഞ്ഞൂട്ടിച്ചായൻ -91) അന്തരിച്ചു. ഭാര്യ കുഞ്ഞമ്മ മാത്യു പുല്ലാട് തടത്തേൽ കുടുംബാംഗമാണ്. മക്കൾ: ജോൺസ് മാത്യു (ഡൽഹി), ആനി ജോൺ (യുഎസ്), ജോർജ് മാത്യു (യുഎസ്). മരുമക്കൾ: രശ്മി മാത്യു (ഡൽഹി), ജോൺ ശാമുവേൽ (യുഎസ്), ബീന മാത്യു (യുഎസ്). 1933-ൽ ജനിച്ച പാസ്റ്റർ ജോൺ മാത്യു വിദ്യാഭ്യാസത്തിനുശേഷം 1957-ൽ വടക്കേ ഇന്ത്യയിൽ സുവിശേഷപ്രവർത്തനം ആരംഭിച്ചു. യുവാക്കളെ സുവിശേഷ പ്രവർത്തനത്തിൽ പ്രാപ്തരാക്കുന്നതിനായി 'എന്റെ പ്രിയപ്പെട്ട ബിഹാർ ജീവിതവും മിഷനറി പ്രവർത്തനവും' എന്ന ഗ്രന്ഥം രചിച്ചു. 1996-ൽ അമേരിക്കയിലെത്തി സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ഇമ്മാനുവൽ കൂടത്തിനാലിൽ കുടുംബട്രസ്റ്റ് രൂപീകരിച്ച് നാട്ടിലുള്ള അർഹരായവർക്ക് സഹായം എത്തിക്കുന്നതിലും പാസ്റ്റർ ജോൺ വളരെയധികം ശ്രദ്ധ നല്കിയിരുന്നു.

## അനിത സജി അന്തരിച്ചു



ഹൂസ്റ്റൺ: സെ. സ്റ്റീഫൻസ് ഓർത്തഡോക്സ് ഇടവകാംഗവും വേൾഡ് മലയാളി കൗൺസിൽ ഹൂസ്റ്റൺ പ്രൊവിൻസ് സെക്രട്ടറിയുമായ അനിത സജി (55) അന്തരിച്ചു. ടിൻസ്റ്റാർ ബേക്കറി മാനുഫാക്ചർസ് ആൻഡ് ഡിസ്ട്രിബ്യൂഷനിലെ ക്വാളിറ്റി അഷൂറൻസ് സൂപ്പർവൈസറായിരുന്നു അനിത. ഹാരിസ് കൗണ്ടി മെന്റൽ ഹെൽത്ത് ക്ലിനിഷനും വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ ട്രഷററും മലങ്കര ഓർത്തഡോക്സ് സഭ സൗത്ത് വെസ്റ്റ് ഡയോസിസ് ഓഫ് അമേരിക്കയിലെ സൗഖ്യ മിനിസ്ട്രിയുടെ ട്രഷററുമായി സേവനം അനുഷ്ഠിക്കുന്ന സജി പുളിമൂട്ടിലിന്റെ ഭാര്യയാണ് പരേത. ബാംഗ്ളൂർ ഇന്ദിരാ നഗറിൽ രാജമ്മ മാത്യൂസിന്റെയും പരേതനായ പി.വി. പൗലോസിന്റെയും മകളാണ്. മക്കൾ: ആദിത് പുളിമൂട്ടിൽ, ജോഷി പുളിമൂട്ടിൽ. ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ (ഐസിഇസിഎച്ച്) മുൻ സെക്രട്ടറി ഷാജി പുളിമൂട്ടിൽ ഭർത്തൃസഹോദരനാണ്.

## ചിക്കാഗോയിൽ കെയർടേക്കറെ ആവശ്യമുണ്ട്

ചിക്കാഗോയുടെ സൗത്ത് വെസ്റ്റ് സബർബിൽ താമസിക്കുന്ന പ്രായമുള്ള അമ്മച്ചിയെ പരിചരിക്കുവാൻ കെയർടേക്കറെ ആവശ്യമുണ്ട്. ഫുൾടൈം/പാർട്ട് ടൈം ആയി നിൽക്കുവാൻ താല്പര്യമുള്ളവർ വിളിക്കുക:

**ഫോൺ:**

**(630) 205-5078**

## CAREGIVER WANTED IN SAN JOSE, CA.

A Malayalee family is looking for a live-in (preferred) nanny for their kids.

**Please contact**

**+1 281-386-7472**

## BABYSITTER NEEDED IN CHICAGO (UPTOWN)

Babysitter needed 3-4 days a week starting December 2023 for 6 month old in the north side of Chicago (Uptown).

**Please call**

**708-250-4845**

**for more information**

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

**Visit Our Website: www.keralaexpress.com for Classified Advt.**

## NANNY WANTED IN CHICAGO AREA

Looking for a Nanny to take care of our twin boys less than 1 year old. Option for living in is possible depending on situation.

**If interested,**

**please TEXT 630-465-1059**

**We offer competitive pay.**

### *Favors Received*



*Inserted by: Firm Believer, New York*

### *Favors Received*



*Inserted by: Firm Believer, New York*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Virginia*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Virginia*

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**സന്ദീപും അല്ലിമയും പ്രണയത്തിലാണ്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛനു തുറന്നു പറയേണ്ടിവന്നു. അവളുടെ ജന്മരഹസ്യം തേടി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും കിഷോറും ക്ലൂണി ഹോസ്പിറ്റലിലെ മലയാളി നേഴ്സ് സോഫിയ വഴി അല്ലിമയെ പ്രസവിച്ച സ്ത്രീയുടെ പേര് മാളവിക എന്നാണെന്നും വീട് മണിമലയിലാണെന്നും മനസ്സിലാക്കുന്നു. കൂടുതൽ അന്വേഷണവുമായി സന്ദീപും രാജഗോപാലും അല്ലിമയും മണിമലയിൽ സന്ദീപിന്റെ അച്ഛന്റെ അമ്മവീട്ടിലെത്തുന്നു. അവിടത്തെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ പോലീസ് ഓഫീസറാണ്. അച്ഛന്റെ അമ്മയുടെ അനുജത്തി മല്ലികയുടെ മകളാണ് മാളവിക എന്ന് സന്ദീപ് മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. അവർ താമസിച്ച വീട് അല്ലിമയും സന്ദീപും കണ്ടുപിടിച്ചു. പഴയ കഥ അന്വേഷിച്ചുവന്നത് സന്ദീപാണെന്നറിഞ്ഞ ഹേമചന്ദ്രൻ അപകടം തിരിച്ചറിഞ്ഞു. അച്ഛമ്മയുടെ അനുജത്തിയുടെ മകൾ മാളവികയുടെ മകളാണ് അല്ലിമ എന്നു സന്ദീപ് അമ്മയോടു വെളിപ്പെടുത്തി. മല്ലികച്ചിറ്റയുടെ വീട്ടിലെത്തിയ സന്ദീപും കൂട്ടരും വന്ന കാർ ഹേമചന്ദ്രൻ കൊണ്ടുവന്ന ഗുണ്ടകൾ അടിച്ച് തകർത്തു. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഇടപെടൽ മൂലം എല്ലാറ്റിനും ഹേമചന്ദ്രൻ പരിഹാരം ചെയ്യേണ്ടി വരുന്നു. സന്ദീപിനൊപ്പം വന്ന പെൺകുട്ടി മാളവികയുടെ മകളായിരിക്കാമെന്ന ഹേമചന്ദ്രന്റെ നിഗമനം മറ്റുള്ളവരെ ഞെട്ടിച്ചു. അല്ലിമ ജീവനോടെ ഇരിക്കുന്നത് തങ്ങൾക്ക് ആപത്തായതിനാൽ അന്യസംസ്ഥാന കുറ്റവാളിയെ ഉപയോഗിച്ച് അല്ലിമയെ വകവരുത്താനും സന്ദീപിനെ വാഹനാപകടത്തിൽ ഇല്ലാതാക്കാനും ഹേമചന്ദ്രൻ പദ്ധതിയിടുന്നു. തേക്കിൻതണ്ടിൽ എത്തിയ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തുന്നു. മാളവികയെ ബന്ധുക്കൾ ബലമായി പിടിച്ചുകൊണ്ടു പോവുകയായിരുന്നെന്ന് ശേഖരൻകുട്ടി അറിയിച്ചു. മാളുവിന്റെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ഹേമചന്ദ്രന്റെ കാർ മോഷ്ടിച്ചുവന്നൊരാൾ പിടിച്ച് മടക്കയാത്രയിൽ പോലീസ് അവരെ കസ്റ്റഡിയിലെടുത്തെങ്കിലും വിട്ടയയ്ക്കേണ്ടി വരുന്നു. തന്നെ കാണാനെത്തിയ സഹോദരൻ ഭാസ്കരമേനോനോട്, തന്റെ മകൾ മാളവിക എവിടെയുണ്ടെന്ന് മല്ലിക കർശനമായി ചോദിക്കുന്നു...**

## 78

പൂമുഖ വാതിലിൽ ഒരു പെൺശബ്ദം കേട്ട് ഹാളിലുണ്ടായിരുന്നവർ തിരിഞ്ഞു നോക്കി.

അല്ലിമയായിരുന്നു അത്.

വാതിലിൽ നിന്ന ഹരീന്ദ്രനോട് അവൾ ക്ഷമാപണപൂർവം അകത്തേക്കു കടക്കാനുള്ള വഴിസൗകര്യം ചോദിക്കുകയായിരുന്നു.

ഹരീന്ദ്രൻ അല്ലിമയെ കണ്ട് ആശ്ചര്യസ്തബ്ധനായി. പെട്ടെന്നു വാതിലിന്റെ ഭാഗത്തുനിന്ന് ഒതുങ്ങിക്കൊടുത്തു. അല്ലിമ ലിവിങ് റൂമിലൂടെ ഹാളിലേക്കുള്ള വാതിലിൽ എത്തിനിന്നു. അവളുടെ പിന്നിൽവന്ന കിഷോർ സിറ്റൗട്ടിൽ നിന്നതേയുള്ളു.

"അല്ലീ... മടിക്കണ്ട. ഇങ്ങോട്ടു കടന്നു വാ... ഇതെല്ലാം നമ്മുടെ ആൾക്കാരാ..." സന്ദീപ് പറഞ്ഞു.

അല്ലിമയെ കണ്ടതും ഉണ്ണി ഹർഷാതിശയത്തോടെ വേഗം അവളുടെ അടുത്തേക്കു ചെന്നു. അവളുടെ നേർക്കു കൈ നീട്ടി. അല്ലിമയും കൈ നീട്ടി. പല്ലുകൾ വേണ്ടത്ര വളരാത്ത വായ തുറന്ന് അവൻ ചിരിച്ചു. വരാൻ മറ്റേ കൈകൊണ്ട് ആംഗ്യം കാട്ടി. എന്നിട്ട് അവളെയും കൂട്ടി മല്ലികയുടെ മുന്നിലേക്കു ചെന്നു.

എല്ലാവരുടെയും നോട്ടം അല്ലിമയിൽത്തന്നെ ആയിരുന്നു. അവൾ അവരെയെല്ലാം നോക്കി മന്ദഹസിച്ചു.

"മുത്തശ്ശീ..." അല്ലിമ മല്ലികയുടെ കരം ഗ്രഹിച്ചു.

അവളുടെ കൈ ഇരമ്പുന്നുണ്ടെന്ന് മല്ലികയ്ക്കു തോന്നി. അതോ തന്റെ കയ്യോ? ആ തരിപ്പ് ഉടലിലെമ്പാടും വ്യാപിക്കുന്നത് അവരറിഞ്ഞു.

"ഒട്ടും സംശയിക്കണ്ട. മാളവികേടെ മകളാണത്. കഴിഞ്ഞ തവണ വന്നപ്പോ ഞങ്ങളതു പറഞ്ഞില്ല." സന്ദീപ് മല്ലികയോടായി പറഞ്ഞു.

മല്ലികയ്ക്ക് ഇനി സംശയമൊന്നും ബാക്കിയുണ്ടായിരുന്നില്ല. അവരുടെ കണ്ണിൽ കനിവും സങ്കടവും നിസ്സഹായതയും നിറഞ്ഞു. അവർ അല്ലിമയുടെ കൈ രണ്ടും കൂട്ടിപ്പിടിച്ച് നിറകണ്ണുകളോടെ നിന്നു.

"അവൾ മാളുവിന്റെ മകളാണെന്ന് നിനക്കെങ്ങനെ അറിയാം? എന്താ തെളിവ്?" ഭാസ്കരമേനോൻ പാരുഷ്യത്തിൽ ചോദിച്ചു.

"ഭാസിയമ്മാമേ... തെളിവൊക്കെ ഞങ്ങൾ കോടതിയിൽ ഹാജരാക്കിക്കോളാം. ഇവിടെ നിങ്ങൾടെ മുന്നിൽ തെളിയിച്ചിട്ട് ഞങ്ങൾക്ക് ഒന്നും നേടാനില്ല."

സന്ദീപ് പറഞ്ഞു.

"ഏതെങ്കിലും ഒരു പെണ്ണിനെ വിളിച്ചോണ്ടു വന്നിട്ടു മാളുവിന്റെ മകളാണെന്ന്. മാളുവിന്റെ ഓഹരി കിട്ടുമെന്നു വിചാരിച്ചിട്ടായിരിക്കും. ഇവിടങ്ങളൊന്നും ആർക്കുംവേണ്ടി നീക്കിവെച്ചിട്ടില്ല."

ഭാസ്കരമേനോൻ പരിഹാസ സ്വരത്തിൽ പറഞ്ഞു.

"അല്ലിമയ്ക്ക് നിങ്ങൾടെ വക ഒരു ചില്ലിക്കാശുപോലും വേണ്ട. എന്നാലും ശരി, ഞങ്ങൾ അതും പരിശോധിക്കുന്നൊണ്ട്. മാളവികേടെ പേരിൽ എന്തെങ്കിലും സ്വത്തുണ്ടായിരുന്നോ, അതിൽ പിന്നീട് എന്തെങ്കിലും തിരിമറി നടന്നോ എന്നൊക്കെ."

"നിന്നു ചെലയ്ക്കാതെ വിളിച്ചോണ്ടു പോടാ." ഭാസ്കരമേനോൻ പുറത്തേക്കു കൈചൂണ്ടി ആക്രോശിച്ചു.

"അങ്ങനെ പോകാൻ വന്നവരല്ല ഭാസിയമ്മാമേ ഞങ്ങൾ. ആദ്യം ഞാൻ പറഞ്ഞതു മറന്നോ? മണിമല പോലീസിന്റെ എസ്ക്കോർട്ടോടെയാ ഞങ്ങൾ വന്നിരിക്കുന്നെ." അതോടെ ഭാസ്കരമേനോനു നാവടഞ്ഞു.

"മല്ലികച്ചിറ്റേ, കഴിഞ്ഞ തവണ വന്നപ്പോ അല്ലിമ ആരാണെന്നു പറയാതിരുന്നത് കുറച്ചു തെളിവുകൂടി കിട്ടാനുണ്ടായിരുന്നതുകൊണ്ടാ..." മല്ലികയുടെ അടുത്തേക്കു ചെന്ന് സന്ദീപ് പറഞ്ഞു: "ഇനി ധൈര്യമായിട്ട് വിശ്വസിച്ചോ. കണിയാമ്പറമ്പിൽ ശേഖരൻകുട്ടീടെ മകൻ ചന്ദ്രബാബുവിന്റെയും ഇവിടുത്തെ മാളുവിന്റെയും കുട്ടിതന്നെയാ ഇവൾ. തൊണ്ണൂറ്റിയാറ് ഡിസംബർ മൂന്നാം തീയതിയാണ് മാളവിക ഇവളെ പ്രസവിച്ചത്. ഞാനിത് എടുത്തു പറയാൻ കാരണം, അന്ന് മല്ലികച്ചിറ്റേടെ ഭർത്താവും മകനും ഈ വീട്ടിലുണ്ടായിരുന്നോ? അന്നൊരു ദിവസം മാത്രമല്ല - ഒന്നോ രണ്ടോ ആഴ്ചത്തേക്ക് അവരിവിടെ ഉണ്ടായിരുന്നോ?"

"എനിക്കോർമയില്ല മോനേ... ഒരുപാട് കാര്യങ്ങൾ ഞാൻ മറന്നുപോയി."

"എനിക്കോർമയുണ്ട്." ഉണ്ണിമായ പറഞ്ഞു: "അച്ഛനും ഹരിയേട്ടനുംകൂടി പോണ്ടിച്ചേരിക്കു പോയിരിക്യാരുന്നു... അവർ മാത്രമല്ല, ബാലമ്മാമേം, ഹേമചന്ദ്രനും കൂടിയാ പോയത്. പതിനെട്ട് ദിവസം കഴിഞ്ഞാ തിരിച്ചു വന്നത്. എനിക്ക് നല്ല ഓർമയൊണ്ട്."

ജഗന്നാഥക്കുറുപ്പും ഹരീന്ദ്രനും പരസ്പരം നോക്കി ഉമിനീരിറക്കി.

"അവര് നാലുപേരും കൂടി പോണ്ടിക്ക് വന്നത് തൊണ്ണൂറ്റാറിലല്ല, തൊണ്ണൂറ്റഞ്ചിലാണ്." ഭാസ്കരമേനോൻ തർക്കിച്ചു.

"നയന്റി സിക്സിൽ തന്നെയാ. എനിക്കറിയാം." ഉണ്ണിമായ വിട്ടുകൊടുത്തില്ല.

"അറിയാത്ത കാര്യത്തിനു നീ വെറുതെ തർക്കിക്കണ്ട." ഹരീന്ദ്രൻ ഭാര്യയെ താക്കീതു ചെയ്തു.

"നിങ്ങള് തിരിച്ചു വന്നപ്പോ അത്രേം വൈകാനൊള്ള കാരണം പറഞ്ഞത് പോണ്ടിച്ചേരീൽ സൈക്ലോണും വെള്ളപ്പൊക്കവും കാരണം അവിടെ കുടുങ്ങിപ്പോയെന്നാ." ഉണ്ണിമായ വിട്ടുകൊടുത്തില്ല.

"അതൊക്കെ ശരിയാ... അത് നയന്റി ഫൈവിലാണെന്നാ പറഞ്ഞത്." ഭാസ്കരമേനോൻ തറപ്പിച്ചു പറഞ്ഞു.

"ഭാസിയമ്മാമേ... നയന്റിഫൈവിൽ രണ്ട് സൈക്ലോണാ ഉണ്ടായത്. ബേ ഓഫ് ബംഗാളിൽ. ആദ്യത്തേത് സെപ്റ്റംബറിൽ. രണ്ടാമത്തേത് നവംബറിൽ. ഞാനിതൊക്കെ പഠിച്ചിട്ടുതന്നെയാ വന്നിരിക്കുന്നെ. തൊണ്ണൂറ്റഞ്ചിലെ കൊടുങ്കാറ്റും മഴയും നവംബർ ഇരുപത്തഞ്ചിന് തീർന്നു."

സന്ദീപ് വെളിപ്പെടുത്തി.

"എന്നാ തൊണ്ണൂറ്റേഴിലായിരിക്കുമോ നമ്മള് പോയത്" ജഗന്നാഥക്കുറുപ്പ് മകനോടു തിരക്കി.

"വീണിടത്തുകിടന്ന് ഉരുളാനൊന്നും ആരും ശ്രമിക്കണ്ട." സന്ദീപ് പറഞ്ഞു: "കള്ളം പറഞ്ഞാൽ ഒരുപക്ഷേ, നിങ്ങൾക്ക് ഇവരുടെ മുൻപിൽ കുറച്ചു ദിവസം കൂടി പിടിച്ചു നിൽക്കാൻ പറ്റിയേക്കും. പക്ഷേ, കോടതീൽ വരുമ്പോഴൊണ്ടല്ലോ, ഭാസിയമ്മാമേ - തൊണ്ണൂറ്റാറ് ഡിസംബർ മൂന്നിന് മാളവിക ക്ലൂണി ഹോസ്പിറ്റലിൽ പ്രസവിച്ച കുഞ്ഞിനെ ഡിസംബർ ഏഴിന് നിങ്ങൾ എവിടെ കൊണ്ടുപോയി കളഞ്ഞു എന്ന ചോദ്യത്തിന് ഉത്തരം പറയേണ്ടി വരും. തങ്കം ആന്റി നിങ്ങളുടെ പേരിലാണ് ഹോസ്പിറ്റൽ റെക്കോർഡ്സ്. അത് നശിപ്പിച്ചു കളയാൻ ഹോസ്പിറ്റൽ അതോറിറ്റി കൂട്ടുനിൽക്കില്ല. അവര് മാന്യമായിട്ടാ ഹോസ്പിറ്റൽ നടത്തുന്നത്. ഡിസംബർ മൂന്നിന് ലേബർ റൂമിന്റെ മുന്നിൽനിന്ന് മാളവിക പ്രസവിച്ച കുഞ്ഞിനെ നേഴ്സിന്റെ കയ്യീന്ന് ഏറ്റുവാങ്ങിയത് തങ്കം ആന്റിയാണ്. തെളിവൊണ്ട്."

സന്ദീപ് കണ്ണുമടച്ചു പറഞ്ഞതാണെങ്കിലും തങ്കത്തിന്റെ മുഖം പേടി കിട്ടിയതുപോലെ വിളറിപ്പോയി. അവർ പരിഭ്രമിച്ച് ഭർത്താവിനെയും ഭാസ്കരമേനോനെയും നോക്കി. ആ ഒറ്റ നോട്ടത്തിൽനിന്നുതന്നെ എല്ലാം വ്യക്തമായിരുന്നു.

"തങ്കം ആന്റീ, അന്നു നിങ്ങൾ കയ്യിൽ വാങ്ങിയ ആ കുഞ്ഞാണ്- ദാ, ഈ നിൽക്കുന്നത്." സന്ദീപ് അല്ലിമയെ ചൂണ്ടിക്കാട്ടി: "ഒട്ടും പ്രതീക്ഷിച്ചില്ല, അല്ലേ? നിങ്ങൾ മൂന്നു മക്കളെ പ്രസവിച്ച അമ്മയല്ലേ, ആ കുഞ്ഞിനെ കൊല്ലാൻവേണ്ടി കൂട്ടുനിൽക്കാൻ എങ്ങനെ തോന്നി? നിങ്ങൾ പ്രസവിച്ച് രണ്ടുമാസം പോലും പ്രായമാകാത്ത ഒരു കുഞ്ഞ് അപ്പോ നിങ്ങടെ കയ്യിലുണ്ടെന്ന് ഓർക്കണം- വീണമോൾ. അതിന്റെ മുഖത്തോട്ടു നോക്കിയിട്ട് വേറൊരു ചോരക്കുഞ്ഞിനോട് അത്രേം വലിയ ക്രൂരത ചെയ്യാൻ ഒരമ്മയ്ക്കു തോന്നുമോ?"

"നീ എന്നോടു സംസാരിക്കണ്ട. ഞാനും നീയും തമ്മിൽ ഒരു ബന്ധവുമില്ല. ഞാൻ വേറൊരു വീട്ടിൽ ജനിച്ചു വളർന്നവളാ."

തങ്കം ദേഷ്യം ഭാവിച്ചു പറഞ്ഞു.

"ആന്റീ, ഞങ്ങൾടെ മുൻപിലും ഇവിടുള്ളവരുടെ മുൻപിലും നിങ്ങൾക്കു തൽക്കാലം കള്ളം പറഞ്ഞ് പിടിച്ചു നിൽക്കാം. കോടതിയിൽ വരുമ്പോ നിങ്ങൾ എന്തു ചെയ്യും?"

"ആ നിൽക്കുന്നവൾ മാളവികയുടെ മകളാണെന്ന് നീ തെളിയിക്ക്." തങ്കം പറഞ്ഞു.

"തെളിയിക്കതന്നെ ചെയ്യും. ആന്റിയെന്താ വിചാരിച്ചെ. അതൊക്കെ സാധിക്കുന്ന കാലത്താ നമ്മൾ ജീവിക്കുന്നെ. പാറ്റേണൽ ഡിഎൻഎയുണ്ട്. മറ്റേണൽ ഡിഎൻഎ ഒണ്ട്, എന്തു ടെസ്റ്റാ ഇല്ലാത്തെ." തങ്കം സന്ദീപിനു മുഖം കൊടുക്കാതെ മാറിനിന്നു.

"എനിക്ക് നിങ്ങളോടെല്ലാവരോടുംകൂടെ ഒറ്റ റിക്വസ്റ്റേയുള്ളു. ചന്ദ്രബാബുവിനെയും മാളവികയെയും നിങ്ങൾ എന്തു ചെയ്തു എന്നു പറഞ്ഞാ മതി."

"നീയാരെടാ ചോദിക്കാൻ - പോലീസ് ഓഫീസറോ? അതോ സി.ബി.ഐയോ?" ഭാസ്കരമേനോൻ ആക്രോശിച്ചു.

"ഞാനൊരു പത്ര റിപ്പോർട്ടർ മാത്രമാ."

"ആ - നീ പോയി നിന്റെ പണി നോക്ക്."

"ഓകെ..." സന്ദീപ് മല്ലികയുടെ നേർക്കു തിരിഞ്ഞു: "ചിറ്റേ, ഹരീന്ദ്രനും മറ്റും പോണ്ടിച്ചേരിക്കു പോയി തിരിച്ചു വന്നപ്പോ അവരുടെ കൂടെ മാളു ഉണ്ടായിരുന്നോ?"

"ഇല്ല." മല്ലിക നിഷേധാർഥത്തിൽ തലയാട്ടി.

"മാളു പ്രസവിച്ചെന്നോ, പെൺകുഞ്ഞാണെന്നോ പറഞ്ഞോ?"

"ഇല്ല."

"മാളുവിനെ അവർ പോണ്ടിച്ചേരിയിൽവെച്ച് കണ്ടതായിട്ട് പറഞ്ഞോ?"

"ഒന്നും പറഞ്ഞില്ല സന്ദീപ്." ഉണ്ണിമായ ഇടയ്ക്കു കയറി. "മണിമലയിൽനിന്നു പോയശേഷം ഇവിടെ ഞാനോ അമ്മയോ മാളുവിനെ കണ്ടിട്ടില്ല."

"അത്രേം അറിഞ്ഞാ മതി. ബാക്കി വിവരങ്ങൾ ഞങ്ങൾക്കു കിട്ടുന്ന മുറയ്ക്ക് ഇവിടെ അറിയിച്ചോളാം."

"ഇവിടെ ആരും ആരേം ഒന്നും അറിയിക്കണ്ട. നിന്നോടാരു പറഞ്ഞു ഇവിടെ അറിയിക്കണംന്ന്. ആരെങ്കിലും ചുമതലപ്പെടുത്തീട്ടുണ്ടോ? ഇല്ല." ഭാസ്കരമേനോൻ കർക്കശമായി പറഞ്ഞു.

"മാളവികയെ പ്രസവിച്ച അമ്മയല്ലേ ഭാസിയമ്മാമേ. അവർക്കറിയണ്ടേ സ്വന്തം കുഞ്ഞിന് എന്താ സംഭവിച്ചതെന്ന്. മക്കൾക്കു വേണ്ടി മരിക്കാനും തയാറാ കുന്നവരാ നമ്മുടെ നാട്ടിലെ അമ്മമാർ. വർഷം പത്തിരുപത്തിരണ്ടായില്ലേ കൈവിട്ടു പോയിട്ട്. ഒന്നു കാണാനും മിണ്ടാനും ഈ അമ്മയ്ക്കും ആഗ്രഹമില്ലാതിരിക്കോ?" സന്ദീപ് ചോദിച്ചു.

"അങ്ങനെ ഒരാഗ്രഹം അവൾക്കുണ്ടെങ്കി അതു പറയാനും സാധിച്ചുകൊടുക്കാനും ഇവിടെ അവൾക്ക് ഭർത്താവും മകനും ഒണ്ട്. പുറത്തൂന്ന് ആരുടേം സേവനം ആവശ്യമില്ല."

"ഭർത്താവും മകനുംകൂടി ചെയ്തത് എന്താണെന്ന് മല്ലികച്ചിറ്റയ്ക്ക് ഇപ്പോ ഏറെക്കുറെ മനസ്സിലായിട്ടുണ്ട്. ഇരുപത്തിരണ്ടു വർഷം കഴിഞ്ഞു ചന്ദ്രബാബുവിനെ കാണാതായിട്ട്. സ്വന്തം സഹോദരനും അച്ഛനുംകൂടി പെരിയാർവാലിയിൽ ചെന്ന് മാളവികയെ വിളിച്ചോണ്ടു പോയിട്ടും ഏതാണ്ടത്രതന്നെ ആയി. കുറച്ചു മാസങ്ങളുടെ വ്യത്യാസത്തിലാ രണ്ടു സംഭവങ്ങളും നടന്നത്. മല്ലികച്ചിറ്റ ഇതുവരെ അറിഞ്ഞിട്ടില്ലല്ലോ ഇക്കാര്യങ്ങളൊന്നും. എന്തുകൊണ്ടാ അറിയാതെ പോയത്? നിങ്ങളാരെയും അറിയിച്ചിട്ടില്ല. അല്ലെങ്കിൽ നുണകൾ പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചു. ഒരമ്മയ്ക്ക് മകളെക്കുറിച്ച് അറിയാൻ അവകാശം മാത്രമല്ല, ധാർമികമായ ഉത്തരവാദിത്തംകൂടിയൊണ്ട്. അതിനവരെ സഹായിക്കാൻ ഒരു പത്രപ്രവർത്തകൻ എന്ന നിലയിലും ബന്ധു എന്ന നിലയിലും എനിക്കും ഉണ്ട് അവകാശവും കടമയും. അതുകൊണ്ടാണല്ലോ പോലീസിന്റെ സഹായംകൂടി എനിക്കു കിട്ടുന്നത്. അത് തടയാനൊന്നും ആരും നോക്കണ്ട."

"ശരി- നിന്റെ കടമ കഴിഞ്ഞല്ലോ. നിനക്കു പോകാം." ഭാസ്കരമേനോൻ പുറത്തേക്കു കൈ ചൂണ്ടി. "ഞാനിവിടെ നിൽക്കുന്നതിന് ഭാസിയമ്മാമ എന്തിനാ പേടിക്കുന്നെ. ഭാസിയമ്മാമേടെ കയ്യിൽ ചോര പറ്റീട്ടൊണ്ടോ? അല്ലി ഇപ്പോഴും ജീവനോടെ ഒള്ളതുകൊണ്ട്, ഒരു ചോരക്കുഞ്ഞിനെ കൊന്ന കുറ്റം എന്തായാലും ഭാസിയമ്മാമേടെ തലയിൽ വരില്ല. പക്ഷേ, മാളവികേടെ കാര്യത്തിൽ ഭാസിയമ്മാമയ്ക്കു കയ്യുണ്ടെന്ന് എനിക്കു തീർച്ചയാ. ഞാനൊരു കെട്ടുകഥേംകൊണ്ടല്ല ഇങ്ങോട്ടു വന്നത്. വളരെ വ്യക്തമായ തെളിവുകളോടെയാണ്. മാളവികയുടെ മകളെ നിങ്ങൾടെ മുന്നിൽ നിർത്തിക്കൊണ്ടാ ഞാൻ സംസാരിക്കുന്നത്."


വീണ്ടും അല്ലിമയുടെ മേലായി എല്ലാവരുടെയും നോട്ടം. സന്ദീപ് പറഞ്ഞതെല്ലാം കേട്ടശേഷം അവിടെയുള്ള ആർക്കുംതന്നെ യാതൊരു സംശയവും അവശേഷിക്കുന്നുണ്ടായിരുന്നില്ല, അല്ലിമ മാളവികയുടെ പുത്രിയാണോ എന്നതിൽ!

"ഇനി മല്ലികച്ചിറ്റയ്ക്ക് മകളെ കാണാനോ അവൾക്ക് എന്തു സംഭവിച്ചെന്ന് അറിയാനോ ആഗ്രഹം ഇല്ലെന്നുതന്നെ ഇരിക്കട്ടെ. പക്ഷേ, അല്ലിമയ്ക്ക് സ്വന്തം അമ്മയെ കാണാനും, അമ്മയ്ക്ക് എന്താണു സംഭവിച്ചതെന്നറിയാനുമുള്ള ആഗ്രഹോം അവകാശോം ഇല്ലേ. അവളുടെ അമ്മയുടെ വീടും ബന്ധുക്കളെയും കാണാനും കൂടിയുള്ള അവകാശം അവൾക്കുണ്ട്."

സന്ദീപ് ഉറപ്പിച്ചുതന്നെ പറഞ്ഞു:

"ആദ്യം നീ പോയി മാളുവിന് ഒരു മകളുണ്ടായെന്ന് തെളിയിക്ക്. അതുകഴിഞ്ഞ് ആ മകൾ ഇവളാണെന്നുകൂടി തെളിയിച്ചിട്ടു വാ... അതുകഴിഞ്ഞ് സംസാരിച്ചാ മതി ഇവിടെ." ഭാസ്കരമേനോൻ പറഞ്ഞു.

"തെളിയിക്കും ഭാസിയമ്മാമേ... എന്താ സംശയം! രണ്ടു മനുഷ്യരെ ഈ ഭൂമീന്ന് എന്നെന്നേക്കുമായിട്ട് ആരുമറിയാതെ മായ്ച്ചു കളയാമെന്ന് ആരും വിചാരിക്കണ്ട. ഒരു അസ്ഥിക്കഷണമെങ്കിലും അവശേഷിക്കുന്നൊണ്ടെങ്കിൽ ഞങ്ങൾ അതു കണ്ടുപിടിക്കും. ഇരുപത്തിരണ്ടു വർഷം കടന്നുപോയതുകൊണ്ട് ഒരു തുമ്പും കിട്ടില്ലാന്നൊന്നും ആരും വിചാരിക്കണ്ട."



"നിനക്ക് ചെയ്യാവുന്നതൊക്കെ ചെയ്യ്."

ഭാസ്കരമേനോൻ വെല്ലുവിളിയുടെ സ്വരത്തിൽ പറഞ്ഞു.

"ഞങ്ങളാരേം ഉപദ്രവിക്കാൻവേണ്ടി ഇറങ്ങിയതല്ല ഭാസിയമ്മാമേ. ഞങ്ങളാരുടേം കാറു തല്ലിപ്പൊളിച്ചില്ല. ആരുടേം ഷർട്ട് വലിച്ചു കീറിയില്ല. ആരേം കയ്യേറ്റം ചെയ്തില്ല. സമാധാനപരമായിട്ടാ ഞങ്ങ ഉന്വേഷിച്ചത്. പക്ഷേ, ചോരക്കറ കയ്യിലുള്ളവർക്ക് അടങ്ങിയിരിക്കാൻ പറ്റില്ലല്ലോ. ചന്ദ്രബാബുവിന്റെ വീട്ടുകാരെ കാണാൻ പെരിയാർവാലിക്കു പോയ ഞങ്ങളെ മുരിക്കാശ്ശേരി പോലീസ് സ്റ്റേഷനിൽ തടഞ്ഞുവെക്കാൻ ഹേമചന്ദ്രൻ ഡിവൈ.എസ്.പി. ഉത്തരവിട്ടിരിക്കുന്നു. ചെയ്ത കുറ്റം എന്താണെന്നറിയണ്ടേ? അയാൾടെ കാറ് ഞങ്ങള് മോഷ്ടിച്ചെന്ന്. കോട്ടയം എസ്.പി. നേരിട്ടു വിളിച്ചു പറഞ്ഞ് ഹേമചന്ദ്രനെക്കൊണ്ട് ഞങ്ങൾക്ക് വിട്ടുതരുവിച്ച കാറാണത്. ആ സത്യം ഇവിടുള്ളവർക്കും അറിയാം. അയാളെന്താ വിചാരിച്ചത്- കുറച്ചു ഭീഷണീം വെല്ലുവിളീം തടസ്സങ്ങളും വാരി വിതറിയാ ഞങ്ങള് പേടിച്ചു പിൻമാറുമെന്നോ?"

ആരും മിണ്ടുന്നില്ല.

"അല്ലീ- നമുക്കു പോകാം. നമ്മുടെ ജോലി തൽക്കാലം കഴിഞ്ഞു." സന്ദീപ് അല്ലിമയോട് വരാൻ ആംഗ്യം കാട്ടി.

അല്ലിമ മല്ലികയെ നോക്കി. അവരുടെ രണ്ടു കൈത്തലവും കയ്യിലെടുത്തു. ആ വിരലുകൾ തണുത്തിരുന്നു.

"പൊയ്ക്കോട്ടെ മുത്തശ്ശീ... ഒന്നും ചോദിക്കാനോ വാങ്ങിക്കാനോ വന്നതല്ല, എല്ലാരേം ഒന്നു കാണണംന്നു തോന്നി."

അല്ലിമയുടെ കണ്ഠമിടറി.

"എനിക്ക് ഒന്നും അറിയില്ല, ഒന്നും അറിയില്ല...." മല്ലികയ്ക്കു കരച്ചിൽ വന്നു.

"എന്നെയോർത്ത് വെഷമിക്കണ്ട മുത്തശ്ശീ. ഞാൻ അനാഥയൊന്നുമല്ല. അതെന്താണെന്നു ഞാൻ അറിഞ്ഞിട്ടുപോലുമില്ല. എനിക്കൊരച്ഛനും അമ്മേം ഒണ്ട്. ഈ ലോകത്ത് കിട്ടാവുന്നതിൽ ഏറ്റവും നല്ല അച്ഛനും അമ്മേം... പോട്ടെ."

അല്ലിമ പിന്നെ ഉണ്ണിമായയെ നോക്കി പോവുകയാണെന്ന് മെല്ലെ തലയാട്ടി. ഉണ്ണിയെ ഒന്നു തലോടി. തങ്കത്തെയും അഞ്ജനയെയും നോക്കി. ഭാസ്കരമേനോനെയും മകനെയും നോക്കി. അവരുടെയെല്ലാം നോട്ടം അവളിൽത്തന്നെയായിരുന്നു. ശത്രുസ്ഥാനത്താണെങ്കിൽ പോലും അവളിൽനിന്നു കണ്ണെടുക്കാൻ ആർക്കും എളുപ്പം കഴിയുമായിരുന്നില്ല.

"ഭാസിയമ്മാമേ... പോകുവാ..." സന്ദീപ് പറഞ്ഞു: "നിങ്ങളിവിടെ ഉണ്ടെന്നു വിചാരിച്ചല്ല വന്നത്. ഉണ്ടായിരുന്നതു നന്നായി. സത്യം മറച്ചുവെക്കാതിരിക്കുന്നതാണ് എല്ലാവർക്കും നല്ലത്. കൂടുതലൊന്നും പറയാനില്ല പോട്ടെ." അല്ലിമയെയും കൂട്ടി സന്ദീപ് ഹാളിൽനിന്ന് ഇറങ്ങി സിറ്റൗട്ടിലേക്കു പോയി.

ആരും ഒരക്ഷരംപോലും മിണ്ടുന്നില്ല.

അവർ മറഞ്ഞുകഴിഞ്ഞിട്ടും എല്ലാവരും ബന്ധനസ്ഥരെപ്പോലെ നിൽക്കുകയാണ്. മുറ്റത്ത് കാർ സ്റ്റാർട്ടാകുന്ന ഇരമ്പൽ കേട്ടു. ആ ശബ്ദം അകന്നുപോയി. പോലീസ് ജീപ്പിന്റെ ശബ്ദവും ക്രമേണ ഇല്ലാതായി.

ഭാസ്കരമേനോൻ ചുമവരാതെ ചുമച്ച് ഒരു ശബ്ദമുണ്ടാക്കി. അയാൾ അനുജത്തിയുടെ സമീപത്തേക്കു വന്നു. മല്ലിക ജ്യേഷ്ഠനെ കണ്ണിമയ്ക്കാതെ നോക്കി.

"ഞാൻ നിന്നെക്കാണാൻ വേണ്ടി വന്നതാ - വേറൊന്നിനുമല്ല. നിന്റെ ആരോഗ്യസ്ഥിതി അൽപം മോശമാണെന്നു കേട്ടു."

മല്ലികയുടെ മനസ്സിലും കണ്ണിലും നൂറായിരം ചോദ്യങ്ങളുണ്ടായിരുന്നു. അവയുടെ ഭാരം താങ്ങാനാകാതെ അവർ കുഴഞ്ഞു.

"മരുന്നുകളൊക്കെ കൃത്യമായിട്ട് കഴിക്കുന്നുണ്ടല്ലോ... ഒന്നും മുടക്കരുത്. എല്ലാം ശരിയാകും. പോട്ടെ." അത്രയും പറഞ്ഞിട്ട് ഭാസ്കരമേനോൻ നാടകീയമായി പിന്തിരിഞ്ഞു. ചോദ്യങ്ങൾക്കൊന്നിനും അവസരം കൊടുത്തില്ല. പോകാം എന്ന സംജ്ഞയോടെ അയാൾ മധുവിനെയും തങ്കത്തെയും നോക്കി.

മധുവും തങ്കവും ജഗന്നാഥക്കുറുപ്പിനോടും ഹരീന്ദ്രനോടു യാത്ര പറഞ്ഞു. മല്ലികയെ നോക്കുമ്പോൾ അവർ തലതാഴ്ത്തി നിൽക്കുകയായിരുന്നു.

"ചിറ്റേ... വരട്ടെ..."

മൃദുസ്വരത്തിൽ അവർ യാത്ര ചോദിച്ചെങ്കിലും മല്ലിക മുഖമുയർത്തിയില്ല. പോണ്ടിച്ചേരിയിൽനിന്നു വന്നവർ ഹാളിൽനിന്ന് ഇറങ്ങിപ്പോയി. ജഗന്നാഥക്കുറുപ്പും ഹരീന്ദ്രനും അവരെ അനുഗമിച്ച് കാറിനരികെ ചെന്നു.

ഭാസ്കരമേനോൻ കാറിൽ കയറും മുൻപ് ജഗന്നാഥക്കുറുപ്പിനോടും ഹരീന്ദ്രനോടും പറഞ്ഞു:

"സൂക്ഷിക്കണം. ആലോചിച്ചുവേണം ഓരോന്നും ചെയ്യാൻ. ഞങ്ങളും ഒന്നാലോചിക്കട്ടെ."

അവർ കാറിൽ കയറിയപ്പോഴേക്കും അഞ്ജന ഇറങ്ങിവന്നു. അവൾ ഡ്രൈവിങ് സീറ്റിൽ കയറിയിരുന്ന് കാർ സ്റ്റാർട്ട്ചെയ്ത് ഓടിച്ചുപോയി.

ഹരീന്ദ്രനും ജഗന്നാഥക്കുറുപ്പും തിരികെ ഹാളിലെത്തിയപ്പോൾ, ഒരു പ്രതിമ കണക്കേ അപ്പോഴും മല്ലിക അവിടെത്തന്നെ നിൽപ്പുണ്ടായിരുന്നു.

ഹരീന്ദ്രനും ജഗന്നാഥക്കുറുപ്പും പരസ്പരം നോക്കി. ഹരീന്ദ്രൻ അമ്മയുടെ അടുത്തേക്കു നീങ്ങി.

"അമ്മേ..." അയാൾ വിളിച്ചു.

മല്ലിക മെല്ലെ മുഖമുയർത്തി.

"അവൻ വന്നു പറഞ്ഞതൊന്നും അമ്മ വിശ്വസിക്കരുത്. അമ്മയ്ക്കു സമാധാനം കിട്ടില്ല. ഞങ്ങള് പറയുന്നത് വിശ്വസിച്ചാ മതി." മല്ലികയുടെ കണ്ണിൽ വെള്ളം നിറഞ്ഞു. ഒന്നും പറയേണ്ടെന്നു കൈകാട്ടി വിലക്കി. എന്നിട്ട് പിന്തിരിഞ്ഞു.

"മല്ലികേ-" ജഗന്നാഥക്കുറുപ്പ് വിളിച്ചു.

അവർ മുഖം തിരിച്ച് ഒന്നു നോക്കി.

"ഭാസിയേട്ടൻ പറഞ്ഞതുപോലെയായിരിക്കും സംഭവം. മാളു എങ്ങനെയോ പോണ്ടിച്ചേരിയിൽ എത്തിപ്പെട്ടിട്ടുണ്ടായിരുന്നിരിക്കും. അവിടെവെച്ച് പ്രസവിക്കുകേം കുഞ്ഞിനെ ഉപേക്ഷിക്കുകേം ചെയ്തിട്ടുണ്ടായിരിക്കും. ഇവിടെ വന്നിട്ടുപോയ പെണ്ണ് ഒരുപക്ഷേ, മാളുവിന്റെ മകളുമായിരിക്കും... പക്ഷേ, ഞങ്ങളാരും ഇതിലൊന്നും ഇടപെട്ടിട്ടില്ല. ഇങ്ങനത്തെ സംഭവങ്ങൾ അറിഞ്ഞിട്ടുപോലുമില്ല."

മല്ലികയുടെ നോട്ടം ഭർത്താവിന്റെ കണ്ണിൽ അൽപനേരം തങ്ങിനിന്നു. അതിൽനിന്നു പാഞ്ഞ തീപ്പൊരികളേറ്റ് അന്ധനാവാതിരിക്കാൻ അയാൾ മുഖം തിരിച്ചു.

മല്ലിക വേച്ചുവേച്ചു നടന്നു തുടങ്ങി.

കൈപിടിച്ചു സഹായിക്കാൻ ചെന്ന ഹരീന്ദ്രന്റെ കൈ അവർ തട്ടി മാറ്റി. ചുവടുകൾ ഇടറിയിടറി തന്റെ ഇരുട്ടുമുറിയിലേക്ക് ദുർബലമായ ഒരാത്മാവിന്റെ മായുന്ന രൂപംപോലെ മറഞ്ഞുപൊയ്ക്കൊണ്ടിരുന്നു.

(തുടരും)

# ഇ.ഡി. സംഘത്തിനുനേരെ ബംഗാളിൽ ആക്രമണം

കൊൽക്കത്ത: പശ്ചിമബംഗാളിലെ സന്ദേശ്ഖലിയിൽ തൃണമൂൽ കോൺഗ്രസ് നേതാവിന്റെ വീട് റെയ്ഡുചെയ്യാനെത്തിയ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.) സംഘാംഗങ്ങളെ നൂറോളംവരുന്ന പാർട്ടി അണികൾ അടിച്ചോടിച്ചു. ആക്രമണത്തിൽ മൂന്ന് ഉദ്യോഗസ്ഥർക്ക് ഗുരുതരപരുക്കേറ്റു. ഇ.ഡിയുടെ വാഹനങ്ങൾ അടിച്ചുതകർത്ത ജനക്കൂട്ടം ഉദ്യോഗസ്ഥരുടെ ഫോണും പേഴ്സും അടക്കം കവർന്നു.

സംസ്ഥാനത്ത് ക്രമസമാധാനനില തകർന്നെന്നും രാഷ്ട്രപതിഭരണം ഏർപ്പെടുത്തണമെന്നും ബി.ജെ.പി. ആവശ്യപ്പെട്ടു. അക്രമം തടയാൻ നടപടിയുണ്ടായില്ലെങ്കിൽ ഭരണഘടനാപരമായ തന്റെ ചുമതല നിർവഹിക്കുമെന്ന് ഗവർണർ സി.വി. ആനന്ദബോസ് മുന്നറിയിപ്പുനൽകി. എന്നാൽ, ഇ.ഡി. സംഘം നാട്ടുകാരെ പ്രകോപിപ്പിച്ചതാണ് പ്രശ്നത്തിനിടയാക്കിയതെന്ന് തൃണമൂൽ കോൺഗ്രസ് പറഞ്ഞു.

റേഷൻ കുംഭകോണവുമായി ബന്ധപ്പെട്ട് തൃണമൂൽ നേതാവായ ഷാജഹാൻ ശൈഖിന്റെ വടക്കൻ 24 പർഗാനാസ് ജില്ലയിലെ വീട്ടിലാണ് റെയ്ഡിനായി ഇ.ഡി. സംഘം എത്തിയത്. ഈ കേസിൽ അറസ്റ്റിലായ മന്ത്രി ജ്യോതിപ്രിയ മല്ലിക്കിന്റെ അടുത്തയാളാണ് ഷാജഹാൻ ശൈഖ്.

വീട് പൂട്ടിക്കിടന്നതിനാൽ ശൈഖ് വരാനായി ഇ.ഡി. സംഘം ഒരു മണിക്കൂറോളം കാത്തുനിന്നെങ്കിലും ഫലമുണ്ടായില്ല. തുടർന്ന് പൂട്ടുപൊളിച്ച് ഉള്ളിൽക്കടക്കാൻ ശ്രമിച്ചപ്പോഴായിരുന്നു ആക്രമണം. ഉദ്യോഗസ്ഥർ സ്ഥലത്തുനിന്ന് ഓടിരക്ഷപ്പെടുകയായിരുന്നെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. ഇ.ഡി. സംഘത്തിന് സുരക്ഷയ്ക്കായിവന്ന സി.ആർ.പി.എഫ്. ജവാന്മാരെയും അക്രമികൾ തള്ളിമാറ്റി. കല്ലും വടികളുമായി നിരത്തിലിറങ്ങിയ ഇവർ ടയറുകൾ കത്തിച്ച് വഴിതടസ്സപ്പെടുത്താനും ശ്രമിച്ചു. സംഘർഷാവസ്ഥ കണക്കിലെടുത്ത് ഇ.ഡി. സംഘം പരിശോധന നടത്താതെ പിൻവാങ്ങി. ഇത്തരത്തിൽ തങ്ങൾക്കുനേരെ മുമ്പൊരിക്കലും ആക്രമണമുണ്ടായിട്ടില്ലെന്ന് സംഘത്തിൽ അംഗമായ ഇ.ഡി. ഉദ്യോഗസ്ഥൻ പ്രതികരിച്ചു. കേന്ദ്രസർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. എന്നാൽ, ഇതേ കേസിൽ ബൊൻഗാവിലുള്ള ശങ്കർ ആധ്യ എന്ന തൃണമൂൽ നേതാവിന്റെയും ബന്ധുക്കളുടെയും വീട്ടിൽ ഇ.ഡി. സംഘത്തിന് എതിർപ്പൊന്നുമില്ലാതെ പരിശോധന നടത്താൻ കഴിഞ്ഞു.

സ്ഥിതി ആശങ്കാജനകമാണെന്നും അടിയന്തരമായി ഇടപെടണമെന്നും പ്രതിപക്ഷനേതാവ് ശുഭേന്ദു അധികാരി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായോട് അഭ്യർഥിച്ചു. ഇ.ഡി. ഉദ്യോഗസ്ഥർക്ക് മതിയായ സുരക്ഷനൽകുന്നതിൽ സംസ്ഥാനസർക്കാർ പരാജയപ്പെട്ടതായി കേന്ദ്ര ആഭ്യന്തരസഹമന്ത്രി നിസിത് പ്രമാണിക് കുറ്റപ്പെടുത്തി. സംഭവത്തെ കേന്ദ്രം ഗൗരവമായിട്ടാണ് കാണുന്നത്: അദ്ദേഹം പറഞ്ഞു.

സംഭവം ഭയാനകവും അപലപനീയവുമാണെന്ന് ഗവർണർ സി.വി. ആനന്ദബോസ് പറഞ്ഞു. പശ്ചിമബംഗാൾ ബനാന റിപ്പബ്ലിക് അല്ല. സർക്കാർ കണ്ണുതുറന്ന് യാഥാർഥ്യം കാണുകയും ഫലപ്രദമായി പ്രവർത്തിക്കുകയും വേണം. അതുണ്ടായില്ലെങ്കിൽ അനന്തരഫലങ്ങൾ നേരിടേണ്ടിവരും - ഗവർണർ ശബ്ദസന്ദേശത്തിൽ പറഞ്ഞു.

# അദാനി വീണ്ടും നമ്പർ വൺ



മുംബൈ: ഏഷ്യയിലെ അതിസമ്പന്നരുടെ പട്ടികയിൽ ഒന്നാംസ്ഥാനം തിരിച്ചുപിടിച്ച് ഗൗതം അദാനി. ഹിൻഡൻബർഗ് ആരോപണവുമായി ബന്ധപ്പെട്ട കേസിൽ പുതിയ അന്വേഷണം ആവശ്യമില്ലെന്ന സുപ്രീംകോടതി വിധി വന്ന ശേഷം അദാനി കമ്പനികളുടെയും വിലയിൽ വലിയ കുതിപ്പുണ്ടായിരുന്നു. ബ്ലൂംബെർഗിന്റെ ആഗോള കോടീശ്വര പട്ടികയിലെ പുതിയ കണക്കുപ്രകാരം 8.11 ലക്ഷം കോടി രൂപയാണ് അദാനിയുടെ ആസ്തി. റിലയൻസ് ഗ്രൂപ്പ് ഉടമയായ മുകേഷ് അംബാനി 8.06 ലക്ഷം കോടി രൂപയുമായി തൊട്ടുപിന്നിലാണ്. ആഗോള കോടീശ്വരപട്ടികയിൽ പന്ത്രണ്ടാം സ്ഥാനത്താണ് അദാനിയിപ്പോൾ. മുൻവർഷത്തെ അപേക്ഷിച്ച് ആസ്തിയിൽ ഏകദേശം 1330 കോടി ഡോളറിന്റെ വർധന.

# കരുത്തുറ്റ അടിത്തറ കെട്ടിയുയർത്തുന്നതാണ് എന്റെ ലക്ഷ്യം

(15-ാം പേജിൽനിന്നും)

അമേരിക്കയിലെ ആദ്യ സന്ദർശനത്തിനെത്തിയ നേതാവിന്റെ ആയുരാരോഗ്യത്തിന് വേണ്ടി പ്രാർത്ഥിക്കണമെന്ന് അധ്യക്ഷൻ പറഞ്ഞു. ചെണ്ടമേളത്തിന്റെയും മുത്തുക്കുടകളുടെയും അകമ്പടിയോടെയായിരുന്നു നേതാക്കളെ വരവേറ്റത്. അലോന ജോർജ് അമേരിക്കൻ-ഇന്ത്യൻ ദേശീയ ഗാനമാലപിച്ചു.

നാഷണൽ ജനറൽ സെക്രട്ടറി ജോമോൻ റാന്നി സ്വാഗതം ആശംസിച്ചു. 1893-ലെ സ്വാമി വിവേകാനന്ദന്റെ ലോകപ്രശസ്ത പ്രഭാഷണം നടന്ന ചിക്കാഗോ, 1886-ൽ മെയ് മാസം ചിക്കാഗോയിൽ നടന്ന തൊഴിലാളി സമരവും റാലിയും ലോകത്തിലെ തൊഴിലാളി പ്രസ്ഥാനങ്ങളുടെ ചരിത്രത്തിൽ തങ്കലിപികളിൽ എഴുതി വെച്ചിരിക്കുന്നു. ആ മണ്ണിലേക്കാണ് കോൺഗ്രസ് വിപ്ലവ നായകന്റെ വരവ്. കെ. സുധാകരൻ കോൺഗ്രസ് പോരാളികൾക്ക് പകർന്നു നൽകിയ ഇംഗ്ലീഷ് പദം 'NO COMPROMISE' എന്നും ആവേശം പകർന്നു നൽകുന്നുവെന്ന് തന്റെ ആവേശഭരിതമായ സ്വാഗത പ്രസംഗത്തിൽ ജനറൽ സെക്രട്ടറി ജീമോൻ റാന്നി പറഞ്ഞു.

കെ. സുധാകരന്റെ ലാളിത്യമാണ് അദ്ദേഹത്തിന്റെ തെളിച്ചമെന്ന് ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് യുഎസ്എ ചെയർമാൻ ജെയിംസ് കൂടൽ പറഞ്ഞു. രാവിലെ വീട്ടിൽ നിന്ന് ഇറങ്ങിപോകുമ്പോൾ നിറകണ്ണുകളോടെ നിൽക്കുന്ന അമ്മ, തിരിച്ചുവരുമെന്ന് പ്രതീക്ഷയില്ലാത്ത ഭാര്യ, കുഞ്ഞുങ്ങൾ, അവരെ സാക്ഷിനിർത്തിയാണ് ഇറങ്ങിപോകുന്നത്. ഇന്നത്തെ കെഎസ്‌യു അല്ല, പഴയ കെഎസ്‌യുവിനെപ്പറ്റിയാണ് പറയുന്നത്. അദ്ദേഹം തിരിച്ചുവരുന്നത് കാത്തിരിക്കുന്ന കുടുംബത്തിലെ അംഗങ്ങളുടെ മാനസികാവസ്ഥ നമ്മൾക്ക് ഊഹിക്കാവുന്നതാണ്: ജെയിംസ് കൂടൽ അനുസ്മരിച്ചു.

മൂന്നു പ്രാവശ്യമാണ് സി.പി.എമ്മിന്റെ കാപാലികർ ബോംബെറിഞ്ഞ് കൊല്ലുവാൻ ശ്രമിച്ചത്. അദ്ദേഹത്തിന്റെ ഇടത്തും വലത്തും നിന്ന ഇരുപത്തെട്ടോളം ചെറുപ്പക്കാരെ വെട്ടിനുറുക്കി. ആ കുടുംബത്തെ ഹൃദയത്തോടു ചേർത്തു നിർത്തുകയാണിപ്പോഴും അദ്ദേഹം. അത്ര തീക്ഷ്ണമായ രാഷ്ട്രീയ പ്രവർത്തനം നടത്തി കേരളത്തിലെ രാഷ്ട്രീയത്തിലേക്ക് കടന്നുവന്നയാളാണ് കെ. സുധാകരൻ. കേരളത്തിലെ ജനങ്ങളാണ് കെ.പി.സി.സി. പ്രസിഡണ്ടായി കെ. സുധാകരൻ വേണമെന്ന ആവശ്യം ഉന്നയച്ചത്. അതോടെ കോൺഗ്രസ് നേതൃത്വത്തിന് മറ്റ് മാർഗ്ഗമില്ലാതെ വന്നു. പിണറായി വിജയനെ പോലെ ഒരു ഏകാധിപതി ഭരിക്കുന്ന കേരളത്തിൽ കോൺഗ്രസിനെ തിരിച്ചു കൊണ്ടുവരിക എന്നൊരു വലിയ ദൗത്യമാണ് നമ്മുടെ പ്രിയപ്പെട്ട നേതാവിനെ ഏൽപിച്ചിരിക്കുന്നത്. ഇന്ന് കേരളത്തിൽ കോൺഗ്രസ്-കെ.എസ്.യു. പ്രസ്ഥാനം, യുവജനപ്രസ്ഥാനം, മഹിളാപ്രസ്ഥാനം സഹകരണസംഘങ്ങൾ തുടങ്ങിയ എല്ലാ മേഖലയിലും കോൺഗ്രസ് തിരിച്ചുവരവിന്റെ പാതയിലാണ്. കാരണം കെ. സുധാകരനെ പോലെ ഒരു നായകനുള്ളതിനാലാണെന്നും ജെയിംസ് കൂടൽ പറഞ്ഞു.

ഒരു കാലത്തു മാർക്സിസ്റ്റ് പാർട്ടിയുടെ പാർട്ടി ഗ്രാമങ്ങൾക്ക് പ്രസിദ്ധി നേടിയ കണ്ണൂരിന്റെ മണ്ണിനെ കോൺഗ്രസ് മണ്ണാക്കി മാറ്റിയ ആരാധ്യനായ നേതാവ്. നെഞ്ചുറപ്പോടെ, നിർഭയനായി കോൺഗ്രസ്സിനെ നയിക്കുന്ന കെ. സുധാകരൻ പ്രസിഡണ്ടായി ചുമതലയേറ്റതിനു ശേഷം നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് വിദ്യാർത്ഥി സംഘടനകൾക്ക് എത്തിനോക്കാൻപോലും കഴിയാതിരുന്ന കേരളത്തിലെ നിരവധി കോളജുകളിലും യൂണിവേഴ്സിറ്റികളിലും കെ.എസ്.യുവിനു ഉജ്വല വിജയം നേടാൻ സാധിച്ചു. പ്രസിഡണ്ടിന്റെ കരങ്ങൾക്ക് ശക്തി പകരാൻ ഒഐസിസി യുഎസ്എ ഉണ്ടായിരിക്കുമെന്ന് നാഷണൽ പ്രസിഡണ്ട് ബേബി മണക്കുന്നേൽ പറഞ്ഞു.

ഇല്ലിനോയി സ്റ്റേറ്റ് റെപ്രസെന്റീവും മലയാളിയുമായ കെവിൻ ഓലിക്കൽ, ക്നാനായ ഇടവക വികാരി ഫാ. ബിൻസ് ചേത്തലിൽ, ഒ.ഐ.സി.സി. നാഷണൽ വൈസ് പ്രസിഡണ്ട് ഗ്ലാഡ്സൺ വർഗീസ്, ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജെസ്സി റിൻസി തുടങ്ങിയവർ ആശംസകൾ അറിയിച്ചു. സീനിയർ അംഗം ഇലക്കാട്ടു കെ. സുധാകരനെ ഷാൾ അണിയിച്ചു സ്വീകരിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ 139-ാം ജന്മദിനത്തോടനുബന്ധിച്ചു ജന്മദിന കേക്കും മുറിച്ചു. സ്വതസിദ്ധമായ ശൈലിയിൽ ഉജ്വലമായ വാക്കുകൾകൊണ്ട് എം.സി. ചെയ്ത ചാപ്റ്റർ ജനറൽ സെക്രട്ടറി സിനു പാലക്കാത്തടം സമ്മേളനത്തിനു മികവ് നൽകി.

നോർത്തേൺ റീജിയണൽ സെക്രട്ടറി സജി കുര്യൻ നന്ദി അറിയിച്ചു. നാഷണൽ വൈസ് ചെയർമാൻ ഡോ. അനുപം രാധാകൃഷ്ണൻ, നോർത്തേൺ റീജിയണൽ ചെയർമാൻ ഡോ. സാൽബി പോൾ ചേന്നോത്ത്, ഗ്ലാഡ്സൺ വർഗീസ്, ലൂയി ചിക്കാഗോ, സിനു പാലക്കാത്തടം, സജി കുര്യൻ, ജിബു സാം തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ സമ്മേളനത്തിന്റെ ഉജ്വല വിജയത്തിനായി പ്രവർത്തിച്ചു.

# എസ്ബി ആൻഡ് അസംപ്ഷൻ അലുംമ്നി

(18-ാം പേജിൽനിന്നും)

നിയുക്ത പ്രസിഡണ്ട് ഡോ. മനോജ് നേര്യംപറമ്പിൽ, തങ്ങളെ ഏല്പിച്ച ഉത്തരവാദിത്വങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട് പുതിയ എക്സിക്യൂട്ടീവിന്റെ നയപരിപാടികൾ വിശദീകരിച്ചു. അസോസിയേഷൻ മുൻ അദ്ധ്യക്ഷന്മാരെ പ്രതിനിധീകരിച്ച് ചെറിയാൻ മാടപ്പാട്, അസംപ്ഷൻ കോളജ് പൂർവവിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് കാർമൽ തോമസ് എന്നിവർ ആശംസകൾ നേർന്നു. എസ്ബി-അസംപ്ഷൻ ഗായകസംഘം കരോൾ ഗാനങ്ങൾ ആലപിച്ചു. ഗ്രേയ്സ്, ബെറ്റ്സി, ക്ലെയർ, ഹന്ന, ഇമെൽഡ ചെറുനിലം എന്നിവരുടെ സംഗീത-നൃത്ത പരിപാടികൾ ചടങ്ങിനെ ആസ്വാദ്യകരമാക്കി.

ചങ്ങനാശേരി സഹായമെത്രാൻ മാർ തോമസ് തറയിൽ, അസോസിയേഷന്റെ രക്ഷാധികാരി റവ.ഡോ. ജോർജ് മഠത്തിപ്പറമ്പിൽ എന്നിവർ ആശംസകളർപ്പിച്ചു. സെക്രട്ടറി തോമസ് ഡിക്രൂസ് നന്ദി പറഞ്ഞു. ഷിബു അഗസ്റ്റിൻ എംസിയായിരുന്നു.

എക്സിക്യൂട്ടീവ് അംഗങ്ങളായ പ്രഫ. ജെയിംസ് ഓലിക്കര, ബോബൻ കളത്തിൽ, ബിജി കൊല്ലാപുരം, ഷിജി ചിറയിൽ, സെബാസ്റ്റ്യൻ വാഴേപറമ്പിൽ, ജോൺ നടയ്ക്കപ്പാടം, ജോസഫ് കാളാശേരി, റെറ്റി കൊല്ലാപുരം, ജോർജ് ഇല്ലിക്കൽ, മനീഷ് തോപ്പിൽ, ആന്റണി പന്തപ്ലാക്കൽ, ജോജോ വെങ്ങാന്തറ, തോമസ് സെബാസ്റ്റ്യൻ എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ക്രിസ്മസ്-പുതുവത്സര ആഘോഷപരിപാടികൾ സ്നേഹവിരുന്നോടു കൂടി സമാപിച്ചു.

വിദ്യാഭ്യാസ രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച വിദ്യാർത്ഥികൾക്കുള്ള അസോസിയേഷന്റെ ഈ വർഷത്തെ അവാർഡ് ദാനച്ചടങ്ങ് അടുത്ത മെയ് മാസത്തിൽ സംഘടിപ്പിക്കും.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.

❑ Enclosing my subscription of $ 54.00 for one year.

❑ Enclosing my subscription of $99.00 for two years.

❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com


കൈരളി ടി. വി.
KAIRALI THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES @INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
Jose Plackatt,
Director - Production
Tel: 972 839 9080
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
American Cafe
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
AMERICAN Focus
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
USA WEEKLY NEWS
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji. Tel: 215 820 2125.
KAIRALI THE MALAYALAM CHANNEL
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS 1 (888) 363-1777
sling മലയാളം
TELEVISION




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**